Reg: No. M. 2689
T. 32.

License No: 427
Dated 14—8—1943.

# മലയാളരാജ്യം

പുസ്തകം ൨൦ | കൊല്ലം ൧൯൪൮ ജൂൺ ൨൧-ാംനു ൧൧൨൩ മിഥുനം ൭-ാംനു തിങ്കളാഴ്ച | ലക്കം ൩൩൧
പേജ് ൧൨ | | ഒറ്റപ്രതി അണ ൨

# ശ്രീജിത് സി. രാജഗോപാലാചാരി

ഗവർണ്ണർജനറലായിരിക്കുന്ന മൗണ്ട്ബാറ്റൻ പ്രഭുവിന്റെ പിൻഗാമിയായി സ്വതന്ത്രഭാരതത്തിന്റെ ഒന്നാമത്തെ ഭാരതീയനായ ഗവർണ്ണർജനറലായി ബഹുമാനപ്പെട്ട സി. രാജഗോപാലാചാരി ഉദ്യോഗം സ്വീകരിക്കുന്നത് ജൂൺ ഇരുപത്തിഒന്നാംതീയതിയാണല്ലോ. ഇന്ത്യയുടെ രാഷ്ട്രീയചരിത്രത്തിലെ ഒരു സുപ്രധാന സംഭവമാണ് ആ നിയമനം. അഗാധമായ പാണ്ഡിത്യം, ഉജ്ജ്വലമായ ദേശീയബോധം, അനിതരസാധാരണമായ ആദർശനിഷ്ഠ, സ്വാർത്ഥതകലരാത്ത പൊതുജനസേവനം, ആദരണീയമായ സ്വഭാവനൈർമ്മല്യം സർവ്വോപരി ആർഷസംസ്കാരത്തിന് അനുഗുണമായ ആദർശം എന്നിവയത്രെ അദ്ദേഹത്തെ ഈ ബഹുമാന്യപദത്തിന് അർഹനാക്കിത്തീർത്തതും. ഇന്ത്യൻയൂണിയൻ മന്ത്രിസഭയുടെ സർവ്വപ്രധാനമായ ഉപദേശകനായി രാജഗോപാലാചാരിയെത്തന്നെ ഇത്തരുണത്തിൽ ലഭിച്ചതും "ഭാവിശ്രേയഃപിശുനശകുനം"തന്നെയാണ്.

പരുക്കൻഖദറിൽ പൊതിഞ്ഞ മെലിഞ്ഞ ശരീരം, മിനുത്തുതെളിഞ്ഞ കഷണ്ടിത്തല, വിശാലമായ ഫാലപ്രദേശം, നീണ്ട നാസിക, കറുത്ത കണ്ണട, അല്പം കുനിഞ്ഞ കഴുത്ത്—ഏതാണ്ടങ്ങിനെ അദ്ദേഹത്തെ ചിത്രീകരിക്കാം. ഒരു സാധാരണക്കാരനെ അദ്ദേഹത്തിന്റെ ബാഹ്യരൂപം അത്ര വളരെ ആകർഷിച്ചില്ലെന്നു വരാം. പക്ഷേ ആ കറുത്ത കണ്ണടയുടെ പിറകെ വർത്തിക്കുന്ന മസ്തിഷ്കം അനന്യസാധാരണമാണ്. രാജാജി കോൺഗ്രസ്സിന്റെ "ബ്രെയിൻട്രസ്റ്റാണ്" നിയമകാര്യങ്ങളിലെ വിവേചനതയാൽ അദ്ദേഹത്തിന്റെ ബുദ്ധിക്ക് വികസനവും തീക്ഷ്ണതയും ലഭിച്ചിട്ടുമുണ്ട്. ജീവിതത്തിന്റെ ലക്ഷ്യപ്രാപ്തിയുടെ ചക്രവാളത്തിലേക്ക് എത്തിച്ചേരുന്നതിനും നേതൃത്വം ലഭിക്കുന്നതിനും സഹായകമായി ഭവിച്ചിട്ടുള്ളതും അദ്ദേഹത്തിന്റെ കുശാഗ്രബുദ്ധി ഒന്നുമാത്രമാണ്.

രാജാജിയുടെ പ്രവൃത്തിയെ അനുകരിക്കാൻ പല രാജ്യതന്ത്രജ്ഞന്മാരും അഭിലഷിക്കുന്നുണ്ടാവാം. എന്നാൽ ആ മഹാന്റെ വ്യക്തിപ്രാഭവമുള്ളവർ എത്രയോ വിരളമാണ്. ഒരുപക്ഷേ രാജാജിയുടെ ദീർഘദൃഷ്ടിയും നയകുശലതയും ലഭിച്ചാൽപോലും അദ്ദേഹത്തിന്റെ അല്പാംശം പ്രവർത്തിക്കുവാൻ അവക്കു സാധിക്കുമോ എന്നും സംശയം. പ്രാദേശികനേതൃത്വത്തിൽനിന്ന് അഖിലേന്ത്യാ നേതൃത്വത്തിലേക്ക് ഉയർന്ന ഒരു നേതാവല്ല രാജാജി. പ്രത്യുത രാഷ്ട്രീയരംഗത്തേക്കു പ്രവേശിച്ചതു മുതൽ അദ്ദേഹം അഖിലേന്ത്യാ പ്രശസ്തി നേടിയിട്ടുള്ള പ്രമുഖനാണ്.

രാജഗോപാലാചാരി 1878-ൽ ഹൊസ്സൂർ ഗ്രാമത്തിനു സമീപമുള്ള തൊറാപ്പള്ളിയിൽ ജാതനായി. സേലം ഡിസ്ട്രിക്ടിലെ ഒരു ചെറിയ ഗ്രാമമത്രെ ഹൊസ്സൂർ. കുലീനതകൊണ്ടും പാരമ്പര്യംകൊണ്ടും പ്രശസ്തിനേടിയിരുന്ന ഒരു വൈഷ്ണവബ്രാഹ്മണകുടുംബത്തിലാണു അദ്ദേഹം ജനിച്ചത്. ഹൊസ്സൂരിലെ വില്ലേജ്മുൻസിഫായിരുന്ന നല്ലൻചക്രവർത്തിയായിരുന്നു അദ്ദേഹത്തിന്റെ പിതാവ്. വിദുഷിയും സൽഗുണസമ്പന്നയുമായ ശിങ്കാരാമ്മാൾ മാതാവും. പുത്രന്റെ ധിഷണാവൈഭവത്തിൽ ആ ദമ്പതികൾ പലപ്പോഴും അഭിമാനംകൊള്ളാറുണ്ടായിരുന്നു രാജാജി ഹൈസ്കൂൾവിദ്യാഭ്യാസം ഹൊസ്സൂറിൽ നിർവ്വഹിച്ചശേഷം കലാശാലാഭ്യസനത്തിനുവേണ്ടി ബാംഗ്ളൂരിലേക്കു പുറപ്പെട്ടു. അദ്ദേഹത്തിന്റെ വിദ്യാർത്ഥിജീവിതവും സംഭവബഹുലമായ ഒന്നുതന്നെയായിരുന്നു. വിജ്ഞാനസമ്പാദനത്തിൽ മാത്രമല്ല കായികാഭ്യാസങ്ങളിലും അദ്ദേഹം പ്രത്യേകം ശ്രദ്ധപതിപ്പിച്ചിരുന്നു. ഒരു മുഹമ്മദീയഗുസ്തിവിദഗ്ദ്ധനിൽനിന്ന് ഗുസ്തിമുറകളും അഭ്യസിച്ചു. ബാംഗ്ളൂരിലെ സെൻട്രൽകാളേജിൽനിന്ന് സയൻസ് ഐച്ഛികമായെടുത്ത് അദ്ദേഹം ബി. ഏ. ബിരുദം നേടുകയും കായികാഭ്യാസത്തിന് "അരണിഃഗാൾഡ്മെഡൽ" ലഭിക്കുകയുമുണ്ടായി. ബാംഗ്ളൂരിലെ താമസക്കാലത്ത് കന്നട ഭാഷയും അദ്ദേഹത്തിനു വശമായി. ബി. ഏ. ജയിച്ചതിനുശേഷം മദ്രാസിൽപോയി നിയമബിരുദവും സമ്പാദിച്ചു. വിദ്യാർത്ഥിയായിരിക്കുമ്പോൾതന്നെ രാജാജിക്ക് തർക്കത്തിലും വിവാദത്തിലും താല്പര്യമുണ്ടായിരുന്നു.

അദ്ദേഹത്തിന്റെ വിദ്യാർത്ഥിജീവിതത്തിലെ രസകരമായ ഒരു സംഭവം പറയാം. അദ്ദേഹം മദ്രാസിൽ താമസിച്ചുകൊണ്ടിരുന്ന ഹോസ്റ്റലിൽ ഒരുദിവസം സ്വാമി വിവേകാനന്ദൻ സന്ദർശനം നടത്തുകയുണ്ടായി. സ്വാമിജി ഹോസ്റ്റലിലെ അന്തേവാസികളുമായി സംഭാഷണത്തിൽ ഏർപ്പെട്ടിരിക്കുമ്പോൾ ഭിത്തിയിൽ തൂക്കിയിരുന്ന ഒരു ശ്രീകൃഷ്ണന്റെ ചിത്രം ദർശിക്കുന്നതിനിടയായി. വിവേകാനന്ദൻ കൃഷ്ണന്റെ ചിത്രത്തിന് നീലനിറം കൊടുത്തിരിക്കുന്നതിൽ പ്രത്യേകഉദ്ദേശം വല്ലതുമുണ്ടോ എന്ന് വിദ്യാർത്ഥികളോടു ചോദിച്ചു. ഉത്തരക്ഷണത്തിൽ രാജാജി കൊടുത്ത മറുപടി ഇതായിരുന്നു. "ആകാശത്തിന്റെയും അംബുധിയുടേയും വർണ്ണം നീലമാണ്. നീലവർണ്ണം അനന്തവും അമേയവും അജ്ഞേയവുമായ അവസ്ഥാവിശേഷത്തെ പ്രദ്യോതിപ്പിക്കുന്നു. ദൈവത്തിന്റെ പ്രത്യേകതകളും അവതന്നെയാണ്. അപ്പോൾ കൃഷ്ണന്റെ ചിത്രത്തിന് നീലനിറമല്ലാതെ ഏതു വർണ്ണം നൽകാൻ സാധിക്കും?" രാജാജിയുടെ പ്രത്യുത്തരംകേട്ട് വിവേകാനന്ദൻപോലും വിസ്മയസ്തബ്ധനായി.

കഷ്ടിച്ച് ഇരുപതുവയസ്സ് പ്രായമുള്ളപ്പോൾ സി. ആർ. സേലത്ത് ഒരു അഭിഭാഷകനായി പ്രാക്ടീസ് ആരംഭിച്ചു. ചുരുങ്ങിയ കാലഘട്ടത്തിനുള്ളിൽ അദ്ദേഹം ബാറിലെ ഒന്നാംകിടയിലുള്ള ഒരു ക്രിമിനൽവക്കീലായിത്തീർന്നു. വക്കീൽവൃത്തിയിലിരിക്കുമ്പോൾതന്നെ അദ്ദേഹം സാമൂഹ്യവും രാഷ്ട്രീയവും സാംസ്കാരികവുമായ പ്രവർത്തനങ്ങളിൽ സജീവമായി പങ്കെടുത്തിരുന്നു. സേലം ബാങ്ക്, സേലം കാളേജ്, മേഃസോണിക്ക്സൊസൈററി, സേലം മുനിസിപ്പാലിററി മുതലായ സ്ഥാപനങ്ങളുമായി സി. ആർ. അഭേദ്യബന്ധം പുലർത്തിയിരുന്നു. അധികം താമസിയാതെ സി. ആറിനെ മുനിസിപ്പൽചെയർമാനായി തിരഞ്ഞെടുക്കുകയും നഗരത്തിന്റെ സർവ്വതോമുഖമായ പുനരുദ്ധാരണത്തിനുവേണ്ടി അദ്ദേഹം പല പ്രായോഗികപദ്ധതികളും സ്വീകരിക്കുകയുംചെയ്തു. മുനിസിപ്പൽസർവ്വീസിൽ ആദ്യമായി ഹരിജനങ്ങളെ പ്രവേശിപ്പിച്ചതും അദ്ദേഹമായിരുന്നു.

പരേതനായ കെ. ജി. വെങ്കിട്ടസുബ്ബയ്യായും രാജാജിയും മററു ചില സമുദായപരിഷ്കാരികളും ചേർന്നു സേലത്ത് ഒരു "സോഷ്യൽറിഫാംസ് ലീഗ്" സ്ഥാപിക്കുകയുണ്ടായി.

1915-ൽ രാജാജിക്ക് ഒരു കഠിനരോഗം പിടിപെട്ടു. രാജാജി രോഗത്തിൽനിന്ന് രക്ഷപെട്ടെങ്കിലും രോഗശുശ്രൂഷചെയ്തുകൊണ്ടിരുന്ന അദ്ദേഹത്തിന്റെ പ്രിയപത്നിയുടെ ആരോഗ്യം ക്ഷയിക്കുകയും ആ മഹതി മരണമടയുകയും ചെയ്തു. പത്നിയുടെ മരണത്തിനുശേഷം രാജാജി മദ്രാസിൽപോയി പ്രാക്ടീസ് ആരംഭിച്ചു. മദ്രാസിൽവെച്ച് ആനിബെസൻറിന്റെ ഹോംറൂൾ പ്രസ്ഥാനത്തിന് രാജാജിയും പിൻതുണ നൽകിക്കൊണ്ടിരുന്നു

മഹാത്മാഗാന്ധിയുമായുണ്ടായ സന്ദർശനത്തിനുശേഷമാണ് രാജാജിയിൽ വിപ്ലവപരമായ ചില പരിവർത്തനങ്ങൾ സംഭവിച്ചത്. 1919-ൽ ഒരുദിവസം ഹിന്ദു പത്രാധിപരായിരുന്ന കസ്തൂരിരങ്കയ്യങ്കാരുടെ വസതിയിൽ സി. ആർ. ചെന്നപ്പോൾ മഹാത്മജി അവിടെയുണ്ടായിരുന്നു. അന്നുതന്നെ അവർതമ്മിൽ സുദൃഢമായ ഒരു മമതയും

**പെരുന്ന പി. കെ. വാസുദേവൻനായർ**

ജനിച്ചു. അചിരേണ രാജാജി മഹാത്മജിയുടെ ഏററവും വിശ്വസ്തനായ അനുയായിയും ആരാധകനുമായിത്തീർന്നു. രാജാജിയുടെ രണ്ടാമത്തെ മകൾ ശ്രീമതി ലക്ഷ്മിയെ വിവാഹംചെയ്തിരിക്കുന്നതും ഗാന്ധിജിയുടെ ഇളയപുത്രനാണെന്നുള്ള വസ്തുതയും അനുസ്മരിപ്പിച്ചുകൊള്ളട്ടെ!

മഹാത്മജിയുടെ അനുയായിയായിത്തീർന്നതോടുകൂടി രാജാജി കോൺഗ്രസ്സിലെ ഒരു ഉജ്ജ്വലപ്രവർത്തകനായിത്തീർന്നു. കോൺഗ്രസ്സ്പ്രവർത്തകസ

(ശേഷം പന്ത്രണ്ടാംപേജിൽ)

## ആദ്യത്തെ ഭാരതീയ ഗവർണ്ണർജനറൽ

സ്വതന്ത്രഭാരതത്തിന്റെ ഗവർണ്ണർജനറലായി ഒരു ഭാരതീയൻ ആദ്യമായി നിയമിതനാകുന്ന അഭിമാനകരമായ ശുഭമുഹൂർത്തമാണ് ഇന്നേദിവസം (൨൧-൬-൧൯൪൮) രാഷ്ട്രത്തിന്റെ ഈ മഹോന്നതപദത്തിൽ ആരോഹണംചെയ്യിക്കപ്പെട്ട ശ്രീ. സി. രാജഗോപാലാചാരി ത്യാഗം, രാജ്യസ്നേഹം, വീക്ഷണവൈദഗ്ദ്ധ്യം, ദീർഘാവലോകനശക്തി, ബുദ്ധിവൈഭവം, അനുഭവസമ്പത്ത് ഇവകൊണ്ട് ഇൻഡ്യയിൽ ഒന്നാംകിടയിലുള്ള ഒരു രാജ്യനീതിനിപുണനാണ്. ഭാരതത്തിന്റെ ഏകീകൃതവും ഐശ്വര്യപൂർണ്ണവും അഭിമാനകരവുമായ ഭാവിചരിത്രത്തിന്റെ സംവിധാതാവെന്ന നിലയിൽ ഒരു മഹാപുരുഷനായി ആരാധിക്കപ്പെടത്തക്കവണ്ണം ശ്രീ. രാജഗോപാലാചാരിയുടെ തുടർന്നുള്ള കർമ്മപരിപാടികൾ വിജയിക്കുമാറാകട്ടെ.



പഞ്ചാംഗക്കുഴപ്പം എന്ന തലക്കെട്ടിൽ കഴിഞ്ഞ ഇടവം ൧൨-ാം തീയതിയിലെ മലയാളരാജ്യം ആഴ്ചപ്പതിപ്പിൽ പ്രസിദ്ധപ്പെടുത്തിയ മി: നല്ലൂർ പരമേശ്വരൻ പിള്ളയുടെ ലേഖനം, പൊതുജനമദ്ധ്യത്തിൽ വളരെ തെറ്റായ ചില ധാരണകൾക്ക് ഇടയാക്കുന്നതാകയാൽ ഈ ലേഖനം എഴുതുന്നതാണ്. ൧൧൨൦-മാണ്ടിനു ശേഷം ഇവിടെ നേരിട്ടിരിക്കുന്ന പഞ്ചാംഗക്കുഴപ്പങ്ങളുടെ കാരണവും അതിന്റെ പരിഹാരമാർഗ്ഗവും പൊതുജനങ്ങളുടെ ശ്രദ്ധാപൂർവ്വമായ പരിചിന്തനത്തിനു വിധേയമാകേണ്ടതാകുന്നു.

അനേകശതാബ്ദമായി കേരളത്തിലെ പഞ്ചാംഗഗണിതക്കാർ സ്വീകരിച്ചുവരുന്ന ദൃഗ്ഗണിതം സൂക്ഷ്മമല്ലെന്നു രണ്ടുമൂന്നു തലമുറകൾക്കുമുമ്പുമുതൽ നിരീക്ഷകന്മാർക്കു ബോദ്ധ്യമായതിനുശേഷം നമ്മുടെ ഗണിതശാസ്ത്രം പരിഷ്ക്കരിക്കേണ്ടതു അത്യാവശ്യമാണെന്നു പലരും അഭിപ്രായപ്പെട്ടുകൊണ്ടിരുന്നു. പലപ്രകാരത്തിലും കേരളീയർക്കു അവിസ്മരണീയനും പണ്ഡിതവരേണ്യനുമായിരുന്ന എ. ആർ. രാജരാജവർമ്മകോയിത്തമ്പുരാനവർകൾ ഈ വിഷയത്തെക്കുറിച്ചു പ്രസ്താവിച്ചിട്ടുള്ളതു നോക്കുക:—

'അസ്ത്യേവ കരണഗ്രന്ഥനിർമ്മാണേ ഗണേശാദീനാം മൂലതത്വാനാം പരിഷ്കരണസ്യാവശ്യകതാ. ഭഗണാദയോ ഹി യന്ത്രവേധൈരസകൃത് പരീക്ഷ്യ സമ്പാദിതാ അപി സ്ഥൂലസംഖ്യാഭിരുപകല്പ്യന്തേ. തത്ര ച സമീക്ഷണവൈകല്യാത് സാവയവതയാ ദീർഘദീർഘാണാം സംഖ്യാനാം ഹരണവശ്യാൽ നിശ്ശേഷതാവിരഹേണ ആസന്നഫലസ്യൈവ ഗ്രാഹ്യതയാ ച ക്ഷുദ്രാണി സ്ഖലിതാനി അവജ്ഞനീയാന്യാപതന്തി. ഏതാനി ച ഗച്ഛതി കാലേ ഗുണനേനോപചിതാനി അക്ഷുദ്രാണി ഭവന്തി.'

ബ്രഹ്മശ്രീ പുരാണനടേരി മുതലായവരും ദൃഗ്ഗണിതത്തിന്റെ അസൂക്ഷ്മത ബോദ്ധ്യപ്പെട്ടു ഗണിതശാസ്ത്രപരിഷ്കാരം അത്യാവശ്യമാണെന്നു സമർത്ഥിക്കുകയും അതിനുവേണ്ടി യത്നിക്കുകയും ചെയ്തിട്ടുണ്ട്. ദൃഗ്ഗണിത നിർമ്മാണശേഷം ഗണിതശാസ്ത്രത്തെ ശരിയായി പരിശോധിച്ചു പരിഷ്ക്കരിച്ച കേതകീയ ഗണിതം സൂക്ഷ്മഗണനത്തിനു ഉതകുന്നതാണെങ്കിലും, സാധാരണന്മാർക്കു ദുർഗ്രഹവും ദുർഗ്ഗമവുമായതിനാൽ വേണ്ടത്ര പ്രചാരം ലഭിച്ചില്ല. ഈ അടുത്ത കാലത്തു ജി. ടി. രംഗൻ (മദ്രാസ്) ഗണിതശാസ്ത്രത്തെ പരിഷ്ക്കരിച്ചു സൂക്ഷ്മപ്പെടുത്തുകയും ഒരു പുതിയ ഗണിതപദ്ധതി നിർമ്മിക്കുകയും ചെയ്തു. എന്നാൽ, കേരളീയരുടെ ഗണിതരീതിയുമായി വളരെ വ്യത്യസ്തമായതുകൊണ്ടു അതും കേരളീയഗണകന്മാർക്കു സ്വീകാര്യമായി ഭവിച്ചില്ല.

കാലാതിപാതത്താൽ ഗണിതശാസ്ത്രത്തിൽ സാരമായ വ്യത്യാസങ്ങൾ സംഭവിക്കുമെന്നും അതതു കാലത്തു അതു പരിശോധിച്ചു സൂക്ഷ്മപ്പെടുത്തിക്കൊള്ളണമെന്നും ഭാരതീയ ഗണിത ശാസ്ത്രത്തിലെ സിദ്ധാന്തഗ്രന്ഥങ്ങൾ തന്നെ നിർദ്ദേശിച്ചിട്ടുള്ളതാകുന്നു.

'യസ്മിൻ പക്ഷേ യത്ര കാലേ
യേന ദൃഗ്ഗണിതൈക്യകം
ദൃശ്യതേ തേന പക്ഷേണ
കുര്യാത് തിഥ്യാദിനിർണ്ണയം'
വസിഷ്ഠസിദ്ധാന്തം

യുഗേ യുഗേ മഹർഷീണാം
യദുക്തം ജ്ഞാനമുത്തമം
യുഗാന്താപരിവർത്തേന
കാലഭേദോത്ര കേവലം
സംസാധ്യസ്പഷ്ടതരം ബീജം
നളികാദിയന്ത്രേഭ്യഃ
തത് സംസ്കൃതാസ്സ്യുസ്സവേ
പക്ഷാഃ സാമ്യം ഭജന്ത്യുവ
സൂര്യസിദ്ധാന്തം

ധ്യാനഗ്രഹോപദേശാത്
ബീജം ജ്ഞാത്വാ ...
തത്സംസ്കൃതഗ്രഹേഭ്യഃ
കർത്തവ്യൗ നിർണ്ണയാദേശൗ
ബ്രഹ്മസിദ്ധാന്തം

എന്നാണീ നിർദ്ദേശങ്ങളുടെ ഉദ്ദേശം. ഗണിതശാസ്ത്രത്തിനു കാലാതിപാതത്താൽ സാരമായ വ്യത്യാസങ്ങൾ വരുമെന്നു ശാസ്ത്രനിർമ്മാതാക്കൾ തന്നെ മനസ്സിലാക്കിയിരുന്നു. അതുകൊണ്ടു ഗണിതശാസ്ത്രത്തെ അതതുകാലത്തേക്കു സൂക്ഷ്മീകരിച്ചു കൊള്ളണമെന്നും അ-

# പഞ്ചാംഗക്കുഴപ്പം

പ്രൊഫ: കെ. സി. കേശവൻ

ങ്ങനെ ചെയ്യാതിരുന്നാൽ ഗണിതം അസൂക്ഷ്മമായിത്തീരുമെന്നും അവ ഉപദേശിച്ചു. ഈ നിർദ്ദേശത്തിന്റെ യാഥാർത്ഥ്യത്തെ മനസ്സിലാക്കി സൂര്യസിദ്ധാന്തത്തിനുശേഷം കലിവർഷം ൩൬൦൦-ാമാണ്ടിടയ്ക്കു ഗണിതശാസ്ത്രത്തെ സൂക്ഷ്മപ്പെടുത്തി നിർമ്മിച്ച ഒരു കരണഗ്രന്ഥമാണ് ആര്യഭടീയം. ഇടയ്ക്കിടെ തത്കാലസൂക്ഷ്മത വരുത്തിക്കൊണ്ടു പഞ്ചസിദ്ധാന്തിക, ബ്രഹ്മസ്ഫുടസിദ്ധാന്തം, സിദ്ധാന്തശിരോമണി, സിദ്ധാന്തസാർവ്വഭൗമം, ഗ്രഹകൗതുകം, ഗ്രഹലാഘവം, മുതലായ അനേകം ഗണിതഗ്രന്ഥങ്ങൾ ഓരോ കാലത്തു നൂതനമായി ഉണ്ടായിട്ടുണ്ട്.

ഇതിൽനിന്നെല്ലാം എന്താണു നമുക്കു മനസ്സിലാക്കുവാൻ കഴിയുന്നത്? കാലാതിപാതത്താൽ ഗണിതശാസ്ത്രത്തിൽ കാര്യമായ ഭേദഗതികൾ ചെയ്യേണ്ടതുണ്ടെന്നും നമ്മുടെ പൂർവ്വികാചാര്യന്മാർ അതു മനസ്സിലാക്കി അതതുകാലങ്ങളിൽ ഗണിതശാസ്ത്രത്തെ സൂക്ഷ്മപ്പെടുത്തിക്കൊണ്ടിരുന്നു എന്നുമാണല്ലോ. ഇങ്ങനെ ഏതാണ്ട് ൧൪൦൦ വർഷങ്ങൾക്കുമുമ്പു സൂക്ഷ്മീകരിച്ച ഗണിതപദ്ധതിയത്രെ നമ്മുടെ പരഹിതസമ്പ്രദായം. ഇതു അസൂക്ഷ്മമെന്നു ബോദ്ധ്യപ്പെട്ടപ്പോൾ കൊല്ലവർഷം ൬൦൦-ാമാണ്ടിടയ്ക്കു—അതായതു ൫൦൦ വർഷങ്ങൾക്കു മുമ്പു—നവീകരിച്ച ഗണിതപദ്ധതിയാണു ഇന്നു കേരളത്തിൽ നടപ്പിലിരിക്കുന്നതും ഇനിയും പ്രചരിപ്പിക്കുവാൻ ഗവർമ്മെന്റിനോടു മി: പരമേശ്വരൻപിള്ള ആവശ്യപ്പെടുന്നതുമായ ദൃഗ്ഗണിതം.

ദൃഗ്ഗണിതപദ്ധതി ഇപ്പോൾ സൂക്ഷ്മമല്ലെന്നു ഗണിതശാസ്ത്രജ്ഞന്മാർക്കെല്ലാം ബോദ്ധ്യമായിത്തീർന്നിട്ടുണ്ട്. കഴിഞ്ഞ മേടം ൨-ാംനു-യിലെ സൂര്യഗ്രഹണത്തെന്നെ ദൃഗ്ഗണിതവുമായി 28½ മിനിട്ടു വ്യത്യാസപ്പെട്ടു കണ്ടു. കേരളത്തിലെ ആധുനിക ഗണിതശാസ്ത്രജ്ഞന്മാരിൽ പ്രമുഖരായ മെ: പി. കെ. കോര എം. എ. എൽ. റ്റി, പുലിയൂർ, പുരുഷോത്തമൻ നമ്പൂതിരി, എം. എസ്സ്. ശ്രീനിവാസശാസ്ത്രികൾ, പി. യു. കൃഷ്ണവാര്യർ, കാണിപ്പയ്യൂർ ശങ്കരൻനമ്പൂതിരിപ്പാട്, മുതലായവരും ദൃഗ്ഗണിതം സൂക്ഷ്മമല്ലെന്നു ഖണ്ഡിതമായി പ്രസ്താവിച്ചുകഴിഞ്ഞിരിക്കുന്നു. ഇതിൽനിന്നെല്ലാം മനസ്സിലാക്കേണ്ടിയിരിക്കുന്നതു് കേരളത്തിലെ ഗവർമ്മെന്റുപഞ്ചാംഗങ്ങളും യോഗക്ഷേമവും മറ്റും ഗണിച്ചുവരുന്ന ദൃഗ്ഗണിതം അസൂക്ഷ്മമാണെന്നാകുന്നു.

കേരളത്തിലെ ഗണിതശാസ്ത്രം ഇങ്ങനെ പരിഷ്കരിക്കപ്പെടേണ്ടതായി ഇരിക്കുമ്പോഴാണ് ശ്രീ: പി. എസ്സ്. പുരുഷോത്തമൻ നമ്പൂതിരി അവർകൾ ഗണിതനിർണ്ണയം എന്ന പേരിൽ പുതിയ ഒരു ഗണിതപദ്ധതി നിർമ്മിച്ചത്. ഒരു പണ്ഡിതസമിതി അതിനെ വേണ്ടവിധം പരിശോധിച്ചു അംഗീകരിക്കുകയോ ഗവർമ്മെന്റുകളുടെ അനുമതി ലഭിക്കുകയോ ചെയ്യുന്നതിനു മുമ്പുതന്നെ അദ്ദേഹം ആ പദ്ധതിയനുസരിച്ചു പഞ്ചാംഗം ഗണിക്കുവാൻ ഇടയായി. പഞ്ചാംഗപ്രചരണവിഷയത്തിൽ മുൻകൂട്ടി തന്നെ അദ്ദേഹം സമ്പാദിച്ചിരുന്ന സ്വാധീനശക്തിമൂലം പുതിയ ഗണിതം വേണ്ടത്ര പ്രചരിപ്പിക്കുവാനും അദ്ദേഹത്തിനു കഴിഞ്ഞു. അന്നുമുതൽ കേരളത്തിൽ രണ്ടുതരം പഞ്ചാംഗങ്ങൾ പ്രസിദ്ധപ്പെട്ടുതുടങ്ങി. നമ്മുടെ പഞ്ചാംഗക്കുഴപ്പത്തിന്റെ കാരണമിതാണ്.

൧൧൧൬ മുതൽ രണ്ടുമൂന്നു കൊല്ലം ഈ കുഴപ്പം തുടരെ കാണുകയും അതുമൂലം പൊതുജനമദ്ധ്യത്തിൽ പലവിധത്തിലുള്ള വൈഷമ്യങ്ങൾ ദൃശ്യമാകയും ചെയ്തപ്പോൾ ഈ വിഷയത്തിൽ ഒരു വിധി എഴുതുവാൻ ജ്യോത്സ്യന്മാരുടെ ഒരു പരിഷത്തു ആവശ്യമാണെന്നു തോന്നി. അങ്ങനെ ൧൧൨൦ തുലാമാസത്തിൽ ആലപ്പുഴവച്ചു സമസ്തകേരള ജ്യോതിഷപരിഷത്തു ആദ്യമായി സമ്മേളിക്കപ്പെട്ടു. പരിഷത്തു ഗണിതനിർണ്ണയം പരിശോധിക്കുവാൻ ഒരു പണ്ഡിതസമിതിയെ ചുമതലപ്പെടുത്തി. സമിതി അർഹിക്കുന്ന ഗൗരവത്തോടും സൂക്ഷ്മതയോടുംകൂടി ഗണിതനിർണ്ണയത്തെ പരിശോധിച്ചു ൧൧൨൧ മീനമാസത്തിൽ ശരിയായ ഒരു റിപ്പോർട്ടു സമർപ്പിച്ചു. പരിഷത്തിന്റെ സാമ്പത്തികമായ ദൗർബ്ബല്യതയും ഗവർമ്മെന്റുകളുടെ ആനുകൂല്യമില്ലായ്മയുംകൊണ്ടു പരിഷത്തിന്റെ പ്രവർത്തനങ്ങൾക്കും തീരുമാനങ്ങൾക്കും വളരെ കാലതാമസവും മറ്റും വന്നിട്ടുണ്ട്. എങ്കിലും ൧൧൨൨ മേടമാസത്തിൽ മാവേലിക്കരവച്ചു ഗണിതനിർണ്ണയകർത്താവിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന പരിഷദ്വാർഷികത്തിൽ പരിശോധകകമ്മിറ്റിയുടെ പ്രതിനിധിയായി മി: കോരയും സന്നിഹിതനായിരുന്നു. ഗണിതനിർണ്ണയത്തിൽ അവശ്യം ഭേദഗതി ചെയ്യേണ്ടുന്ന വിഷയങ്ങളെ മി: കോര വിശദീകരിക്കുകയും, ഗണിതനിർണ്ണയകർത്താവിന്റെ അംഗീകരണാനന്തരം ആ ഭേദഗതികൾ ചെയ്യണമെന്നു പരിഷത്തു തീരുമാനിക്കുകയും ചെയ്തു. ഭേദഗതി ചെയ്തു പരിശോധകസമിതിയിൽ പദ്ധതിയെ വീണ്ടും സമർപ്പിക്കുവാനും തീരുമാനിച്ചിട്ടുണ്ട്. അങ്ങനെ സൂക്ഷ്മവും ചിരപ്രതീക്ഷിതവുമായ ഒരു ഗണിതപദ്ധതി കേരളീയർക്കു കരഗതമാകാൻപോകുന്ന ഈ അവസരത്തിൽ മി: പരമേശ്വരൻപിള്ളയുടെ ഈ അഭിപ്രായം അജ്ഞതകൊണ്ടല്ലെങ്കിൽ, യാഥാസ്ഥിതികമായ പക്ഷപാതബുദ്ധികൊണ്ടാണെന്നു വ്യക്തമാണല്ലോ. കേരളത്തിലെ ഗവർമ്മെന്റുകളും പൊതുജനങ്ങളും പരിഷത്തിനു വേണ്ട സഹായങ്ങൾ ചെയ്തുകൊണ്ടു പ്രവർത്തനത്തെ ഊർജ്ജസ്വലമാക്കുകയാണു് വേണ്ടതു്.

മി: പരമേശ്വരൻപിള്ള തന്റെ ലേഖനത്തിൽ പറയുന്നു:—"കഴിഞ്ഞമേടമാസം ൧൨-ാംനു- ഒരു ചന്ദ്രഗ്രഹണമുണ്ടായിരുന്നതു് തിരുവിതാംകൂറിലെ മിക്ക പഞ്ചാംഗങ്ങളിലും പ്രസിദ്ധീകരിച്ചുകണ്ടില്ല. ഗണിതനിർണ്ണയപദ്ധതിയനുസരിച്ചു് അന്നേദിവസം ഗ്രഹണം ദൃശ്യമല്ലെന്നാണു ന്യായം. ഇപ്രകാരം സ്ഥൂലദൃഷ്ടിക്കു ഗോചരമായ ഗ്രഹണം മുതലായതു് ശരിക്കു നി

(ശേഷം പതിനൊന്നാംപേജിൽ)



മാർഷൽപദ്ധതി ബിൽ ഒപ്പുവയ്ക്കുന്നു—മാർഷൽപദ്ധതി എന്നറിയപ്പെടുന്ന വിദേശധനസഹായബില്ലിൽ പ്രസിഡന്റു ട്രൂമാൻ ഒപ്പുവയ്ക്കുന്നരംഗം ആധുനികലോകചരിത്രത്തിലെ ഒരു മഹൽസംഭവത്തെ കുറിക്കുന്നു. സമാധാനത്തിനുള്ള ശ്രമങ്ങൾക്കെതിരായി ചെയ്യപ്പെടുന്ന ദുഷ്ടമായ കുപ്രചരണങ്ങൾക്കും സ്വതന്ത്രമായി ലോകത്തോടുള്ള ആഹ്വാനത്തിനും അമേരിക്ക നൽകുന്ന മറുപടയാണ് 1524 മില്യൺ പവന്റെ ധനസഹായമെന്നു ട്രൂമാൻ പ്രസ്താവിക്കുകയുണ്ടായി. ആദ്യവർഷത്തിൽ മാർഷൽപദ്ധതിപ്രകാരം ബ്രിട്ടന് 650,000.000 പവൻവിലയുള്ള സാധനങ്ങൾ—ഭക്ഷ്യസാധനങ്ങൾ, പഞ്ഞി, പുകയില, യന്ത്രസാമഗ്രികൾ—ലഭിക്കുന്നതാണെന്നു കാണുന്നു. ചിത്രത്തിൽ വാഷിംഗ്ടനിൽ പ്രസിഡന്റിന്റെ വസതിയായ വൈറ്റ്ഹൗസിൽവച്ചു് ബില്ലിൽ ട്രൂമാൻ ഒപ്പുവയ്ക്കുന്നു. ഇടത്തുനിന്നു്: സെനറ്റ് പ്രസിഡന്റ് ആർതർവാൻഡൻബർഗ്ഗ്, ട്രഷറി സെക്രട്ടറി ജോൺ സ്നൈഡർ, വിദേശകാര്യകമ്മിറ്റി ചെയർമാൻ ചാൾസ് ഈറ്റൺ, സെനറ്റംഗം ടോം കോണാലി, ആഭ്യന്തരകാര്യമന്ത്രി ജെ. എ. ക്രൂഗ്, സ്പീക്കർ ജോസഫ് മാർട്ടിൻ, സഭാംഗം സോൾ ബ്ലൂം, കൃഷിവകുപ്പു സെക്രട്ടറി.

ചെറുകഥ

# നർത്തകി

ചവറ ജനാർദ്ദനൻപിള്ള

ഗന്ധർവ്വൻ്റെ ശ്രുതിമാധുര്യത്തിൽ നർത്തകിയുടെ ചലനഭംഗികളും ഇണങ്ങിച്ചേരുക, ആ ലളിതസമ്മേളനം ആസ്വദിക്കേണ്ടതാണ്. മണികിലുങ്ങിയപ്പോഴും പശ്ചാത്തലസംഗീതം മുഴങ്ങിയപ്പോഴും പട്ടുതിരശ്ശീല നീങ്ങിയപ്പോഴും രംഗവാസികളുടെ പരസ്പരം ഇരുന്ന നയനങ്ങൾ ഒന്നാകെ അവളിൽ പതിച്ചതിനായിരുന്നു.

അവൾ രാധാംഗണം ആടി. മേനകയായി നൃത്തംചെയ്തു. ബംഗാളനൃത്തം, മർഡാറീനൃത്തം എല്ലാം കാണിച്ചു. ആ പൂവൽമേനിയുടെ ഓരോ ചലനവും കലാഭംഗി നിറഞ്ഞതായിരുന്നു. ആയാസരഹിതമായി ഉയർന്ന ഗാനം ആരുടെ ആത്മാവിലും കോൾമയിർക്കൊള്ളിച്ചു.

എല്ലാററിലും അവാച്യമായ ഒരു രസം ശരച്ചന്ദ്രൻ്റെ കവിഹൃദയത്തിനനുഭവമായി. വികസിച്ചുവരുന്ന കലാസമ്പത്തിൻ്റെ സ്ഫുരണങ്ങൾ.

നൃത്തപരിപാടിയുടെ അവസാനത്തിൽ അയാൾ അണിയറയിലേക്ക കയറിച്ചെന്നു. ഒരു മഹൽകൃത്യം നിർവ്വഹിക്കാനെന്ന ഭാവത്തോടുള്ള ധൈര്യമുണ്ടയാൾക്ക്. വമ്പിച്ച പ്രചരണങ്ങളോടെ നടത്തപ്പെട്ട പല നർത്തനങ്ങളും കണ്ടിരുന്നുവെങ്കിലും അതൊന്നും ശരച്ചന്ദ്രനിതു ചെയ്തിരുന്നില്ല. അയാളുടെ പ്രസിദ്ധഗാനങ്ങൾ മററു പലരും പാടി കേട്ടിരുന്നുവെങ്കിലും അതൊന്നും അയാൾക്കിത്ര ഇമ്പം തോന്നിയിരുന്നില്ല. ആ ഗാനങ്ങൾക്ക് അത്ഭുതമായ ഒരു കഴിവുണ്ടായി. അവിടെ-അണിയറയിൽ-അയാൾ നർത്തകിയെ അന്വേഷിച്ചു. രണ്ടുമൂന്നു സ്വയംകാമുകന്മാരുടെ സമീപം അവൾ ഒരു കസേരയിൽ ഇരിക്കുന്നു. ഒരാൾ അവളുടെ ചരിത്രം രഹസ്യമായി അയാളെ പറഞ്ഞുകേൾപ്പിച്ചു: രംഗങ്ങളുകണ്ട കലാകാരിയിൽനിന്നും വ്യത്യസ്തമായി ശരച്ചന്ദ്രനവളെ കണ്ടു. എന്ത്? അവൾക്കിങ്ങനെ നിന്ദ്യവൃത്തികളുമുണ്ടോ? ശരച്ചന്ദ്രൻ നിരാശയോടെ തിരിച്ചുപോന്നു.

അയാൾക്കവളുടെ നൃത്തം കാണാതിരിക്കവയ്യാ. അവളുടെ നൃത്തങ്ങൾ പിന്നീടു കണ്ടിട്ടുമുണ്ട്. പക്ഷേ ആ സന്ദർഭങ്ങളിലെല്ലാം ആ ലോലഹൃദയം നൊമ്പരപ്പെട്ടുകൂടിച്ചെയ്തിരുന്നു

"മിസ്സ് രേണുകേ, നീ ഒരു യഥാർത്ഥ നർത്തകിയാണ്. നീ അതിനുവേണ്ടിപ്പിറന്നവളാണ്......ഒരു വസ്തുവ-ഒരു രഹസ്യം-നീ ധരിക്കുന്നുണ്ടോ? നർത്തകിയുടെ അംഗചലനങ്ങൾ മോഹനതരമാകുന്നതു അതിൻ്റെ അപ്രാപ്യതയിലാണ്. നർത്തകി എന്നും ആ സഹൃദയർനിന്നും അകന്ന് ആരുടെയും പ്രശംസയും പ്രതീക്ഷയും മാത്രം പാത്രമായി നിൽക്കണം. അവളുടെ യൗവനം നശിച്ചാൽ അംഗങ്ങളുടെ ഉടപ്പു മാറുന്നതാൽ പിന്നവൾക്കു വിലയില്ല. ആ അംഗങ്ങളുടെ ചലനത്തിൽ കലയില്ല."

— ഒരു രാത്രി നർത്തനം കഴിഞ്ഞു വന്നപ്പോൾ ശരച്ചന്ദ്രൻ ചിന്തിച്ചുപോയി. ഒടുവിൽ അയാൾ ഒരു നിശ്ചയത്തിലെത്തിച്ചേർന്നു:—

"ഞാൻ നിന്നെ ഒരു കലാകാരിയാക്കും. അനേകവിദ്യൂന്നിടവരാത്ത ആരാധിപ്പവൻവേണ്ടിമാത്രം നിൻ്റെ ശരീരത്തെ ഞാൻ സൂക്ഷിക്കും."

അന്നു നൃത്തമവസാനിച്ചപ്പോൾ ശരച്ചന്ദ്രൻ അണിയറയിൽ കയറിച്ചെന്നു. മാദകമായ കടാക്ഷത്തോടെ—വശീകരണസമർത്ഥമായ പുഞ്ചിരിയോടെ—രേണുക ആ യുവാവിനെ സ്വീകരിച്ചു. അവർ അന്യോന്യം പരിചയപ്പെട്ടു.

"നർത്തകിയുടെ മഹത്വം നിലനിൽക്കുന്നതു എന്തിലാണ്?"

അയാൾ ചോദിച്ചു.

"അവളുടെ നിത്യയൗവനത്തിൽ"

അവൾ ഉടനുത്തരം കൊടുത്തു

"പിന്നെ, ഈ നടപടികൾ?"...

"ഓഹോ! അങ്ങേയ്ക്കറിയാം.?" അവൾ പുരികം ചുളിച്ചുകൊണ്ടു ചോദിച്ചു.

"അതേ മിസ്സ് രേണുകേ, എനിക്കറിയാം. ഞാൻ നിന്നിലുള്ള കലാകാരിയെ അതിരററാരാധിക്കുന്നു."

"എന്നെയോ?"

"നിന്നെ ബഹുമാനിക്കുന്നു. ആ കലാകാരിയുടെ നിവാസസ്ഥാനമെന്ന നിലയിൽ."

'അങ്ങനെ ഒരു പുരുഷനുണ്ടോ.?' 'ഉണ്ട്. നിനക്കു കാണാൻ കഴിഞ്ഞിട്ടില്ല'.

അയാൾ അഭിമാനപൂർവ്വം ഉച്ചരിച്ചു. അവൾ തുടർന്നു.

'ഞാനതു മനസ്സിലാക്കിയിരുന്നു. പക്ഷേ, എനിക്കിതിൽനിന്നും അതീതമായ ഒരു ജീവിതമറിഞ്ഞുകൂടാ. ഞാൻ വളരേ ഏറെ പുരുഷന്മാരാൽപ്പെട്ട ലോകത്തിലാണ്.'

അല്പസമയത്തേക്ക ഒരു നിശ്ശബ്ദത അവിടെ പരന്നുവീണു.

'നിനക്കൊരു യഥാർത്ഥകലാകാരിയായി—നർത്തകിയായി തുടരാൻ ആഗ്രഹമുണ്ടോ?' ശരച്ചന്ദ്രൻ ചോദിച്ചു. ആ സ്വരം ഒരു നിശ്ചയാത്മകമായിരുന്നു.

'തീർച്ചയായും.'

* * *

അടുത്ത പ്രഭാതത്തിൽ നർത്തകി മിസ്സ് രേണുകയുടെ വിവാഹം ഒരു വിശേഷവാർത്തയായിരുന്നു. മിസ്സിസ്സ് രേണുകശരച്ചന്ദ്രൻ എന്നവൾ അറിയപ്പെട്ടു. ഒരു പുതുമ അവളുടെ ജീവിതത്തിനു നിറപ്പകിട്ടു നൽകി. നർത്തകി ഭാര്യയായി. കുടുംബജീവിതത്തിൻ്റെ ഇടുങ്ങിയഭിത്തികൾക്കുള്ളിലേക്ക മറയാനല്ല, കലാസുന്ദരവും ആനന്ദവികസ്വരവുമായ നൃത്തവേദികയിലേക്ക പൂർവ്വാധികം ആകർഷകമായി അധിരോഹണംചെയ്യാൻ. ശരച്ചന്ദ്രൻ്റെ ഗാനങ്ങൾ മാററൊലിയായിത്തീർന്നു. എല്ലാ ചുണ്ടിലും അവ ലയിച്ചുകഴിഞ്ഞു. അവർ ദമ്പതികൾ. അങ്ങനെ പ്രശംസിക്കപ്പെട്ടു. ആ ദാമ്പത്യം അസൂയാർഹമായിരുന്നു.

ശരച്ചന്ദ്രൻ്റെ കവിതാവാസന തഴച്ചുയർന്നു. അവൾ അയാൾക്ക പ്രചോദനം നൽകി. രേണുകയുടെ ശ്യാമളാപാംഗത്തിൽ അയാളുടെ ഭാവന ചിറകുവിടർത്തി. രേണുകയുടെ അംഗചലനങ്ങളിൽ അയാൾ കവിത നുകർന്നു.

പക്ഷേ, അതിൽക്കവിഞ്ഞു ശാരീരികബന്ധത്തിലേക്ക ഒരു ഭർത്താവെന്നനിലയിൽ ശരച്ചന്ദ്രൻ്റെ ഹൃദയം വഴിപ്പെട്ടിരുന്നില്ല. അങ്ങനെ അയാളുടെ ജീവിതം ഒരു വ്രതത്തിലേർപ്പെട്ടിരുന്നു. ഒരു സമരത്തിലേർപ്പെട്ടിരുന്നു. ചില ദുർബ്ബലനിമിഷങ്ങൾ അയാളെ കീഴടക്കാൻ ശ്രമിച്ചിട്ടുണ്ട്. അങ്ങനൊരു രാത്രി അയാൾ പതിവില്ലാത്തവിധം രേണുകയുടെ കിടക്കമുറിയുടെ വാതുക്കൽ കടന്നുചെന്നു. ജനാലയിൽക്കൂടി അയാൾ നോക്കി. മങ്ങിയപ്രകാശത്തിൻകീഴിൽ ഗാഢനിദ്രയിൽകിടക്കുന്ന അവളുടെ ഉന്നതമാർവ്വിടം ഉയർന്നു താഴുന്നതു അല്പസമയം ആ ഭർത്താവു നോക്കിനിന്നുപോയി. അകത്തുകയറിയാൽ അവളെ വിളിച്ചുണർത്തിയാലെന്തെന്നു ആ യുവാവിനുതോന്നിപ്പോയി. ഉത്തരക്ഷണത്തിൽ അയാൾ ദൃഢചിത്തനായി.

'അരുതു കലാപോഷണം'

ആ നിശ്ചയത്തിനു അയാൾ തികച്ചും വിധേയനായിരുന്നു.

ഒന്നു ചുംബിച്ചുപോലും ആ പൂവിനെ മലീമസമാക്കിയിട്ടില്ല!

കലാകാരന്മാരെക്കുറിച്ചു ശരച്ചന്ദ്രനൊരു വിശ്വാസമുണ്ട്. കലാകാരന്മാർ വംശത്തിൻ്റെ പുണ്യഫലമായിട്ടാണവതരിക്കാറുള്ളതു്. ഉത്തമകലാകാരന്മാർ എണ്ണത്തിൽ ചുരുക്കമായിരിക്കും. സാക്ഷാൽ സൗന്ദര്യത്തെ ആസ്വദിക്കാനും ആവിഷ്കരിക്കാനും കലാകാരനെക്കൊണ്ടേ കഴിയുകയുള്ളു—ഇങ്ങനെ ആ യുവകവി ചിന്തിച്ചുചിന്തിച്ചിരിക്കും. ചിന്തയുടെ പരകോടി ശോകാത്മകമായിപ്പോകുക സാധാരണമാണ്. ശരച്ചന്ദ്രൻ്റെ ചിന്ത ചെന്നെത്തുന്നതു കലാകാരന്മാരുടെ ദയനീയമായ പശ്ചാത്തലത്തിലാണ്. സ്ത്രീ, കലാകാരിയായാൽ—അതും ഇന്നു നിലവിലിരിക്കുന്നമാതിരിയിലുള്ള നൃത്തനാട്യാദികളായാൽ അവൾ അവളുടെ കലാസമ്പത്തിനെ പുഷ്ടിപ്പെടുത്തുന്നതിനുപകരം കാമവികാരത്തെ വളർത്തി സ്വയം നശിക്കുന്നു! കലാകാരനെ ഉയർത്തുന്ന ചുററുപാടുകൾ ഇന്നും സൃഷ്ടിക്കപ്പെട്ടിട്ടില്ല.

രേണുക ആ മുറിയിലേക്ക കയറിവന്നു. അയാൾ അവളുടെ സാമീപ്യത്തെത്തന്നെ മറന്നിരുന്നു. അവൾ മററു പുരുഷന്മാരുമായി ഇടപെട്ടിട്ടുള്ളവളാണ്. രംഗത്തു മാത്രം ആ ഭർത്താവിനു തൻ്റെ നർത്തകിയായ ഭാര്യയെക്കണ്ടാൽ മതി. അങ്ങനെയായിരുന്നു ദാമ്പത്യം!

'എന്താണിങ്ങനെ ചിന്തിക്കുന്നതു്?'

ഒരു ഭാര്യയുടെ ചോദ്യംതന്നെ ആയിരുന്നു അതു്. ശരച്ചന്ദ്രനതല്ല ഇഷ്ടപ്പെടുന്നതു്. പെട്ടെന്നയാൾ ഓർത്തു സ്ത്രീയ്ക്കു ഭാര്യാത്വം വലുതാണ്.

"രേണുകേ കഴിഞ്ഞദിവസത്തെ രാധാനൃത്തം അതു എന്നത്തേയുംകാൾ നന്നായിരുന്നു."

അയാൾ അവളെ പ്രശംസയിലേക്ക വലിച്ചിഴയ്ക്കുകയായിരുന്നു. അവൾക്കതിൻ്റെ അഭിപ്രായമല്ല അറിയേണ്ടിയിരുന്നതു്. പുരുഷഹൃദയങ്ങളെ പന്താടുവാൻ അവളുടെ കടാക്ഷങ്ങൾക്കു കെൽപുണ്ടെന്നു അവൾ വളരെമുമ്പുതന്നെ അറിഞ്ഞിരുന്നു. അങ്ങനെ മാദകത്വം തിങ്ങുന്ന നർത്തനഭംഗങ്ങൾ ഏററവും തന്മയത്വമാർന്നിരിക്കുമെന്ന അവൾക്കു വിശ്വാസമുണ്ട്. അവയെപ്പററി അഭിപ്രായങ്ങൾ കൂടെക്കൂടെ കേൾക്കുന്നതവൾക്കു രസമാണ്. അവൾ ചോദിച്ചു.

"ആ ഉർവ്വശി എങ്ങനെയിരുന്നു?

"അതും നന്നായിരുന്നു. പക്ഷേ ഇന്ദ്രസദസ്സിലെ വിശ്രുത നർത്തകിയെന്ന മഹത്വം ചിലടത്തു വിസ്മരിച്ചുപോയപോലെ തോന്നി."

അവൾക്കിഷ്ടപ്പെടാത്ത ഒരു സമാധാനമായിരുന്നു അതു്. എങ്കിലുമവൾ തുടർന്നു ചോദിച്ചു.

"ഏതുഭാഗമെന്നു പറയണം."

അതിനൊരു നിശ്ചിത ഉത്തരമില്ല. അതു ചർച്ചചെയ്യപ്പെട്ടുംകൂടാ. ശരച്ചന്ദ്രനതിനമരുപടിപറഞ്ഞതിങ്ങനെയായിരുന്നു.

"ആകട്ടെ, ഇനി ഉർവ്വശി എങ്ങനെയിരിക്കുമെന്നു സൂക്ഷിക്കട്ടെ."

* * *

അന്നവൾക്കൊരു ഗാർഡൻപാർട്ടിയിൽ പങ്കുകൊള്ളേണ്ടിയിരുന്നു. ആ നർത്തകസംഘംമുഴുവൻ ക്ഷണിക്കപ്പെട്ടിരുന്നു. ഇത്തരം സന്ദർഭങ്ങൾ രേണുകയ്ക്കുല്ലാസകരമായിരുന്നു. അവൾ ശരച്ചന്ദ്രനോടഭിപ്രായംചോദിച്ചു.

"ഇന്നു നമുക്ക പാർട്ടിയ്ക്കുപോകേണ്ടേ?"

"എന്തുമവക്കപാർട്ടി!' അല്പം ഈർഷ്യയോടെ ശരച്ചന്ദ്രൻ പറഞ്ഞു.

വേണ്ട ഇന്നു ആ പുതിയ ഗാനമഭ്യസിക്കാമെന്നല്ലേ പറഞ്ഞതു്.

"അതു നാളെയാകാം"

അവൾ ശിരസ്സുവെട്ടിത്തിരിച്ചുകൊണ്ടെഴുന്നേററു. ആ ചുണ്ടുകളിൽ കൃത്രിമമായൊരു പുഞ്ചിരി പരന്നു. ആ കരിമിഴികളിൽ ഒരു മിന്നൽഒളിവീശി. അമ്പോ!, ആ കണ്ണുകൾ എത്ര ആഴമേറിയവയാണ്!!

അന്നത്തെ പാർട്ടിയിൽ ആ ദമ്പതികൾ പങ്കുകൊണ്ടു. ശരച്ചന്ദ്രനതു തീരെ രസിച്ചില്ല. അയാൾ സംശയിച്ചിരുന്നതുപോലെ പാർട്ടി നിശ്ചയിച്ചിരുന്നവർ രേണുകയുടെ മുൻപരിചയക്കാർ ചിലരായിരുന്നു. അതിൻ്റെ വിധാനങ്ങൾ—അവിടെ രേണുകയുടെ അഭിനയങ്ങൾ—എല്ലാം ശരച്ചന്ദ്രനെ വെറുപ്പിച്ചു.

"നീ നിൻ്റെ മുൻനടപടികൾ തുടരുന്നു, അപ്രാപ്യതയിലും അസാധാരണതത്തിലുമാണു നർത്തകിയുടെ മഹത്വം"

അയാൾ അന്നവൾക്ക നിർദ്ദേശം നൽകി.

പിന്നൊരുദിവസം അവൾ 'ബീച്ചി'ൽ പോകാൻ ശരച്ചന്ദ്രനോടാവശ്യപ്പെട്ടു. അന്നയാൾ സമ്മതിച്ചു. പിററന്നുമവർ ബീച്ചിൽപോയി വരുംവഴി അവൾക്ക പലയിടങ്ങളിലും കയറിയാൽ കൊള്ളാമെന്നുണ്ട്.

"അപ്രാപ്യതയിലും അസാധാരണതത്തിലുമാണ് നർത്തകിയുടെ വില"

അയാൾ അതു ഉരുവിട്ടുകൊണ്ടിരിക്കും. ഇപ്പോഴെപ്പോഴും അവൾക്കതു മുഷിവുണ്ടാക്കുന്നു. അയാളുടെ നിയന്ത്രണങ്ങൾ പലതും അവളെ അസഹ്യപ്പെടുത്തുന്നുണ്ട്.

"നീ വിശ്രുതയായ വനികയാണോ അണകേ"

വിശ്രുതയാകുക! അതവൾക്കനുഭവപ്പെട്ടിട്ടുള്ളതാണ്. ലോകം മുഴുവൻ—സ്ത്രീപുരുഷന്മാരുൾപ്പെടെ—യുവതീയുവാക്കന്മാരുൾപ്പെടെ—അവളെ ബഹുമാനിക്കുന്നുണ്ട്. ഒന്നു കാണുവാൻ പാടുപെടുന്നുണ്ട്. പലരും അവളെ പ്രശംസിച്ചു ലേഖനങ്ങളെഴുതിയിട്ടുണ്ട്. അവളുടെ ചിത്രങ്ങൾക്ക പ്രിയമുള്ളതലമാണ്. അവളതിൽ അഭിമാനംകൊണ്ടു.

പല നഗരങ്ങളും, പല മുഖങ്ങളും പല രംഗങ്ങളും—അങ്ങനെ പുതുമയിൽ മത്ത



പ്രമുഖ ജേണലിസ്റ്റും പാസിഫിസ്റ്റ് പ്രസംഗകനുമായ മി. മൈക്കൽ ഹട്ട് എം. പി. ഇക്കൊല്ലത്തെ ബ്രിട്ടീഷ് ലേബർപാർട്ടി നാഷണൽ എക്സിക്യൂട്ടീവ് കമ്മിററിയുടെ അംഗമായി തിരഞ്ഞെടുത്തിരിക്കുന്നു.

## മിഡ്‌വൈഫ്സ് നിയമത്തിന്റെ ജനയിതാവ്



൧൯൦൨-ലെ ഇംഗ്ലണ്ടിലെ മിഡ്‌വൈഫ്സ് ആക്ടിന്റെ ജനയിതാവായിരുന്ന സർ ഫ്രാൻസിസ് ഷാംപ്‌നീസിന്റെ ജന്മശതവാർഷികം കൊണ്ടാടുന്നതിനായി മെഡിക്കൽ, നഴ്സിംഗ് വകുപ്പുകളിലെ നേതാക്കന്മാർ ലണ്ടനിലെ സെന്റ് ബാർത്തലോമ്യൂ ദേവാലയത്തിൽ കൂടിയ അവസരത്തിൽ എടുത്ത ഫോട്ടോ. വിദഗ്ദ്ധപരിശീലനം സിദ്ധിച്ച മിഡ്‌വൈഫുകളെ രാജ്യത്തിനു ലഭിച്ചതു പ്രസ്തുത നിയമം മൂലമാണ്. ഡെൽഹിയിലെ ഹാർഡിഞ്ച് ആശുപത്രിയിലെ ഡാക്ടർ (മിസ്സ്) അലിസ് തോമസ് ഘോഷയാത്രയിൽ മുൻഭാഗത്തു കാണപ്പെടുന്നു.

മലയാളരാജ്യം

## കൈക്കൂലിയും അഴിമതിയും തടയും

—o—

### മന്ത്രിയുടെ പ്രഖ്യാപനം

ജലന്തർ, ജൂൺ 16—കൈക്കൂലിയും അഴിമതിയും അമർച്ചചെയ്യാനായി പൂർവ്വപഞ്ചാബു ഗവണ്മെന്റ ആരംഭിച്ചിട്ടുള്ള പ്രചരണപരിപാടിയുടെ ആരംഭമുഖ്യത്തിൽ ട്രാൻസ്പോർട്ടു വകുപ്പുമന്ത്രി സർദാർ പ്രതാപസിംഗു ചെയ്ത പ്രഖ്യാപനത്തിൽ ഇപ്രകാരം പ്രസ്താവിച്ചു. "ദീർഘകാലത്തെ അടിമത്വത്തിന്റെ ശൃംഖലകളിൽ നിന്നു പൂർണ്ണമായി മുക്തിനേടാൻ നമുക്കിതുവരെ സാധിച്ചിട്ടില്ല. അഴിമതികളും സ്വജനപക്ഷപാതവും നമുക്കു സഹജമായിത്തീർന്നിരിക്കുന്നു. അതു വേരോടുകളയാൻ ഉഗ്രനടപടികൾ തന്നെ ഗവണ്മെന്റ നടത്തേണ്ടതായിവരും. ഈ കൈക്കൂലിയും അഴിമതിയും കീഴ്ജീവനക്കാരിൽ ഉള്ളതിലധികം ഉയർന്ന ഉദ്യോഗസ്ഥന്മാരിലാണു കണ്ടുവരുന്നത് എന്നുള്ളതു കൂടുതൽ ലജ്ജാകരമായിട്ടുണ്ട്. [illegible] വെളിക്കടിച്ചേ മതിയാവൂ."

—o—

## ൪ ജന്മിമാരെ അറസ്റ്റുചെയ്തു

രാജകോട്ട്, ജൂൺ ൧൬—കുടിയാന്മാരുടെ അവകാശങ്ങൾ അപഹരിച്ചതിനു ൪ ജന്മിമാരെ സൗരാഷ്ട്രഗവണ്മെന്റ അറസ്റ്റു ചെയ്തിരിക്കുന്നു. (യു-പി-ഐ)

---

ടിച്ച അവളുടെ ജീവിതം ഉയരുകയാണ്. ആ ഉയർച്ച വ്യവസ്ഥാപിതമായിരുന്നു. ശരച്ചന്ദ്രന്റെ സഹായഹസ്തം അവളുടെ കലാജീവിതത്തെ സംരക്ഷിച്ചതിനുവെന്നവൾ ധരിച്ചിട്ടേയില്ല. സാമാന്യമായുള്ള അഭിവൃദ്ധിയിൽ ആ സ്ത്രീഹൃദയം ചിന്തയെന്നതു മറന്നുപോയി.

ആ വൈവിധ്യങ്ങളിൽ അവൾക്കു നൃത്തംമാത്രം അർപ്പിച്ചാൽപോരാ. അവളുടെ ജീവിതത്തെത്തന്നെ മുഴുമിപ്പിക്കുവാൻ വെമ്പുന്നുണ്ട്. അപ്പോഴെല്ലാം ശരച്ചന്ദ്രനവളുടെ മുന്നിലെത്തി ആ പഴയ പല്ലവി ആവർത്തിക്കും. അപ്പോഴെല്ലാം അവൾ കരയും.

"ഇയാൾ എന്റെ സ്വൈരജീവിതത്തെ കെടുത്തുന്നു."

"നീ കൂടുതൽ വിശ്രുതയാകുന്തോറും കൂടുതൽ അകന്നുനില്ക്കണം."

അയാളുടെ ഈ മന്ത്രത്തിന്റെ മുഴുവൻ പൊരുളും ഇന്നവൾക്കു പിടികിട്ടുന്നില്ല.

അവളെ സന്ദർശിക്കുവാൻ പലരും അനുവാദംചോദിച്ചിട്ടുണ്ട്. അപൂർവം ചിലരെ മാത്രമേ ശരച്ചന്ദ്രൻ അനുവദിച്ചിരുന്നുള്ളു. അവൾക്കതു ദുർഭേദകമായിരുന്നു.

* * *

ആയിടയ്ക്കാണവർ ഒരു വലിയ നഗരത്തിൽ നൃത്തത്തിനെത്തിയിരിക്കുകയായിരുന്നു. തുടരെ പല നൃത്തങ്ങളും അവിടെ നടത്തേണ്ടതുണ്ട്. ഒരു ദിവസത്തേതു നഗരാധിപതിയുടെ പുത്രിയുടെ വിവാഹം സംബന്ധിച്ചാണ്. വിവാഹാവസരത്തിൽ രേണുകയും ക്ഷണിക്കപ്പെട്ടിരുന്നു. വിവാഹവേദിക്കു ചുറ്റും അവർ പല സ്ത്രീകളേയും കണ്ടു. മാതാക്കൾ. അവരുടെ ജീവിതം സംതൃപ്തമാണ്. രേണുകയ്ക്കാ പദവി അലഭ്യമായിത്തോന്നി. വിവാഹവേദിയിൽ വധൂവരന്മാർ എത്തി. ആ വേളയിൽ പവിത്രമായ അന്തരീക്ഷം അവിടെ സൃഷ്ടിക്കപ്പെട്ടു. അരങ്ങത്തൊരു രംഗത്തു നർത്തകിയായി പ്രത്യക്ഷപ്പെടുന്നതിനേക്കാൾ മികച്ച ഒരാകൃതി അവൾക്കാ വധുവിൽ ദർശിക്കാൻകഴിഞ്ഞു. ആ വധുവും മാതാവാകും. അതിനവൾ ഒരുങ്ങി ആ മംഗല്യവേളയെ സമീപിച്ചതാണ്. പെട്ടന്നാരാശ കഴിഞ്ഞുപോകലും രേണുകയിൽ അതിന്റെ മാധുര്യം മഹിമ—ഉയർന്നുകണ്ടിരുന്നു.

ഒരു ഭാര്യയ്ക്കു പല മേന്മകളുമുണ്ട്. ഒരു പുരുഷനെ അവൾ നിയന്ത്രിക്കും. ഭരിക്കും. അവൾ മാതാവാകും. പിഞ്ചുകുഞ്ഞിനെ മുലകൊടുത്തു ലാളിച്ചുവളർത്തി അവനെ അനുഗ്രഹങ്ങൾകൊണ്ടു ഉൽക്കർഷത്തിലേക്കു നയിക്കും—അങ്ങനെ സ്നേഹിച്ചും സ്നേഹിക്കപ്പെട്ടും ശാസിച്ചും ശാസിക്കപ്പെട്ടും കഴിയുന്ന ഒരു കുടുംബിനി

..........ഹാ!......അവൾ ഓർത്തുനോക്കി. അവളുടെ അറിവിൽപെട്ട മാതാക്കളെപ്പററി; അവരിൽ ഒരുകൃതകൃത്യതയുണ്ട്. ഉദ്ദേശം നിറവേറിയ ഒരാശ്വാസം.

അന്നത്തെ രാത്രി നൃത്തവേദിയിൽ അവൾ ശോഭിച്ചില്ല. ആ വേഷങ്ങൾ അവൾക്കിണങ്ങുന്നില്ല. ഗാനങ്ങൾ മന്ദമായി. കാണികൾ അക്ഷമരായി. ചില അപഹാസശബ്ദങ്ങളുയർന്നു. ശരച്ചന്ദ്രൻ പരിഭ്രമിച്ചു. അയാൾ പട്ടുതിരശ്ശീലയ്ക്കു പിറകിൽനിന്നു. അവൾക്കു രഹസ്യമായി നിർദ്ദേശങ്ങൾ നല്കി. ഉത്സാഹിപ്പിച്ചു. പക്ഷേ, എന്തുഫലം?

അവൾ അണിയറയിൽ വന്നപ്പോൾ ശരച്ചന്ദ്രൻ അവളുടെ സമീപം എത്തി.

"എന്താണു രേണുകേ?"

നിശ്ശബ്ദം. അവളുടെ മുഖം വാടിയിരുന്നു. ഉത്തരമൊന്നും പറഞ്ഞില്ല.

ആ നഗരത്തിലെ നൃത്തപരിപാടി അവസാനിച്ചു. ദമ്പതികൾ വിശ്രമാർത്ഥം ഒരു സുഖവാസസ്ഥലത്തു താമസമാക്കി.

നല്ല നിലാവുള്ള രാത്രി. അങ്ങകലെ വിശാലമായ തടാകത്തിൽനിന്നും കുളിർകാറ്റേററു മരച്ചില്ലകൾ ചലിച്ചുകൊണ്ടിരുന്നു. രേണുകയും ശരച്ചന്ദ്രനും മട്ടുപ്പാവിൽ കസേരകളിൽ ഇരിക്കയാണ്. വെള്ളിനിലാവേററ രേണുകയുടെ നനഞ്ഞ അധരവും മിന്നുന്ന കൺപോളകളും തിളങ്ങി. ഇളംകാററിൽ കുറുനിരകൾ തത്തിക്കളിച്ചുകൊണ്ടിരുന്നു. ശരച്ചന്ദ്രന്റെ വിരലുകൾക്കിടയിൽ മുറിസിഗററു പുകയുന്നുണ്ട്. അവിടെ പരന്ന നിശ്ശബ്ദതയെ ചലിപ്പിച്ചുകൊണ്ടു ദൂരെയെങ്ങുനിന്നോ ഒരു ഗാനം ഉയർന്നു. പിന്നെയും നിലച്ചു. അവർ ആ ഗാനത്തെപ്പററി സംഭാഷണം തുടർന്നു. ശരച്ചന്ദ്രൻ പെട്ടെന്നു സംഭാഷണഗതി മാററി. അയാൾക്കിന്നത്തെ മ്ലാനതയുടെ കാരണമറിയണം. ഉചിതമായ മർമം പ്രതീക്ഷിച്ചിരിക്കയായിരുന്നു. അവൾക്കും അതുതന്നെ പറയണമായിരുന്നു. അവൾ അയാൾക്കഭിമുഖമായിരുന്നു.

"ഞാനൊരു സ്ത്രീയാണെന്നു നിങ്ങൾക്കോർമ്മയുണ്ടോ?"

"അറിയാം"

"എന്റെ സ്വാതന്ത്ര്യത്തെ എന്തുകൊണ്ടംഗീകരിക്കുന്നില്ല?"

"നീ ലോകവിശ്രുതയായ ഒരു നർത്തകിയാണ്. ആ നിലയിൽ ജീവിക്കണം."

"നർത്തകി! വി...ശ്രു...ത..."
അവൾ പരിഹാസപൂർവ്വം ഉച്ചരിച്ചു

"മതി" അവൾ മുഖമുയർത്തിപ്പറഞ്ഞു. "അന്ധമാത്മതകൾക്കുവേണ്ടി ഇനി ഞാൻ എന്റെ ജീവിതം ബലികൊടുക്കുന്നില്ല."

"എന്തു നീ സത്യമാണോ പറയുന്നത്!"

"അതേ" അവൾ എഴുന്നേററു

"നീ എന്റെ ഭാര്യയാണ്" അയാൾ അല്പം സ്വരമുയർത്തി പറഞ്ഞു.

"അല്ല ഞാനിനി അങ്ങയുടെ ഭാര്യയല്ല"

അതേ സ്വരത്തിൽ അവളും പറഞ്ഞു.

"രേണുകേ!"

"വേണ്ട. എന്നെ പ്രലോഭിപ്പിച്ചതു മതി" അവൾ മുറിയിൽ കയറി

"നിന്റെ മാന്യമായ കലാസമ്പത്ത്. അതു നശിപ്പിക്കാതെ"

"അതെന്റെ ഇഷ്ടമാണ്. നിങ്ങൾ ആ പല്ലവി പാടി എന്നെ വീർപ്പുമുട്ടിച്ചു. ഇനി എനിയ്ക്കു ജീവിയ്ക്കണം."

പെട്ടെന്നവൾ വാതലടച്ചു

ശരച്ചന്ദ്രൻ സ്തംഭിച്ചു നിന്നുപോയി.

(സർവ്വാവകാശവും കഥാകൃത്തിന്)

—o—



റൂസ്‌വെൽറ്റുസ്മാരകം—പരേതനായ പ്രസിഡന്റു റൂസ്‌വെൽറ്റിന്റെ ഒരു സ്മാരകം അദ്ദേഹത്തിന്റെ പത്നി ലണ്ടനിൽ അനാച്ഛാദനംചെയ്തപ്പോൾ രാജാവു, രാജ്ഞി, എലിസബെത്തുരാജകുമാരി, എഡിൻബറോ ഡ്യൂക്ക്, പ്രധാനമന്ത്രി മി. ആററ്‌ലി, വിൻസ്റ്റൻചർച്ചിൽ തുടങ്ങിയ മഹാന്മാർ സന്നിഹിതരായിരുന്നു. ചിത്രത്തിൽ രാജാവു, രാജ്ഞി മേരിരാജ്ഞി, മിസ്സിസ്സ് റൂസ്‌വെൽറ്റ്, മി: ആററ്‌ലി എന്നിവരെ കാണാം.

# ശ്രീ ചങ്ങമ്പുഴ

—ഠ—

കൈരളീക്ഷേത്രത്തിൽ പുലർകാലവെളിയിൽ അലയൊലിവളർത്തിയ മണിനാദം, അകാലത്തിലെ ദീപാരാധനയ്ക്കുള്ള മണിമുഴക്കമാണെന്ന്, ആരുമന്ന് നാമാരും വിചാരിച്ചിരുന്നില്ല. കാവ്യലോകത്തിനു കൈവന്ന ആ ഐശ്വര്യസമ്പൽപ്രകർഷത്തിൽ കോരിത്തരിച്ചുകൊണ്ട് കേരളം ആ പൊൻവീണയിൽ പുലരുന്ന കാകളീകളകളത്തിൽ അഞ്ജലിബദ്ധമായി. അനന്തമായ നാദബ്രഹ്മത്തിലുണ്ടായ ഈ വേലിയേറ്റം വഞ്ചിയുടെ തെക്കേ അറ്റംമുതൽ ഉടനീളം വെൺപളുങ്കൊളി ചാർത്തി.

കടാക്ഷാനുഗ്രഹപ്രതീക്ഷിണിയായ കാവ്യലക്ഷ്മിയുടെ മന്ദഹാസത്തിനുഴവൻ അവകാശപ്പെട്ടുകൊണ്ട് അല്ലെങ്കിൽ അതിനെ മനംകുളിരെ നുകർന്നുകൊണ്ട് അങ്ങനെ നാദബ്രഹ്മാമൃതകലയിൽ ലയിച്ചു ചേരുകയായിരുന്നു ശ്രീ ചങ്ങമ്പുഴ. തന്റെ അല്പമാത്രമായ ജീവിതാവധിക്കുള്ള ആ കല്പകാലംവരെ അഴിയാത്ത വ്യക്തിമുദ്ര അദ്ദേഹം സാഹിത്യചരിത്രത്തിൽ ചാർത്തിക്കഴിഞ്ഞിരിക്കുന്നു. കുഞ്ചൻനമ്പ്യാർക്കുശേഷം മലയാളത്തിനുലഭിച്ച ജനകീയമഹാകവിയായി കേരളം അദ്ദേഹത്തിനു സ്വാഗതമരുളി. ശ്രീ ചങ്ങമ്പുഴ ഒരു പ്രേമഗായകനെന്ന അപവാദത്തിനോ, അഭിനന്ദനത്തിനോ അവകാശിയായി വിധികല്പിക്കാറുണ്ടായിട്ടുള്ളവരുണ്ടാകാം. ആ കവിതയിൽ മാംസത്തിന്റെ ദുസ്സഹമായ വിളികേൾക്കുന്നവരുണ്ടാകാം. ആ പരവശത പിണഞ്ഞു ജീവിതത്തെ പകച്ചുനോക്കുന്നവരുണ്ടാകാം.

എന്നാലും ശ്രീ. ചങ്ങമ്പുഴയുടെ അത്ഭുതപൂർവമായ, അപ്രതിഹതമായ ഉയർച്ച ആരെത്തന്നെ അസ്വാദിപ്പിച്ചിരിക്കയില്ല. അദ്ദേഹത്തിന്റെ സംസ്കൃതപാണ്ഡിത്യക്കുറവിനെ ഉയർത്തിക്കാട്ടി അങ്ങനെ അവർ സംതൃപ്തി നേടിയിരിക്കാം. കേവലം ഭാവനാമാത്രമായ സ്വപ്നസുഖങ്ങളിലോ മന്മഥോന്മഥിതമായ യൗവനാരാമങ്ങളിലോ കടപുഴകി വഴുതിവീഴുന്ന കോലാഹലംകൂട്ടൽകൊണ്ട് ശ്രീ: ചങ്ങമ്പുഴ കഴിഞ്ഞുപോകയായിരുന്നെങ്കിൽ ഒരു വെണ്മണിയിൽ കവിഞ്ഞ് അതു വിലപ്പോകയില്ലായിരുന്നു.

അഴിമതിയക്രമമനൃതരൂക്ഷമാ
മപരാധംനിശിതമാമശനിപാതം
കളവെന്നതന്നറിയാത്തപാപങ്ങളാം
(ഭൂപതങ്ങളാം
കനിവറ്റലോകം കപടലോകം
നിസ്സ്വാന്തസേവനം നിർദ്ദയമർദ്ദനം
നിസ്സഹായതാപം ഹാ നിത്യദുഃഖം
നിഹതനിരാശാതിമിരം ഭയങ്കരം
നിരുപാധികോഗ്രനിയമഭാരം
ഇതിനൊക്കെ പ്രതികാരംചെയ്യാതടങ്ങു
(മോ
പതിതരേ നിങ്ങൾതൻ പിൻമുറക്കാർ
അദ്ദേഹം ഉടനുന്നു,
അവശന്മാരാർത്തന്മാരാലംബഹീനന്മാ-
രവരുടെസങ്കടമാരറിവാൻ
പണമുള്ളോർനിർമ്മിച്ചനീതിക്കിതിലൊന്നും
പറയുവാനില്ലേ, ഞാൻ പിൻവലിച്ചു

അങ്ങനെ തന്റെ അശക്തതയേപ്പറ്റി ഗണിച്ചു ലോകസേവനമെന്ന സാമൂഹ്യപരിഷ്കാരത്തിൽനിന്നു അദ്ദേഹം അശേഷം പിൻവാങ്ങിയിട്ടില്ല. ചങ്ങമ്പുഴ കവിതയുടെ അപ്രതിമപ്രഭാവം ആവിഷ്കരിക്കുന്നതും ധന്യാദർശമായ സേവനകാമ്യബോധം അതികവിന്നു കലാശില്പത്തിനു സമ്പൂർണ്ണത വന്നിട്ടുള്ളതുമായ ഭാവഗീതികളും വിപ്ലവാത്മകമായ നവീനയുഗത്തെ ഭാവനചെയ്യുന്നതു കാണേണം.

ഭാവശുദ്ധകളെന്നകീർത്തിമുദ്രയുംചാർത്തി
ഭാരതാംഗനകളെ, തെളിയുന്നാ-
ല്ലോമിങ്ങളാം

* * *

ചാമരത്തനലത്തുവട്ടമിട്ടേവംനിന്നു
മാവേലിപ്പാട്ടുംപാടിക്കൈകൊട്ടിക്ക-
ളിക്കുമ്പോൾ
മന്മഥൻമഷിതേച്ച മട്ടെഴുംനീലാഞ്ജന
കൺമുനമിന്നൽപിണരോരോന്നായെ-
റിയുമ്പോൾ
മുത്തണിപ്പൊന്മാലകൾ മാറിൽവീ-
ണുലഞ്ഞുല-
ഞ്ഞെരുങ്ങുംനവവക്ഷോജങ്ങളിലിക്കി-
ളുളുമ്പുമ്പോൾ
അറിയാതെളുകണ്ടിട്ടെൻമിഴിക-
ളിൽപെയ്തും
നിറയുന്നഹാ ചുടുകണ്ണുനീർകണങ്ങൾ
അളവറ്റുളുമ്പുമപ്പോർമുലക്കുടങ്ങളും
കുടികൊള്ളുമക്കരളപ്പാലൂട്ടപ്പേറാനല്ലേ
കാമഭരോത്തരകന്യകൾ
ദാസന്മാരെ
താരാട്ടുപാട്ട് പാടിയുറക്കീടുവാനല്ലേ

എന്നിങ്ങനെ രസനിർഭരമായി ആ വേഗസമന്വിതം പ്രവഹിക്കുന്ന കവിതാനിർഝരിണിയുടെ മന്ദ്രമധുരധ്വനിയും ഭാവഗാംഭീര്യവും ഉദാത്തതയും അത്യന്ത സമഞ്ജസമെന്നല്ലാതെ മറ്റൊന്നു പറയട്ടെ.

ചങ്ങമ്പുഴ കവിതകളെ അഭിമുഖീകരിക്കേണ്ട സന്ദർഭം ഇതല്ലാത്തതുകൊണ്ട് അതിലേക്കു പ്രവേശിക്കുന്നില്ല.

കൊല്ലവർഷം ൧൦൮൬-കന്നിമാസം ൨൫-ാംതീയതി ഇടപ്പള്ളിയിൽ ചങ്ങമ്പുഴ വീട്ടിൽ ജനനംചെയ്ത സ്കൂൾപുരുഷൻ ആലുവാ എറണാകുളം തിരുവനന്തപുരം എന്നീ സ്ഥലങ്ങളിൽ വിദ്യാഭ്യാസം ചെയ്തു ൧൧൧൯-ൽ എം. എ. ബിരുദം നേടി. ൧൧൦൬-ാമാണ്ടു മേടത്തിൽ, ശ്രീമതി എസ്. കെ. ദേവിയെ വിവാഹംചെയ്തു. അവരിൽ രണ്ടു സന്താനങ്ങൾ പരേതനു ഇപ്പോൾ ശേഷിക്കുന്നുണ്ട്.

൩൭-ാമത്തെ വയസ്സിൽ അന്തരിച്ച ആ കലയെളവിനുള്ളിൽ ഏതാണ്ട് അത്രതോളം ഗ്രന്ഥങ്ങളുടെ പ്രണേതാവാകുവാൻ അദ്ദേഹത്തിനു കഴിഞ്ഞു. ചങ്ങമ്പുഴയുടെ ബാല്യകൃതിയായ രമണന്റെ ൧൫൦൦൦-ൽപരം പ്രതികൾ പ്രചരിച്ചിട്ടുണ്ടെന്നുള്ളത് മലയാളത്തിനൊന്നു ബന്ധിച്ചിടത്തോളം ഒരു മഹാത്ഭുതമായിത്തന്നെ വേണം പരിഗണിക്കുവാൻ.

പരേതന്റെ ആത്മാവ് ആ നാദബ്രഹ്മത്തിൽ ലയിച്ചു നിത്യശാന്തിപുലരട്ടെ!

—ഠ—

# ഗാനഗന്ധർവൻ

പാലാ നാരായണൻനായർ

(൧)

രമണനെങ്ങുപോയ്, കൈരളീ, നീകൊട്ടും-
രജനിയങ്ങനെ നീന്തിക്കടന്നിട്ടും?... ...
ഒരുപുലരിയിലോമലേ, നിൻകുളിർ-
വനികയിൽവന്ന കോമളനാണവൻ
മുരളിയുമതിലൂറുന്ന രാഗവും
മുടിതന്നാൽ നിനക്കർപ്പിച്ചുപോന്നവൻ
നറുനിലാവൊളി പൂത്തുന്നപുഞ്ചിരി
നറുനാകോമളനാളീക ചാരുത

കപടലോകത്തു കാരുണ്യമധുരീ-
കലിക, 'ചങ്ങമ്പുഴ'യിതുമാത്രമി!
കരകയേഗതി, നീയിദം കൈരളീ
കരളെരിഞ്ഞു മറഞ്ഞു നിൻകണ്മണി
മഹിതമാം മഴവില്ലുപോൽ മാനത്തിൻ
മരതകങ്ങളിൽ പൂകിയും പുൽകിയും
സമതലങ്ങളിലാളും തൂനാമ്പിന്റെ
ഹിമകണങ്ങളിൽ തൂമുത്തു ചാർത്തിയും
മട്ടമലരണിക്കാട്ടിലും മേട്ടിലും
മധുരമാനന്ദചന്ദ്രിക വീശിയും
പലദിനം നിന്നെപ്പോറ്റിയോ, കൈരളീ!
കലപൊതിഞ്ഞൊരാക്കൈവല്യകന്ദളി.

(൨)

നവനവോദയംപോലെ നീസൽക്കവേ,
കവനകാന്തിയും കൈയ്യൊണ്ടടിക്കുവ
കരളിലുല്ലസന്നാഗയായ്, മൂകയായ്
കമനികൈരളി കോൾമയിർക്കൊൾക-
(യായ്!
ഒരു വസന്തമെന്നോക്കവേ നാടെങ്ങും
കരകവിഞ്ഞൊഴുകായ്നവവിസ്മയം
പുതുമയിൽചെന്നു കൈവെച്ചനീയതിൽ
പുകൾകഞ്ചുകം ചാർത്തുന്നവേളയിൽ
കസുമതലാലരായ് വല്ലികൾ, പൂത്തതിൽ
കുയിലുന്നനൊപ്പായ് ക്രൂകിത്തെളിപ്പായ്!
പഴമ, മാഞ്ഞതിലൂടവേ പുത്തനാം-
മഴകിന്നർക്കിന്ന പട്ടിളംക്രമ്പുകൾ
വികസിതാശയം മിന്നുന്ന ചുറ്റിലും
വിരചിതമോരപൂരം ജലാശയം!
കരകയേഗതി, നീയിദംകൈരളീ!
കരളെരിഞ്ഞു മറഞ്ഞു നിൻ കണ്മണി

(൩)

കവിതകൊണ്ടൊരു,തേൻ'പുഴ' നിർമ്മിച്ച
കവിയെ നാമൊന്നുകണ്ടതിന്നൊന്നഹോ!
നിറനിറഞ്ഞതിൽതിങ്ങും വികാരത്തിൻ-
ചിറകൊത്തുക്കവാരങ്ങളോ ഭൂർവിധേ!...
തിരമൊടങ്ങഞ്ഞുപായുംപ്രവാഹത്തിൽ
ചിറപൊട്ടുകയാണെന്നോ കാലമേ? ......
കരയടിച്ചുതുപോകുന്നതും കണ്ടു
വിരലനക്കേണ, വിത്തപ്രസാമ!
ദുരിതജീവിതപർവതംപൊട്ടിയോ
രരുവിയാണതു നാരേ, തളക്കാലം
നരകസങ്കടം കണ്ടൊരു ജീവന്റെ
നയനനീർനദി നീയോ കടക്കവാൻ?...
വഴിമരങ്ങളേ, നിങ്ങളെത്താങ്ങുമി-
പ്പുഴയിലേയ്ക്കിനിപ്പൂവുതിർത്തിടുമോ?...
പടിയിലപ്പുറം ചെന്നിതു പുൽകുമ്പോൾ
പതിതജീവിതം പാവിതം ശീതളം
പരപരംജയബോധമിപ്പൂരിതം
പരവതാനിയായ് മാറ്റും മഞ്ജുളം

കഥനാധാരകളുങ്കിലും പ്രേമത്തിൻ
കഥനമാണതു ശാശ്വതം കോമളം!

(൪)

കരകയേഗതി, നീയിദം കൈരളീ,
കരളെരിഞ്ഞുമറഞ്ഞു നിൻകണ്മണി.
നിഖിലലോകവുംമാറ്റൊലിക്കൊള്ളിച്ച
നിരാലസംഗീതഗന്ധർവനെങ്ങുപോയ്?...
മലതലങ്ങളും മാനവുംപുഷ്പിത
തരുനിരകളുംപാടിപ്പുകഴ്ത്തിയോൻ
അരിയകേരളകേദാരഭംഗിക-
ളുകമഴിഞ്ഞെങ്ങും പാടിനടന്നവൻ
പലദുരാചാരപംക്തിയൊടേപ്പൊഴും
പടവെട്ടുവാനോടിനടന്നവൻ
മാപിടിക്കുന്ന മാമൂലിനോടൊരു
മമതകാട്ടാതെ മാറിനടന്നവൻ
പുകളിനാരേിച്ചുനില്ക്കാതെഘോരമാം
പുകയുമഗ്നിയും വിപ്ലവം ചീറ്റിയോൻ
തരിയിലും, കൊച്ചുതാരെലും ഭൗതിക-
ത്തിരയിലും കലാദീപം കൊളുത്തിയോൻ
പശിയടങ്ങാത്ത ലോകത്തിനായൊരു
നിശിതചിഹ്നമായ് സ്പന്ദിച്ചുനിന്നവൻ
പ്രണയവീണയിൽ കൈവിരലോടിച്ചു
പ്രമദഗാനങ്ങൾ മീട്ടിക്കളിച്ചവൻ
കാനനമിന്നോളമാഞ്ഞുഹാ, കൈരളീ,
കലപൊതിഞ്ഞൊരാക്കൈവല്യകന്ദളി.
രമണനില്ലാത്ത കൈരളീ, നീ കൊട്ടും-
രജനിയങ്ങനെ നീന്തിക്കടന്നിടും?...

[ശ്രീ: ചങ്ങമ്പുഴയുടെ ചരമവാർത്തയറിഞ്ഞ് ശ്രീ: പാലാ നാരായണൻനായർ എഴുതിയ ഈ കവിത തിരുവനന്തപുരം റേഡിയോനിലയത്തിൽനിന്ന് ഒരു പ്രത്യേക പരിപാടിയായി ശ്രീ. ശ്യാമളാലയം കൃഷ്ണൻനായർ പ്രക്ഷേപണം ചെയ്തതാണ്.]

—ഠ—

## അർജൻറീനാ

ഠ

## കാഷ്മീർകമ്മീഷൻ അദ്ധ്യക്ഷപദത്തിന് ആദ്യത്തെ അവകാശി

ജനീവ ജൂൺ ൧൪—ഐക്യരാഷ്ട്രരക്ഷാസമിതിയുടെ കാഷ്മീർകമ്മിഷൻ താല്ക്കാലികപ്രസിഡണ്ടായ ബൽമ്മായിലെ അമേരിക്കൻ പ്രതിനിധി മി: ഹഡിലിനെ തൽസ്ഥാനത്തുനിന്നു മാറ്റി പകരം അർജൻറീനായിലെ ഡാ: റിക്കാർഡോസീറിയെ നിയമിച്ചിരിക്കുന്നു. അദ്ധ്യക്ഷപദം അക്ഷരക്രമമനുസരിച്ച് കമ്മീഷനിലുള്ള അഞ്ചു രാജ്യങ്ങൾക്കു മാറ്റപ്രകാരം കിട്ടിക്കൊണ്ടിരിക്കണമെന്നാണ് കമ്മിഷന്റെ തീരുമാനം: ഇതനുസരിച്ച് പകിസ്ഥാൻ നിർദ്ദേശിച്ച അർജൻറീനായ്ക്കാണ് ആദ്യമായി അദ്ധ്യക്ഷപദം ലഭിച്ചതു.

—ഠ—

# കാവ്യനർത്തകി

(ശ്രീ ചങ്ങമ്പുഴ രോഗശയ്യയിലായിരിക്കവേ ഏകദേശം ഒരു മാസം മുമ്പു—എഴുതിയ ഈ മനോഹരകവിത—അദ്ദേഹത്തിന്റെ അവസാനത്തെ സാഹിത്യസംഭാവനയാണ്.)

കനകച്ചിലങ്ക കിലുങ്ങിക്കിലുങ്ങി,
കാഞ്ചനകാഞ്ചി കുലുങ്ങിക്കുലുങ്ങി,
കടമിഴക്കോണുകളിൽ സ്വപ്നം മയങ്ങി,
കതിരുതിർപ്പൂപ്പുഞ്ചിരിചെഞ്ചുണ്ടിൽത്തങ്ങി,
ഒഴുകുമുടയാടയിലൊളിയലകൾ ചിന്നി,
അഴകൊരുടലാർന്നപോലങ്ങനെ മിന്നി,
മമ മോഹനസ്വപ്നത്തിന്മാറ്റുന്നയി, മഹിതേ
മമമുന്നിൽനിന്നു നീ മലയാളക്കവിതേ!
ഒരു പകുതി പ്രജ്ഞയിൽ നിഴലും നിലാവും
ഒരു പകുതി പ്രജ്ഞയിൽ കരിപൂശിയവാവും
ഇടചേർന്നെൻഹൃദയം പുതുപുളകങ്ങൾചൂടി
ചുടുനെടുവീർപ്പുകൾക്കിടയിലുംകൂടി!
അത ധന്യകൾ ഗന്ധർവകന്യകൾ മണിവീണകൾമീട്ടി,
അപ്സരമണികൾകൈമണികൾകൊട്ടി,
വൃന്ദാവനമുരളീരവപശ്ചാത്തലമൊന്നിൽ
സ്പന്ദിക്കുമാമധുരസ്വപ്നവീചികൾതന്നിൽ
തളംനിരനിരയായ് നിരയിട്ടുതങ്ങി;
താമരത്താരുകൾപോൽത്താളത്തിലയി മംഗി!
സതതസുഖസുലഭതതൻനിറപറവച്ചു;
ഇളംതെന്നലുകൾനിൻമുന്നിൽത്താലംപിടിച്ചു
തങ്കത്തരിവളയിളകിനിൻപിന്നിൽത്തരളിതകൾ
സങ്കല്പസുഷമകൾചാമരംവീശി.
സുരഭിലമൃഗമദതിലകിതഫാലം,
സുമസമസുലളിതമൃദുലകപോലം,
മിളിതമോഹനനയനവിലാസം,
നവകുന്ദസുമസുന്ദരവരമന്ദഹാസം,
ഘനനീലവിപിനസമാനസുകേശം,
കനകകുണ്ഡലവലയാങ്കിതകർണ്ണാന്തികമേരം
മണികനകഭൂഷിതലളിതഗളനാളം-
മമമുന്നിലെന്തെന്തൊരുജ്ജ്വലസൗന്ദര്യമേ!!
മുനിമാരുംമുകരാത്തസുഖചക്രവാളം
പുണരുന്നുപുളകിതം മമ ജീവനാളം!
ഇടവിടാതടവികളും ഗുഹകളും ശ്രുതികൂട്ടിയ
ജടതൻ ജ്വരജല്പനമയമായ മായ
മറയുന്നു—വിരിയുന്നു മമജീവൻതന്നിൽ
മലരുകൾ മലയാളക്കവിതേ,നിൻ മുന്നിൽ!
നിർന്നിമേഷാക്ഷനായ് നിൽപ്പിതഹോ, ഞാനിദം
നിൻനർത്തനമതൽഭുതമന്ത്രവാദം!
കണ്ടുനിൻകൺകോണുകളലയവെ, കരിവരി-
വണ്ടലയുംചെണ്ടലയുംവനികകൾ ഞാൻ.
ലളിതേ, നിൻകൈവിരൽകളിളകവേ കണ്ടുഞാൻ
കിളി പാറും മരതകമരനിരകൾ.
കനകോജ്ജ്വലദീപശിഖാരേഖാവലിയാലേ
കമനീയകലാദേവതകണിവെച്ചതുപോലെ,
കവരുന്നു കവിതേ തവനൃത്തരംഗം
കാപാലികനെങ്കിലുമെന്നന്തരംഗം!
പുഞ്ചിരി പെയ്തുപെയ്താട്ടു നീ, ലളിതേ,
തുഞ്ചന്റെ തത്തയെക്കൊഞ്ചിച്ച കവിതേ!
അഞ്ചിക്കഴഞ്ഞൊഴിഞ്ഞാട്ടു ഗുണമിളിതേ,
കുഞ്ചന്റെ തുള്ളലിൽ മണികെട്ടിയ കവിതേ!
പലമാതിരി പല ഭാഷകൾ പല ഭൂഷകൾകെട്ടി-
പ്പാടിയുമാടിയും പല ചേഷ്ടകൾ കാട്ടി,
വിഭ്രമവിഷവിത്തു വിതയ്ക്കിലും ഹൃദമേ
വിസ്മരിക്കില്ല ഞാൻ നിന്നെസുരസുഷമേ!

(ജയകേരളം).

## സ്വതന്ത്ര കാഷ്മീർഗവമ്മെൻറ്

—o—

### പുതിയ ഗവ: രൂപീകരിക്കുവാനുള്ള ശ്രമവും പരാജയപ്പെട്ടു

ജമ്മു, ജൂൺ ൧൯—സ്വതന്ത്ര കാഷ്മീർഗവമ്മെൻറ് പാടെ തകർന്നുകഴിഞ്ഞിരിക്കുന്നുവെന്നാണ് ഒടുവിൽ കിട്ടിയ റിപ്പോർട്ടുകളിൽ കാണുന്നത്. അതിൻെറ നേതൃത്വം വഹിച്ചിരുന്ന മി: ഇബ്രാഹിമിനെപ്പററി ഇപ്പോൾ യാതൊന്നും കേൾപ്പാനില്ല. അദ്ദേഹത്തിൻെറ സഹമന്ത്രിമാരെല്ലാവരും രാജിവച്ചിരിക്കുന്നുവെന്നറിയുന്നു. പുതിയൊരു ഗവമ്മെൻറ് രൂപവൽക്കരിക്കാൻ മി: ഗുലാംഅബ്ബാസ് ചെയ്ത പരിശ്രമങ്ങളെല്ലാം പരാജയപ്പെട്ടു. പാക്കിസ്ഥാൻജനതയുടെ പിൻതുണയ്ക്കുവേണ്ടി അദ്ദേഹം ഇപ്പോൾ അവസാനശ്രമം നടത്തിക്കൊണ്ടിരിക്കുകയാണ്. അക്രമികളുടെ സ്ഥാനത്തു പാക്കിസ്ഥാൻഭടന്മാരാണു ഇപ്പോൾ യുദ്ധംചെയ്തുകൊണ്ടിരിക്കുന്നതെന്നു പാക്കിസ്ഥാനിൽനിന്നു വരുന്നവർ പറയുന്നു. (യു-പി)

—o—

## ടാക്കീസ്

കൊല്ലംലക്ഷ്മിടാക്കീസിൽ
മഹത്തായ 5-ാം വാരം
റി. ആർ. മഹാലിംഗം, എം. വി. രാജമ്മ
ഇടങ്ങിയ പ്രശസ്തതാരങ്ങൾ അഭിനയിച്ച
ജ്ഞാന സൗന്ദരി
എന്ന പുതിയ തമിഴ് ചിത്രം

ആലപ്പുഴ ശ്രീകൃഷ്ണാടാക്കീസിൽ
ദോസ്ത് (സ്നേഹിതൻ)
നൂർജഹാൻ, മോട്ടിലാൽ,
മായാബാനർജി

ചവറ കെ. സി. ടാക്കീസിൽ
എം. എസ്. സുബ്ബലക്ഷ്മി, നാഗയ്യാ,
ചെറുകളത്തൂർ ശാമ, ദേവരാജ്
അഭിനയിച്ച
—: മീര :—
എന്ന ചിത്രം

ആലപ്പുഴ
ശിമാട്ടിടാക്കീസിൽ
8—5—1948 മുതൽ
ചന്ദ്രലേഖ
എന്ന ഏററവും നവീനവും റി. ആർ. രാജകുമാരി, എം. കെ. രാധ, രഞ്ജൻ, സുന്ദരിബായ്, കൃഷ്ണൻ, മധുരം അഭിനയിച്ചതുമായ ഒരത്ഭുതകലാസൃഷ്ടി.

# ഇന്നുരാവിലെ മൗണ്ട്ബാററൻകുടുംബം ഇന്ത്യവിടുന്നു

## സി. ആറും പണ്ഡിററുനെഹ്റുവും വിമാനത്താവളംവരെ അനുഗമിക്കും

ന്യൂഡൽഹി, ജൂൺ ൨൦—മൗണ്ട്ബാററൻപ്രഭുവും പത്നിയും പുത്രി പമേലയുമൊരുമിച്ച് നാളെരാവിലെ ൭ മണിക്ക് ഗവമ്മെൻറുമന്ദിരത്തിലെ താമസമവസാനിപ്പിച്ചു പുറപ്പെടുന്നതാണ്. ആ രംഗം ദർശിക്കുവാൻവേണ്ടി ഗവമ്മെൻറുമന്ദിരത്തിൻെറ മുൻവശത്തു പ്രവേശിക്കുവാൻ പൊതുജനങ്ങളെ അനുവദിക്കുന്നതായിരിക്കും.

ഗവമ്മെൻറുമന്ദിരത്തിൽനിന്ന് അവർ പാലംവിമാനത്താവളത്തിലേക്കു പുറപ്പെടുന്നതും വിമാനത്താവളംവരെ ശ്രീ: സി. രാജഗോപാലാചാരിയും പണ്ഡിററ് ജവഹർലാൽ നെഹ്റുവും അവരെ അനുഗമിക്കുന്നതുമായിരിക്കും. ഇംഗ്ലണ്ടിലേക്കു പുറപ്പെടുന്ന മൗണ്ട്ബാററൻെറ വിമാനത്തിനു ഇന്ത്യൻവ്യോമസേനയിലെ വിമാനങ്ങൾ അകമ്പടിയുണ്ടായിരിക്കുന്നതാണ്. വിമാനം പുറപ്പെടുന്ന സമയത്ത് ൩൧ ആചാരവെടികൾ മുഴക്കുന്നതായിരിക്കും. (എ-പി)

—o—

## ഇന്ത്യയ്ക്ക് ആശംസ

—o—

### ഡിവാലറാ തിരിച്ചുപോയി

ബോംബെ, ജൂൺ ൧൯—ഐറിഷ് പ്രധാനമന്ത്രിയായിരുന്ന ഈമൺഡിവാലറാ യുണൈറഡ്പ്രസ്സ് പ്രതിനിധിക്കുനൽകിയ ഒരു സന്ദേശത്തിൽ ഇപ്രകാരം പ്രസ്താവിച്ചു:—“ഇൻഡ്യയുടെ സ്വാതന്ത്ര്യസമരത്തിൽ ഞാനെപ്പോഴും ഉൽസുകനായിരുന്നു. ഇൻഡ്യ സ്വാതന്ത്ര്യമായതിൽ ഞാനത്യധികം സന്തോഷിക്കുകയുംചെയ്യുന്നു. ഇൻഡ്യയുടെ ഭാവിഭാഗധേയം നിണ്ണയിക്കുന്നതിനു ചുമതലപ്പെട്ടിട്ടുള്ള എല്ലാനേതാക്കന്മാർക്കും എൻെറയും ഐറിഷ് ജനതയുടേയും വിജയാശംസകൾ എന്നുമുണ്ടായിരിക്കും. സ്വതന്ത്രഇൻഡ്യയെ അഭിമുഖീകരിക്കുന്ന എല്ലാ വിഷമപ്രശ്നങ്ങളെയും അവർ സധൈര്യം നേരിടുമെന്നുള്ളതിനെപ്പററി എനിക്കു യാതൊരു സംശയവുമില്ല.” മി: ഡിവാലറാ ബോംബെയിൽനിന്ന് നേരെ റോമിലേക്കാണു പുറപ്പെട്ടത്. (യു. പി)

—o—

## നാഷണൽകാൺഗ്രസ്സ്

—o—

### വാർഷികപരിഷ്കരണക്കമ്മിററി സമ്മേളനം

നാഗപ്പൂർ, ജൂൺ ൧൯—ഇൻഡ്യൻനാഷണൽകോൺഗ്രസ്സിൻെറ വാർഷികപരിഷ്കരണക്കമ്മിററി ജൂൺ ൨൮-ാംനു-മുതൽ 30-ാംതീയതിവരെ ഇവിടെ സമ്മേളിക്കുന്നതാണ്. മി: സി. കുമരപ്പയായിരിക്കും ആദ്ധ്യക്ഷം വഹിക്കുന്നത്. (യു. പി.)

## ഡൽഹിയിൽ ലഹളയെക്കുറിച്ചുള്ള ആശങ്കയും കരുതൽനടപടികളും

ന്യൂഡൽഹി, ജൂൺ ൧൯—ഭയങ്കരമായ ലഹള ഡൽഹിയിൽ വീണ്ടും പൊട്ടിപ്പുറപ്പെട്ടേക്കുമെന്നുള്ള ശ്രുതി ശക്തിപ്പെട്ടുവരികയാണ്. അതിനനുസരണമായി ഗവമ്മെൻറു സ്വീകരിച്ചിട്ടുള്ള കക്കശനടപടികൾ പൊതുജനങ്ങളുടെ ഉൽക്കണ്ഠയെ വദ്ധിപ്പിച്ചിട്ടുണ്ട്. എല്ലാതെരുവുകളിലും പോലീസും പട്ടാളവും റോന്തുചുററിക്കൊണ്ടിരിക്കുന്നു. അവക്ക് അപ്പഴപ്പോൾ വേണ്ട നിർദ്ദേശങ്ങൾ വയർലെസ്സ് വഴി നൽകുവാനായി വേണ്ട ഏർപ്പാടുകളും ചെയ്തിട്ടുണ്ട്. ഒന്നാംക്ലാസ് മജിസ്ട്രേട്ട് മി: വി. പി. കപ്പൂറിനെ സ്പെഷ്യൽഡ്യൂട്ടിയിൽ നിയമിച്ചിരിക്കുന്നു. സംശയംതോന്നുന്ന സവ്വാളുകളേയും പോലീസ് ബന്തവസ്സിലാക്കുന്നു. ൧൫൨-പേരെ ഇതുവരെ പിടികൂടിയിട്ടുണ്ട്. ഏതൊരടിയന്തിരാവസ്ഥയും നേരിടുവാൻ ഗവമ്മെൻറ സന്നദ്ധമായിക്കഴിഞ്ഞിരിക്കുന്നു. (യു. പി.)

—o—

## പനമ്പള്ളി വോട്ടർതന്നെ

എറണാകുളം മിഥുനം ൬—ശ്രീ പനമ്പള്ളിയുടെ പേർ വോട്ടേഴ്സ് ലിസ്റ്റിൽനിന്നും നീക്കണമെന്നാവശ്യപ്പെട്ടുകൊണ്ടു ചാലക്കുടി നിയോജകമണ്ഡലത്തിലെ റി. ഷെവലിംഗ് അറോട്ടിമുഖേനെ ഒരു പീപ്പിൾസ് കാൺഗ്രസ്കാരൻ കൊടുത്തിരുന്ന ഹർജി ഇന്നലെ വിചാരണയ്ക്കുശേഷം തള്ളിക്കളഞ്ഞിരിക്കുന്നു. ഹർജിക്കാരനുവേണ്ടി എറണാകുളത്തെ അഡ്വക്കേററുമാരായ മെ. എ കൃഷ്ണയ്യർ, വി. പി. സുബ്രഹ്മണ്യയ്യർ (ഇവരും പീപ്പിൾസ് കാൺഗ്രസ്സുകാരാണ്) എന്നിവരാണ് ഹാജരായത്. ശ്രീ: പനമ്പള്ളിക്കുവേണ്ടി അദ്ദേഹംതന്നെ ഹാജരായിരുന്നു. വാദം കേൾക്കാൻ ചാലക്കുടി വില്ലേജുകച്ചേരിയിൽ വലിയ ഒരു ജനക്കൂട്ടം ഉണ്ടായിരുന്നു. (കേരളാപ്രസ്)

—o—

## കൊച്ചിയിലെ ഗ്രാൻറസ്കൂളുകൾ

എറണാകുളം മിഥുനം ൬—പുതുതായി ഗ്രാൻറ് സ്കൂളുകൾ ആരംഭിക്കുമ്പോൾ മാനേജ്മെൻറുകൾ ജാമ്യസംഖ്യകൾ കെട്ടിവയ്ക്കണമെന്ന് കൊച്ചിഗവമ്മെൻറ് വ്യവസ്ഥചെയ്തിരിക്കുന്നു. പ്രൈമറിസ്കൂളുകൾക്ക് ൫൦൦ രൂപയും ലോവർസെക്കൻഡറി (മിഡിൽ) സ്കൂളുകൾക്ക് ൧,൦൦൦ രൂപയും ഹൈസ്കൂളുകൾക്ക് ൨,൦൦൦ രൂപയുമായിരിക്കും ജാമ്യം. മാനേജ്മെൻറിൻെറ ക്രമക്കേടുകൾ അംഗീകാരവും ഗ്രാൻറും ഈ ജാമ്യത്തുകയും ഗവമ്മെൻറ് കണ്ടുകെട്ടുന്നതായിരിക്കും. (കേരളാപ്രസ്)

# ലാത്തിച്ചാർജ്ജും കമ്മ്യൂണിസ്ററുമർദ്ദനവും

## തല്പരകക്ഷികളുടെ വ്യാജപ്രസ്താവനകളാണെന്നു ഗവ: പ്രസ്നോട്ട്

### പത്രങ്ങൾ വ്യാജവാർത്താപ്രചരണത്തിനു സഹായിക്കരുത്

തിരുവനന്തപുരം മിഥുനം ൭—ഫെബ്രുവരി മെയ് ൨൦-ാംനു- കലവൂർ ആലപ്പുഴ മുതലായ പ്രദേശങ്ങളിൽ അക്രമമായി പോലീസ് ലാത്തിച്ചാർജ്ജുചെയ്തുവെന്നും കോട്ടയം ലോക്കപ്പിൽ കമ്മ്യൂണിസ്ററുമർദ്ദനം നടക്കുന്നുവെന്നും മററും ചില പത്രങ്ങളിൽ പ്രസ്താവിച്ചിരുന്നതു ഗവമ്മെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിരിക്കുന്നുവെന്നും അതുസംബന്ധിച്ചു വേണ്ട അന്വേഷണങ്ങൾ നടത്തിയിരിക്കുന്നുവെന്നും പ്രസ്താവിച്ചുകൊണ്ട് ഗവമ്മെൻറിൽനിന്നു ഒരു പ്രസ്സ് നോട്ടു പുറപ്പെടുവിച്ചിരിക്കുന്നു. കോട്ടയം ലോക്കപ്പിലെ മർദ്ദനത്തെപ്പററി മി: ഡി. സി. കിഴക്കേമുറി പ്രധാനമന്ത്രിയെക്കണ്ടു സ്വേദനം നടത്തുകയുണ്ടായി. എന്നാൽ ഇതിനെക്കുറിച്ച് ഇൻസ്പെക്ടർജനറൽതന്നെ അന്വേഷണം നടത്തിയതിൽ ആ പ്രസ്താവന വെറും വ്യാജവും അടിസ്ഥാനരഹിതവുമാണെന്നും നിറം പിടിപ്പിച്ച കെട്ടുകഥകളാണെന്നും ബോദ്ധ്യമായിരിക്കുന്നതായി പ്രസ്സ്നോട്ടിൽ പറയുന്നു. ആലപ്പുഴപോലീസ് ഇൻസ്പെക്ടരുടെ നേതൃത്വത്തിൽ ഒരു പെട്രോൾപാർട്ടി മുഹമ്മ മാരാരിക്കുളം മുതലായ പ്രദേശങ്ങളിൽ സഞ്ചരിക്കുകയും അവരുടെ സഞ്ചാരവേളയിൽ ചില സ്ഥലങ്ങളിൽ റോഡിൽവച്ചു ക്രമരഹിതമായി ചിലർ പെരുമാറുന്നതു കണ്ടു വേണ്ട താക്കീതു നൽകിയിട്ടും പിരിഞ്ഞുപോകാതെ കുഴപ്പമുണ്ടാക്കിയ ചില കമ്മ്യൂണിസ്ററുകാരെ പോലീസുകാർ തള്ളിമാററി കൂട്ടം പിരിച്ചുവിടുകയുമാണുണ്ടായതെന്നും അതു ക്രമസമാധാനപരിപാലനത്തിനു വേണ്ടിയായിരുന്നുവെന്നും ലാത്തി ഉപയോഗിച്ചിട്ടില്ലെന്നും അതു സംബന്ധിച്ചു പരാതിക്കാർ ആരുമുണ്ടായിട്ടില്ലെന്നും പ്രസ്സ്നോട്ടിൽ കാണുന്നു. ഇതുപോലുള്ള പ്രസ്താവനകളെല്ലാം പോലീസ്സിൻെറ അന്വേഷണത്തിൽനിന്നു രക്ഷനേടുന്നതിനുവേണ്ടി ചെയ്യുന്ന വെറും പ്രചരണങ്ങളാണെന്നു ഗവമ്മെൻറിനു ബോദ്ധ്യമായിരിക്കുന്നു.

കോട്ടയം ലോക്കപ്പുമർദ്ദനമെന്ന വ്യാജവാർത്ത പ്രചരിപ്പിച്ചതു് ആദ്യമായി ‘പൗരപ്രഭ’യാണെന്നും അതിൻെറ ലേഖകനായ മി: ഡി. സി. കിഴക്കേമുറിയുടെ പ്രവർത്തനഫലമായിട്ടാണ് ഈ വ്യാജവാർത്ത പരന്നതെന്നും പ്രസ്സ്നോട്ടിൽ പ്രസ്താവിക്കുന്നതോടുകൂടി പത്രങ്ങൾ ഇതുപോലുള്ള വ്യാജവാർത്ത പ്രചരിപ്പിക്കുന്നതിനെതിരായി ഒരു താക്കീതു നൽകുകകൂടി ചെയ്തിരിക്കുന്നു.

—o

## ഗ്രാമം ആക്രമിച്ചു

—o—

### റസാക്കറന്മാർ ഗ്രാമീണരുമായി സംഘട്ടനത്തിൽ

ഷോലാപ്പൂർ, ജൂൺ 20—കഴിഞ്ഞ വെള്ളിയാഴ്ച വൈകിട്ട് ഷോലാപ്പൂരിനു 15 മൈൽ അകലെയുള്ള ജസ്തി എന്ന ഗ്രാമം 500 റസാക്കറന്മാർചേർന്നു ആക്രമിക്കയുണ്ടായി. മോട്ടോർലോറികളിൽ വന്ന ആക്രമികൾ ഗ്രാമീണരുടെനേരെ വെടിവച്ചു തുടങ്ങിയപ്പോൾ അവർ ഇന്ത്യൻപോലീസിൻെറ സഹായത്തോടെ അതിനെ ചെറുത്തുനിന്നു. ഈ സംഘട്ടനത്തിൽ പതിനഞ്ചു റസാക്കാരന്മാർ മരിച്ചു. ഗ്രാമീണർക്കോ ഇന്ത്യൻപോലീസിനോ അപകടമൊന്നും സംഭവിച്ചില്ല.

## ഹൈദ്രബാദിൽ കടകൾ അടപ്പിച്ചു മുദ്രവയ്ക്കുന്നു

ഹൈദ്രബാദ്, ജൂൺ ൨൦—ഹൈദ്രബാദിൽ ഇറക്കുമതിചെയ്യപ്പെടുന്ന സാധനങ്ങൾ വില്പനനടത്തുന്ന വ്യാപാരികളുടെ കടകൾ ഇന്നു നൈസാമിൻെറ പോലീസ് അടപ്പിച്ചു മുദ്രവച്ചിരിക്കുന്നു. (എ. പി)

ദൌരാലാഷുഗർ വക്ക്സ് കൃട്ടതലായി ഉണ്ടാക്കിക്കൊണ്ടിരിയ്ക്കുന്ന...




അന്വേഷിക്കേണ്ടും മേൽവിലാസം — ദ ഡൽഹി ക്ലോത്ത് & ജനറൽ മിൽസ് കമ്പനി ലിമിററഡ്
ADARTS (DELHI) LTD. — DCM. 75 ML

# ശ്രീ: സി. രാജഗോപാലാചാരിയുടെ ആഗമനം

## മൗണ്ടുബാററനും പത്നിയും രാജാജിയെ സ്വീകരിച്ചു

### പുതിയ ഗവർണ്ണർജനറാലിനു് ഇന്ത്യൻ സൈന്യത്തിന്റെ ഗാർഡ് അഫ് ആണർ

• ഇന്ത്യൻജനതയോടു യാത്രപറഞ്ഞുകൊണ്ടുള്ള മൗണ്ട്ബാററൻപ്രഭുവിന്റെ പ്രക്ഷേപണം

(എ. പി. ഐ)

ന്യൂഡെൽഹി, ജൂൺ ൨൦ — ഹിസ് എക്സെലൻസി ശ്രീ. സി. രാജഗോപാലാചാരി കല്ക്കട്ടായിൽനിന്നു പ്രത്യേക വിമാനത്തിൽ ഇന്നു വൈകുന്നേരം ഇവിടെ എത്തുകയുണ്ടായി. ഈ പ്രത്യേകവിമാനം വൈകുന്നേരം കൃത്യം ൫ മണിക്കു് പാലം വിമാനസങ്കേതത്തിൽ ഇറങ്ങുകയുണ്ടായി. പുഞ്ചിരിയോടും കൂപ്പുകൈയോടെയും ശ്രീ. രാജഗോപാലാചാരി വിമാനത്തിൽനിന്നു വെളിയിലേക്കിറങ്ങിയപ്പോൾ അദ്ദേഹത്തെ ഗവർണ്ണർജനറാലിന്റെ മിലിറ്ററിസെക്രട്ടറി സ്വീകരിച്ചു. പ്രധാനമന്ത്രി പണ്ഡിതനെഹ്റു വിമാനത്തിന്റെ അടുക്കലേക്കുചെന്നു് ഹസ്തദാനം ചെയ്ത് അദ്ദേഹവുമായി ഹസ്തദാനം നടത്തി.

ഗവർണ്ണർ ജനറൽ ആകുവാൻപോകുന്ന അദ്ദേഹത്തെ പ്രധാനമന്ത്രി കൺസ്റ്റിറ്റ്യുവൻറ് അസംബ്ലിപ്രസിഡൻറ് ഡാക്ടർ രാജേന്ദ്രപ്രസാദിനും ഗവ: മന്ത്രിമാർക്കും ഇന്ത്യൻസർവ്വസൈന്യാധിപനും ആർ. ഐ. എൻ. ഫ്ളാഗ് ആഫീസർ കമാൻറിംഗിനും ആർ. ഐ. എ. എഫ്. എയർ ആഫീസർ കമാൻറിംഗിനും മററു് ഉയർന്ന ആഫീസറന്മാർക്കും പരിചയപ്പെടുത്തിക്കൊടുത്തു. ഗവർണ്ണർജനറൽ ആകുവാൻപോകുന്ന ശ്രീ രാജഗോപാലാചാരിക്ക് ഇന്ത്യൻസേനയുടെയും നാവികസൈന്യത്തിന്റെയും വിമാനസൈന്യത്തിന്റെയും ഘടകങ്ങൾ ഒരു ഗാർഡ് അഫ് ആണർ നൽകുകയുണ്ടായി. മിലിററി ബാൻഡിന്റെ അകമ്പടിയുമുണ്ടായിരുന്നു.

ഗാർഡ് അഫ് ആണർ പരിശോധിച്ചശേഷം ശ്രീ. രാജഗോപാലാചാരി പ്രധാനമന്ത്രിയാൽ അനുഗതനായി ഗവമെൻറ് മന്ദിരത്തിലേയ്ക്കു കാറോടിച്ചുപോയി. ഗവ. മന്ദിരത്തിന്റെ പ്രധാന പ്രവേശനദ്വാരത്തിലെ പൂമുഖത്തിനുമുമ്പിൽ ഇറങ്ങിക്കൊണ്ടു് ശ്രീ. രാജഗോപാലാചാരി ബാഡിഗാർഡ്സ് നൽകിയ ഗാർഡ് അഫ് ആണർ പരിശോധിച്ചു. അനന്തരം അദ്ദേഹം ഗവർണ്ണർജനറാലിന്റെ കുതിരപ്പട്ടാളത്തിലെ നിരന്നുനില്ക്കുന്ന അംഗരക്ഷകസേനാംഗങ്ങൾ ഇരുവശങ്ങളിലും അണിനിരന്നിരുന്ന പടികൾ കയറി. ഡർബാർഹാളിലേക്കു നയിക്കുന്ന ആ വലിയ പടികളുടെ മുകളിൽ ഗവർണ്ണർജനറൽ മൗണ്ടുബാററൻപ്രഭുവും ലേഡിമൗണ്ടുബാററനും അവരുടെ പുറകിലായി പ്രധാനമന്ത്രി പണ്ഡിതനെഹ്റുവും ഗവർണ്ണർജനറാലിന്റെ പുത്രി പമേല മൗണ്ടുബാററനും നിലകൊണ്ടിരുന്നു.

ശ്രീ. രാജഗോപാലാചാരി പടികൾ കയറിയപ്പോൾ മൗണ്ടുബാററൻപ്രഭുവും പത്നിയും ഇന്ത്യൻപാരമ്പര്യമനുസരിച്ചു് കൂപ്പുകൈയോടെ അദ്ദേഹത്തെ സ്വാഗതം ചെയ്തു. അതിനുശേഷം അവർ അദ്ദേഹത്തെ സല്യൂട്ടുചെയ്യുകയുമുണ്ടായി. ഗവർണ്ണർജനറൽ മൗണ്ടുബാററൻപ്രഭു ശ്രീ. രാജഗോപാലാചാരിയുമായി ഹാർദ്ദമായി ഹസ്തദാനം നടത്തുകയും കുശലങ്ങൾ ചോദിക്കുകയുമുണ്ടായി. അനന്തരം പണ്ഡിതനെഹ്റുവും അദ്ദേഹത്തെ വന്ദിച്ചു. ഗവർണ്ണർ ജനറൽ, ശ്രീ രാജഗോപാലാചാരിയുടെ തോളിൽ കയ്യിട്ടു് അദ്ദേഹത്തെ ഗവർണ്ണർ ജനറലിന്റെ ചൈതന്യം പ്രസരിച്ചുകൊണ്ടിരിക്കുന്ന ഉത്തരപാർശ്വഭാഗത്തേക്കു കൂട്ടിക്കൊണ്ടുപോയി. ഈ ചടങ്ങുകൾ വീക്ഷിച്ചുകൊണ്ടുനിന്നിരുന്ന ഒരു ചെറിയ ജനക്കൂട്ടം സകല കീഴ്പതിവുകളും ലംഘിച്ചുകൊണ്ടു ഗവർണ്ണർ ജനറലിനേയും ഗവർണ്ണർ ജനറൽ ആകുവാൻപോകുന്ന ആളിനേയും ബാഹൃമവരെ അനുഗമിച്ചു.

#### മൗണ്ട്ബാററനും പത്നിക്കും മംഗളപത്രസമർപ്പണം

ഇന്നു വൈകുന്നേരം മൗണ്ടുബാററൻപ്രഭുവിനും പത്നിക്കും ഡെൽഹിമുനിസിപ്പാലിററി ഒരു ഫെയർവെൽ മംഗളപത്രം സമർപ്പിച്ചു. അരലക്ഷത്തിൽപരം ജനങ്ങൾ ഈ യോഗത്തിൽ സംബന്ധിച്ചു. ബ്രിട്ടീഷ് ഭരണത്തിൽനിന്നു ഇന്ത്യയുടെ മോചനം കൈവരുത്തിയതിൽ മൗണ്ട്ബാററന്റെ സേവനങ്ങളെ മംഗളപത്രത്തിൽ ഏററവും പ്രശംസിച്ചിരുന്നു. ഈ സേവനങ്ങൾ കൊണ്ടു അദ്ദേഹം ഇന്ത്യയിലെ ഉദ്യോഗസ്ഥപ്രഭുഭരണത്തിന്റെ പഴയ ദുഷ്പ്രവൃത്തികൾക്കു പരിഹാരം ചെയ്യുകയായിരുന്നുവെന്നും അദ്ദേഹം ഇന്ത്യയിലെ ഏററവും വിശ്രുതനായ ഗവർണ്ണർജന



റൽ ആണെന്നും അതിൽ പ്രസ്താവിച്ചിരിക്കുന്നു. സാമൂഹ്യമണ്ഡലത്തിൽ മൗണ്ട്ബാററൻ പ്രഭ്വിയുടെ സേവനങ്ങളേയും അതിൽ പ്രശംസിച്ചിരുന്നു.

യോഗത്തിൽ സന്നിഹിതനായിരുന്ന പണ്ഡിതനെഹ്റു ഇന്ത്യൻസ്വാതന്ത്ര്യം കൈവരുത്തുന്നതിൽ മൗണ്ടുബാററൻ നിർവ്വഹിച്ച സൽപ്രവൃത്തികളെ പരാമർശിക്കയും അദ്ദേഹം ഇന്ത്യയുടെ ഏററവും വലിയ സുഹൃത്തുക്കളിൽ ഒരാളാണെന്നു പ്രസ്താവിക്കുകയും ചെയ്തു.

#### ഇന്ത്യൻ മന്ത്രിസഭയുടെ പ്രശംസ

മൗണ്ടുബാററന്റെ സേവനങ്ങളെ അനുസ്മരിച്ചുകൊണ്ടു് ഇന്ത്യൻമന്ത്രിസഭയ്ക്കുവേണ്ടി ഒരു സന്ദേശം പണ്ഡിതനെഹ്റു മൗണ്ടുബാററനു സമർപ്പിച്ചു. ഇന്ത്യയുടെ ചരിത്രത്തിൽ ഒരു പ്രാമാണ്യപ്പെട്ട സ്ഥാനം മൗണ്ടുബാററൻ വഹിക്കുന്നുവെന്നും ഒരു സ്വതന്ത്രഇന്ത്യയുടെ സൃഷ്ടിയ്ക്കു സഹായിക്കുകയും ഐശ്വര്യപൂർണ്ണമായ ഒരു ഇന്ത്യയുടെ സൃഷ്ടിക്കായി യത്നിക്കുകയും ചെയ്ത ആളെന്ന നിലയിൽ ഇന്ത്യയിലെ ജനങ്ങൾ അദ്ദേഹത്തെ സ്മരിക്കുന്നതാണെന്നും ആ സന്ദേശത്തിൽ പ്രസ്താവിച്ചിരിക്കുന്നു. സാമൂഹ്യമണ്ഡലത്തിലെ സ്തുത്യർഹസേവനങ്ങളേയും അതിൽ പരാമർശിക്കുന്നുണ്ടു്. ഇന്ത്യൻ മന്ത്രിസഭയുടെ സന്ദേശം തന്റെ ഹൃദയത്തെ അത്യധികം സ്പർശിച്ചിരിക്കുന്നതായും അതിനെ തന്റെ സ്മരണമണ്ഡലത്തിൽ ഒരു ശാശ്വതനിധിയായി സൂക്ഷിക്കുന്നതാണെന്നും സന്ദേശത്തിനു മറുപടിയായി അദ്ദേഹം പ്രസ്താവിച്ചു. മൗണ്ട്ബാററൻ പ്രഭുവിനു് ഗാന്ധിജിയുടെ ഒരു ചെറിയ പ്രതിമയും ഗാന്ധിജിയുടെ കൃതികളടങ്ങിയ ഒരു ഗ്രന്ഥവും സമർപ്പിച്ചു. അദ്ദേഹം അവ ചുംബിച്ചുകൊണ്ടുതന്നെ സ്വീകരിക്കുകയും ചെയ്തു.

#### മൗണ്ട്ബാററന്റെ പ്രക്ഷേപണം

ഇന്ത്യാഗവർണ്ണർ ജനറൽ മൗണ്ട്ബാററൻപ്രഭു ഇന്നുരാത്രി അഖിലേന്ത്യാറേഡിയോയിൽനിന്നു ചെയ്ത ഒരു യാത്രപറച്ചിൽ പ്രക്ഷേപണത്തിൽ ഇന്ത്യ ലോകത്തു ഒരു സമുന്നതസ്ഥാനവും ലോകകാര്യാദികളിൽ ഒരു സമുന്നതപങ്കും വഹിക്കുവാൻ നിയോഗിക്കപ്പെട്ടിരിക്കുന്നുവെന്നു പ്രസ്താവിച്ചു. "ഇന്ത്യയ്ക്കു അതിന്റെ പിന്നിൽ ഒരു മഹത്തായ ചരിത്രമുണ്ടു്. അതിന്റെ മുമ്പിലും ഇന്ത്യയ്ക്കു മഹത്തായ ഒരു ചരിത്രമാണുള്ളതു്. അതിനു നിരവധി പ്രശ്നങ്ങളുണ്ടു്. പെട്ടെന്നു സ്വാതന്ത്ര്യം കൈവരുന്ന രാജ്യങ്ങൾക്കെല്ലാം നേരിടേണ്ടിവരുന്ന നിരവധി പ്രശ്നങ്ങളുണ്ടു്. എന്നാൽ മനുഷ്യരാശിയുടെ ആറിലൊരുഭാഗം ഉൾക്കൊള്ളുന്ന രാജ്യത്തെ അസാമാന്യമായ ലോകവ്യാപ്ത വൈഷമ്യങ്ങൾ ഉണ്ടായ ഒരു സമയത്താണു് ഈ സ്വാതന്ത്ര്യം ലഭിച്ചതെന്ന വസ്തുതകൊണ്ടു ഈ പ്രശ്നങ്ങൾ ഇന്ത്യയുടെ കാര്യത്തിൽ വലിയ രൂപഭാവം പൂണ്ടിരിക്കുന്നു. ഇന്ത്യ ഈ പ്രശ്നങ്ങൾ പരിഹരിക്കുമെന്നും ഈ പ്രയാസങ്ങൾ തരണം ചെയ്യുമെന്നും എനിക്കറിയാം. ഇന്ത്യയുടെ ഒടുവിലത്തെ വൈസ്രായി ആകുവാൻ ഞാൻ എന്റെ നാവിക ജീവിതം വിട്ടുപോരണമെന്നു നിർദ്ദേശിക്കപ്പെട്ടപ്പോൾ ആ സംഗതി വലിയ അസ്വാസ്ഥ്യത്തോടെയും ഭീതിയോടെയുമാണു് ഞാൻ വീക്ഷിച്ചതു്. ൧൯൪൨-മുതൽ ൧൯൪൩-വരെ - ഈ സമയത്തു് എനിക്കു് ഡൽഹിയിൽ ഒരു പിന്നി ഫെഡ്കപ്പാഴ്സുണ്ടായിരുന്നു — തെക്കുകിഴക്കേ ഏഷ്യയിൽ സേവനമനുഷ്ഠിച്ചശേഷം അധികാരമേറെറടുക്കുവാൻ വരുന്ന ഒരു വൈസ്രായിയെ അഭിമുഖീകരിക്കുന്ന സ്ഥിതിഗതികളുടെ വൈഷമ്യബാഹുല്യത്തെപ്പററി ഏറെക്കുറെ എനിക്കു മനസ്സിലാക്കുവാൻ സാധിച്ചു. എന്നാൽ ഞാൻ ഇന്ത്യയിൽ എത്തിയപ്പോൾ പ്രശ്നത്തെ നേരിട്ടു കാണുവാൻ എനിക്കു സാധിച്ചു. പൊതുവേയുള്ള മനോനിലയിൽ ഏററവുമധികം ശോഭനമായ ഒരു സംഗതിയുണ്ടു്. ഏററവും പ്രധാനപ്പെട്ടതും അതുതന്നെയാണു്. അതു പ്രശ്നങ്ങൾക്കു യഥാർത്ഥമായ പരിഹാരം കാണുവാനുള്ള സകലരുടേയും ദൃഢനിശ്ചയമാണു. ഞാൻ ഇവിടെ വന്നനിമിഷം മുതൽ തരണം ചെയ്യാൻ സാധിക്കയില്ലെന്നു തോന്നിയ പ്രയാസങ്ങൾ അന്യോന്യവിശ്വാസത്തിലും സൗഹാർദ്ദത്തിലും അപ്രത്യക്ഷമാവുകയുണ്ടായി. ഇടക്കാലംവരെയുള്ള സ്വതന്ത്രഇന്ത്യയുടെ ഒന്നാമത്തെ വ്യവസ്ഥാപിതഗവർണ്ണർ ജനറൽ ആയിരിക്കുവാനുള്ള ക്ഷണം എന്തു വികാരത്തോടെയാണു ഞാൻ സ്വീകരിച്ചതെന്നു് എനിക്കു പറയുവാൻ കഴിയുന്നില്ല. 1948 മാർച്ച് ൩൧-ാം തീയതിവരെ ഇരിക്കുവാൻ ഞാൻ സന്തോഷപൂർവ്വം സമ്മതിച്ചു.

(അപൂർണ്ണം)

## മി: വി. കെ. കൃഷ്ണമേനോൻ

—.—

### ഇന്ത്യൻഡെലിഗേഷൻ സ്വീകരണം നല്കി

ലണ്ടൻ ജൂൺ ൧൯ — ഇന്ത്യാഹൈക്കമ്മിഷണർ മി. വി: കെ. കൃഷ്ണമേനോൻ ഇന്ത്യയുടെ പവൻമിച്ചം സംബന്ധിച്ച സംഭാഷണങ്ങൾക്കായി ലണ്ടനിലെത്തിയിരിക്കുന്ന മി. ആർ. കെ. ഷൺമുഖംചെട്ടിക്കും അദ്ദേഹത്തിന്റെ നേതൃത്വത്തിലുള്ള ഡെലിഗേഷന്റെ അംഗങ്ങൾക്കും ഒരു സൽക്കാരം നൽകിയിരിക്കുന്നു. ഇന്ത്യൻപത്രപ്രവർത്തകസംഘത്തിനു ഇന്നലെ ഇന്ത്യാഹൌസിൽവച്ചു ഒരു സ്വീകരണവും ഉണ്ടായിരുന്നു. (റായിട്ടർ)

# യൂണിയനിൽ നൈസാം ചേരുവാൻ മൗണ്ടുബാററന്റെ കമ്പി

### തന്റെ മന്ത്രിസഭയുടെ ഉപദേശം നിരസിക്കാൻ കാരണംകാണുന്നില്ലെന്നു നൈസാമിന്റെ മറുപടി

ഹൈദ്രബാദ്, ജൂൺ 20 ജൂൺ 17-ാംലെ നക്കൽഉടമ്പടിയുടെ അടിസ്ഥാനത്തിൽ ഇന്ത്യൻയൂണിയനുമായി അഭിമാനകരമായ ഒരു ഒത്തുതീർപ്പിൽ എത്തണമെന്നു അഭ്യർത്ഥിച്ചുകൊണ്ടു ജൂൺ ൧൯-ാം തീയതി മൗണ്ട്ബാററൻപ്രഭു ഹൈദ്രബാദ് നൈസാമിനു് ഒരു കമ്പിയടിച്ചിരുന്നു. ഇൻഡോ-ഹൈദ്രബാദ്ബന്ധത്തിന്റെ ഭാവിയെപ്പററി അതിൽ അദ്ദേഹം ഉൽക്കണ്ഠ പ്രകടിപ്പിച്ചിട്ടുള്ളതായി അറിയുന്നു. നക്കൽ ഒത്തുതീർപ്പുവ്യവസ്ഥ ഇന്ത്യയും ഹൈദ്രബാദും തമ്മിലുള്ള ബന്ധത്തിന്റെ ശരിയായ ഒരടിസ്ഥാനമാണെന്നദ്ദേഹം വിശ്വസിക്കുന്നു. കഴിഞ്ഞകാലങ്ങളിൽ മൗണ്ട്ബാററൻപ്രഭു ഹൈദ്രബാദിനുവേണ്ടി ചെയ്തിട്ടുള്ള പല നല്ലകാര്യങ്ങൾക്കും ഇൻഡോ-ഹൈദ്രബാദ് ബന്ധങ്ങളുടെ ഭാവിയെപ്പററി പ്രദർശിപ്പിക്കുന്ന താല്പര്യത്തിനും നന്ദി പ്രദർശിപ്പിച്ചുകൊണ്ടു് മൈനസാം പാർട്ടണ്ടു് ഈക്കാര്യത്തിൽ തന്റെ മന്ത്രിസഭ നൽകിയ ഉപദേശത്തെ തിരസ്കരിക്കുവാൻകാരണമൊന്നുമില്ലെന്നാണു്.

#### മുസ്ലിംനേതാക്കന്മാരെ കാണാൻ നൈസാം വിസമ്മതിച്ചു

ന്യൂഡൽഹി ജൂൺ ൨൦ — ഇന്ത്യാഗവമെൻറിന്റെ ലാമെമ്പറും നൈസാമിന്റെ ഭരണഘടനോപദേഷ്ടാവുമായിരുന്ന സർ സുൽത്താൻ അഹമ്മദ്, കാൺസംബ്ലിഅംഗങ്ങളായ നവാബ് മുഹമ്മദ് ഇസ്മയിൽഖാൻ, മി: ഹുസൈൻഇമാം എന്നിവരും ലുധിയാനായിലെ മൗലാനാ ഹബീബുർറഹ്മാൻ ലക്നൗവിലെ മൗലാനാജമാൻഷാ, കല്ക്കട്ടായിലെ ഷേക്‌മുഹമ്മദ്ജാൻ, ന്യൂഡൽഹിയിലെ നവാബു് ഹലിമുള്ള ജംഗ് ലക്നൗവിലെ മൗലാനാമുഹമ്മദ് നവാബ് ജാംഷെഡ് അലിഖാൻ എന്നീ നേതാക്കന്മാരുംചേർന്നു ഇന്ത്യയിലെ മുസ്ലീങ്ങൾക്കുവേണ്ടി പുറപ്പെടുവിച്ചിട്ടുള്ള അഭ്യർത്ഥനയിൽ ഹൈദ്രബാദിന്റെ ഭാഗധേയം ഇന്ത്യയോടു ബന്ധിക്കപ്പെട്ടിരിക്കുന്നതായി നൈസാമിനെ അറിയിച്ചിരിക്കുന്നു. ഇന്ത്യൻയൂണിയന്റെ നിർദ്ദേശങ്ങൾ സ്വീകരിക്കുവാൻ അവർ നൈസാമിനെ ഉദ്ബോധിപ്പിച്ചിരിക്കുന്നു. ഇന്ത്യൻയൂണിയനും ഹൈദ്രബാദും തമ്മിൽ ഒരു ഒത്തുതീർപ്പിനെക്കുറിച്ചു ചർച്ചചെയ്യുന്നതിനായി നൈസാമിനെ സന്ദർശിക്കുവാൻ അവർ കമ്പിയടിച്ചു അനുവാദമാവശ്യപ്പെട്ടിരുന്നു. അവരെ കാണേണ്ടആവശ്യമില്ലെന്നാണു് നൈസാം മറുപടി കൊടുത്തതു്. ഈ നേതാക്കന്മാർ ഇന്നലെ പുറപ്പെടുവിച്ച ഒരു പ്രസ്താവനയിൽ പറയുന്നതു് ഒത്തുതീർപ്പിനുവേണ്ടിയുള്ള നക്കൽവ്യവസ്ഥ അവർ പഠിച്ചുവെന്നും അനുരഞ്ജനത്തിനുവേണ്ടി ഇത്രയധികം ശ്രമിച്ചതിനു് ഇന്ത്യാഗവമെൻറിനെ അനുമോദിക്കേണ്ടതാണെന്നും പറഞ്ഞിരിക്കുന്നു. ഈ വ്യവസ്ഥ ഹൈദ്രബാദ് നിരസിച്ചതിൽനിന്നർത്ഥമാകുന്നതു് ഒരു ഒത്തുതീർപ്പിനു് നൈസാം അഭിലഷിക്കുന്നില്ലെന്നാണെന്നും അതിൽ പറഞ്ഞിരിക്കുന്നു. (എ. പി.)

—o—

# തലവേദന

ഉള്ളൂർ പി. കൃഷ്ണമൂർത്തി,
മദ്രാസുമെഡിക്കൽകാളേജുവിദ്യാർത്ഥി

ജലദോഷം കഴിഞ്ഞാൽ, പിന്നെ വളരെ സാധാരണയായി കണ്ടുവരുന്ന ഒന്നാണ് തലവേദന. കാലഭേദമോ ദേശഭേദമോ കൂടാതെ അതെല്ലാവരേയും ബാധിക്കും: തലവേദന ഒരു പ്രാവശ്യംപോലും അനുഭവിക്കാനിടവന്നിട്ടില്ലാത്ത ആളുകൾ കാണുമെന്നു തോന്നുന്നില്ല. ചിലരെ അതു് നിരന്തരമായി ശല്യപ്പെടുത്തുന്നുണ്ട്. ഇങ്ങനെ സർവ്വവ്യാപിയായിരിക്കുന്ന തലവേദനയെക്കുറിച്ച് അറിയുന്നതിന് സാമാന്യജനങ്ങൾക്ക് താല്പര്യമുണ്ടായിരിക്കുമല്ലോ?

തലവേദന പിടിപെട്ടാൽ, അതൊന്നുമരണവേദനയായിട്ടാണ് തോന്നുക; അതനുഭവിക്കുന്നവന് എങ്ങനെയെങ്കിലും അതൊന്നു ശമിപ്പിച്ചാൽ മതിയെന്നായിത്തീരും. അതിന് അവൻ ചില്ലറ സാഹസങ്ങൾ ചെയ്യാൻ കൂടി തയ്യാറാണ്. തലവേദനയ്ക്കു് പ്രത്യക്ഷൗഷധമായി സാധാരണ ഉപയോഗിച്ചുവരുന്നതു് "ആസ്പിരിൻ" ഗുളികകളാകുന്നു. ഒന്നുരണ്ടു ഗുളികകൾ കൊണ്ടു തൃപ്തിപ്പെടാതെ ചിലർ അഞ്ചും ആറും ഒരേസമയം വിഴുങ്ങുന്നുണ്ട്. "അധികസ്യ അധികംഫലം" എന്ന വിചാരമാണ് ഇവരെ ഈ അബദ്ധം ചെയ്യാൻ പ്രേരിപ്പിക്കുന്നതു്. അഞ്ചും ആറും മാത്രകൾ 'ഒററയടിക്കു്' തിന്നുന്നതു വലിയതെററാണെന്നു് ഇവർമനസ്സിലാക്കുന്നില്ല. ഇരുപത്തിനാലു മണിക്കൂറിനുള്ളിൽ ഒരുവനു കഴിക്കാവുന്നതിൽ ഏററവും കൂടുതൽ ആസ്പിരിൻ മാത്രകൾ അഞ്ചെണ്ണംമാത്രമാണെന്നാകുന്നു വിദഗ്ദ്ധാഭിപ്രായം. അപ്പോൾ ഒരേസമയം അഞ്ചും ആറും ഗുളികകൾ കഴിക്കുന്നതു് തെററാണെന്നു സ്പഷ്ടമാകുന്നില്ലേ? ഇത്രയധികം ഗുളികകൾ തിന്നുന്നതുകൊണ്ടു് രക്തം ദുഷിച്ചുപോകുന്നു. രണ്ടാമതായി തലവേദനയ്ക്കു് മാത്രകൾകൊണ്ടു പരിഹരിക്കാവുന്ന ഒരു രോഗമായി കരുതുന്നതു തെററാണ്. തലവേദന ഒരു രോഗമല്ല. ദേഹത്തിലുള്ള ചില അസ്വാസ്ഥ്യങ്ങളെപ്പററി നമുക്കു തരുന്ന ഒരു മുന്നറിയിപ്പുമാത്രമാണതു്.

പലതരത്തിലുള്ള തലവേദനകൾ നാം കണ്ടുവരുന്നുണ്ട്. അവയിൽ ഭൂരിപക്ഷവും നാം വിചാരിക്കുന്നതുപോലെ അത്ര അപകടം പിടിച്ചതല്ല. പുസ്തകപാരായണം നിത്യതൊഴിലാക്കിയിട്ടുള്ള പരിശ്രമിയായ ഒരു യുവാവിന് തലവേദനയുണ്ടായെന്നു വെയ്ക്കുക. അപ്പോൾ എന്താണു ചെയ്യേണ്ടതെന്നാലോചിക്കാം. അയാളുടെ കണ്ണുകൾ പരിശോധിച്ച് തക്കതായ കണ്ണട വയ്ക്കുവാൻ ഉപദേശിക്കുന്നു. അതു ചെയ്തുകഴിയുമ്പോൾ അയാളുടെ തലവേദനയും ഇല്ലാതാകുന്നു. കണ്ണുകളെ കൂടുതലായി പ്രവർത്തിപ്പിച്ചതുകൊണ്ടു വന്നതാണീ തലവേദന. അതിനെ ആസ്പിരിൻകൊണ്ടു് ഒരിക്കലും ശമിപ്പിക്കുവാൻ സാദ്ധ്യമല്ല. കണ്ണുകൾക്കു് അല്പം വിശ്രമം കൊടുക്കുകയോ, കണ്ണടവച്ചു കണ്ണുകളെ സഹായിക്കുകയോ ചെയ്താൽ ഇത്തരം തലവേദനയ്ക്കുള്ള പ്രതിവിധിയായി.

വൈദ്യശാസ്ത്രപ്രകാരം തലവേദനകളെ രണ്ടായി വിഭജിക്കാം. 1) തലയോട്ടിനു വെളിയിലുണ്ടാകുന്നവ. (Extra Cranial) 2) തലയോട്ടിനകത്തുണ്ടാകുന്നവ (Intra Cranial) ഒന്നാം വകുപ്പിലുള്ള തലവേദനയുണ്ടാകുന്നതിനു കാരണങ്ങൾ താഴെപറയുന്നവയിൽ ഒന്നായിരിക്കാം. 1) കണ്ണുകൾക്കുണ്ടാകുന്ന ക്ഷീണം (Strain due to the over-work of eyes) 2 പോഷകാംശമുള്ള ആഹാരങ്ങളുടെ കുറവു് 3. വിശപ്പ് 4. മലബന്ധം (Constipation) 5 ശുദ്ധവായുകിട്ടായ്ക (PoorVentillation)

രണ്ടാംവിഭാഗത്തിലുൾപ്പെട്ട തലവേദന (Intra Crainial) അപകടംപിടിച്ച ഒന്നാണ്. തലച്ചോറിലുണ്ടാകുന്ന മുഴകൾ (Tumours in the brain) രക്തസമർദ്ദം (Blood pressure) പനി (Fever മലമ്പനി (Malaria) മുതലായ രോഗങ്ങളുടെ ഫലമായുണ്ടാകുന്നതാണ് ഇത്തരം തലവേദന.

തലച്ചോറിലുണ്ടാകുന്ന മുഴകൾക്ക ആപ്പറേഷനല്ലാതെ വേറെയാതൊരു പ്രതിവിധിയുമില്ല. അതിനാലാണ രണ്ടാംവകുപ്പിലുംപെട്ട തലവേദന കൂടുതൽ അപായകരമെന്നു പറയുന്നതു്.

അവസാനമായി, ഒരുതരം തലവേദനയെക്കുറിച്ചു കൂടി ചിന്തിക്കാം. Migaraine എന്നുപറയുന്ന ഒരുതരം തലവേദനയാണിതു്. ഇതു പിടിപെട്ടിട്ടുള്ളവർ തലവേദനവരാത്തസമയങ്ങളിൽ പതിവുപോലെ ജീവിതം നയിക്കുന്നു. എന്നാൽ വേദനയുണ്ടാകുന്ന അവസരങ്ങളിൽ അതു സഹിക്കവയ്യാതെ പല മരണഗോഷ്ടികളും കാട്ടുന്നു. Migaraine ചികിത്സ ഇന്നും ശൈശവാവസ്ഥയിലാണ ഇരിക്കുന്നതു്. പലരും പല ചികിത്സാക്രമങ്ങളും നിർദ്ദേശിക്കുന്നുണ്ട്. എന്നാൽ യഥാർത്ഥചികിത്സാവിധി ഇനിയും കണ്ടുപിടിയ്ക്കപ്പെട്ടുകഴിഞ്ഞിട്ടില്ല.

അതിനാൽ തലവേദന വരുമ്പോൾ പരിഭ്രമിച്ചു ആസ്പിരിൻ ഗുളികയന്വേഷിച്ചു, ഓടിനടക്കാതെ, ഒരു നല്ല ഡാക്ടരെക്കൊണ്ടു ശരീരം പരിശോധിപ്പിച്ചു വേണ്ട പ്രതിവിധിചെയ്യുന്നതു നന്നായിരിക്കും.

—*—




# പിറന്നാൾ

—o—

ഗ്രന്ഥകർത്താ,
പി. സി. കുട്ടികൃഷ്ണൻ
മംഗളോദയം ലിമിററഡ് തൃശ്ശൂർ

വില അണ 12.

ഒരു ചെറുകഥാകൃത്തായി അറിയപ്പെട്ട ശ്രീ. പി.സി. കുട്ടികൃഷ്ണൻതന്റെ പിറന്നാളാഘോഷത്തിന കവിതാകഞ്ചുകം ചാർത്തിനിൽക്കുന്ന വിധമാണ് ഇതിൽ ദൃശ്യമാകുന്നതു്. പതിനാറു ചെറുകവിതാവിഭാഗങ്ങൾ ഈ പിറന്നാൾ സദ്യയിൽ അദ്ദേഹം ഒരുക്കിവച്ചിട്ടുണ്ട്. കവിതയ്ക്കു് അഴകുവരുത്തുന്ന, ആത്മാർത്ഥ്യസുലഭമാകുന്ന സ്വാനുഭവപ്രചോദനം, തന്മയീഭാവസ്ഫുരണം പ്രമാണമാക്കിക്കൊണ്ടുള്ളതാണ് ഇതിലെ രചനാവിധി. ആശയാവിഷ്കരണത്തിന് ഉപകരണമായി ഗാനാത്മകമായ ദ്രാവിഡവൃത്തങ്ങളെ സ്വീകരിച്ചിരിക്കുന്നതും ഉചിതമായിട്ടുണ്ട്. പക്ഷേ ചിലസ്ഥലങ്ങളിലേയ്ക്കുള്ള പദസംഘടനകൊണ്ടു സംഗീതത്തിന്റെ അവിച്ഛിന്നധാര ചിലയിടങ്ങളിൽ തടഞ്ഞുനിന്നു അപസ്വരം പുറപ്പെടുവിക്കുന്നു. പിറന്നാൾ ഈ ഗ്രന്ഥത്തിലെ ആദ്യകവിതയാണ്.

ഞാനേകഴിഞ്ഞൊരാവർഷത്തിലേടുകൾ
നൂനമൊരോന്നും മറിച്ചുനോക്കി
അശ്രുവാലൊട്ടിപ്പിടിച്ചൊരത്താളുക-
ളത്രയും കാണുന്നതെന്നപോലെ.

ഇതിലെ ഏടിനും കണ്ണീരിനും തമ്മിലുള്ള ബന്ധം, ഗ്രന്ഥകർത്താവുതന്നെ പറഞ്ഞുതരേണ്ടതായിരിക്കുന്നു—"കണ്ണീക്കലങ്ങിയൊഴുകും നദകളെൻ് ഹൃത്തിലെ ഗ്രന്ഥങ്ങളേറെപാട്," എന്നു തുടങ്ങുന്ന ഏതാനും വരികളിൽ ഭാവനയുടെ ഒരു നേരിയ നിഴൽ പാകി കാണാനുണ്ട്.

ഈ ഗ്രന്ഥത്തിലെ കവിതകളിൽ ഏററം മികച്ചതായി അനുഭവപ്പെടുന്നതു് അമർഷതരംഗം എന്ന ദ്വിതീയകവിതയായിരിക്കും.

അയൽപക്കത്തെക്കൊച്ചുകുട്ടി
കളിയാടിടും ഭംഗി-
നാലയിൽക്കിടന്നുപൂന്തൊട്ടി
ലാട്ടുമ്പോളും തന്നെ
ഞാനഹോ പിന്നിട്ടതെൻ
ശൈശവം കരഞ്ഞുകൊ
ണ്ടാകണമെന്നമ്മതൻ കണ്ണ
നീർക്കതിർമഞ്ഞിൽ.

കരുണാമയമായ അനുഭവം വായനക്കാരന്റെ അന്തരാത്മാവിൽ തികച്ചും ആവഹിക്കുന്നു.

പട്ടടപ്പൊളിചിന്നിച്ചുഴ
കോലാഹലയിൽ
പുസ്തകങ്ങളുമായിപ്പോയിട്ടും
വിദ്യാർത്ഥികൾ
പരിഹാസത്തിൻചളിനീർ
തട്ടിത്തെറിപ്പിച്ചു
തരിമൺ തൊണ്ടുമോലക്കെട്ടു
മായ്പോകവാറന്നേരം.

യഥാർത്ഥവർണ്ണനയുടെ സ്വഭാവോക്തിപ്രകർഷം ഇതിൽ നിരീക്ഷിക്കാൻ സാധിക്കും.

നറുതേത മല്ലപ്പൂക്കൾ
തന്നുള്ളിൽത്തുളുമ്പുമ
പെരികെത്തുറന്നോന്ന
കാട്ടുമ സായാഹ്നത്തിൽ.

ഇതിലെ ഔചിത്യം പെരികെത്തുറന്നാകെ കാറിയ നമ്മുടെ ഭയാദ്വിഷ്ടിക്കവകാശമായിത്തീർന്നില്ലെങ്കിലും അദ്ദേഹം സൃഷ്ടിക്കുന്ന പശ്ചാത്തലം അതിന്റെ അനന്തരംഗങ്ങളോടിണങ്ങുമ്പോൾ ഏററവും ഹൃദ്യതരമായി പരിണമിക്കുന്നു.

അവളെക്കണ്ടെഞാനാപ്പച്ചില
ക്കാവിൻപിറപി
ലകലസ്സേരാസ്യയായ്സന്ധ്യ
താരകപോലെ
ഉദ്ധരാജിയാൽത്തീർത്ത കമ
ലേഖത്തപ്പ
തുലകം വായിച്ചഹോ സൂക്ഷി
ച്ചൊരജ്ഞാതത്തിൽ.

ഭാവാത്മകവും വിചാര്യമാണരമണീയവുമായ ഈ വിശദീകരണത്തിൽകൂടി കവിയുടെ അന്തരംഗം ആലേഖനം ചെയ്യുന്നു.

കട്ടങ്ങീമടിയ്ക്കു് ലച്ചരടാൽത്തീർത്തുള്ളോരാ
ക്കട്ടക്കിചതിമുഖായംകുമീമാരപേടയും
ചട്ടലേക്ഷണങ്ങളാൽത്തഡിയ്ക്കുനീകാ-
(ന്തന്റെ
കഠിനോരസ്സിൽ ചേർന്നാൽജീവിത
(ഭൈവർജ്ജ്യത
എന്ന ആക്രോശത്തോടുകൂടി, എന്നാൽ സഭ്യതയെ അശേഷം ലംഘിക്കാതെ വികാരതീവ്രതയുടെ ചില തീപ്പൊരികൾ ചിതറി സൗന്ദര്യമുമായിള മായ അപ്രേമഗിരിയിൽ കവി എരിഞ്ഞടങ്ങുന്നതു് അനുഭവപ്പെടുന്നു. ഇതിലെ അതിശുദ്ധപരമാഗത്തിൽ അസമർത്ഥമാണെന്നു ചിലർക്കുപറയാതിരുന്നില്ല.

കടക്കാർവഴിവക്കിൽവച്ചുത ഉച്ചലിപോലെ
കടന്നശകാരത്താലെൻകരളിലെ പൊളിക്ക
(മ്പോൾ

ഇങ്ങനെയൊരു തീപ്പൊരിയെ സൃഷ്ടിച്ചതുകൊണ്ടു തെളിപ്പെടുത്തിന സാംഗത്യം വർദ്ധിക്കുന്നില്ല.

എൻകരങ്ങളിൽചാഞ്ഞുവരണ്ടചുണ്ടാൽ
(സ്വന്തം
പൊന്മകനോടെ നാമമുരുവിട്ടിടവേ

നീരണിമിഴികളാല് വനിലനഭ്രഷ്ട-
ധാരയെപ്പടസ്സർമാതാ-വോക്കുകെൻ
കാറിനേ.

ദയാവീരമായ ഈ രംഗവിധാനം നമ്മെ ഏദയതരളിതരാക്കുന്നു. പിറന്നാൾ ദിനംതോട്ടെ കണ്ണീരും കയ്പുമായി കഴിയുന്ന കവിയുടെ പഴംകഞ്ചാച്ചിൽ ഒടുവിൽ അമർഷംകൊണ്ടു ലോകസംഹാരമന്ത്രമായി ഉയരുന്നു.

മനുഷ്യരൊററത്തിരുമിലാവൃകംപോടി-
(യാക്കി
പ്പൂരന്ന വഹ്ന്നിയസ്സിൽപ്പൂരവാൻ
കഴിയുകിൽ
സ്നേഹാരാധകനായിരിക്കേണ്ട കവിയുടെ വിദ്വേഷം!

പിറന്നു്, എന്ന പേരിലാണ അടുത്ത കവിത. ഇതിൽ സ്മരണയുടെ പേശലവിലാസങ്ങൾ കലാകൗശലബോധത്തോടുകൂടി കവി വിശദീകരിച്ചുകാണുന്നുണ്ട്. ശ്രീ: ഇടപ്പള്ളിയും മററാ ആണെന്നുതോന്നുന്നു മലയാളസാഹിത്യത്തിൽ നട്ടുപിടിപ്പിച്ചു മാതളത്തൈയ് പലരും ഇന്നു് അതിനെ പരിപാലിച്ചു മന്മഥവൃക്ഷമായി വളർത്തുന്നതായിക്കാണുന്നു. ശ്രീ കുട്ടികൃഷ്ണനും മാതളത്തേമേൽ ഓണക്കിളിയെക്കൊണ്ടൊരു പാട്ടു പാടിക്കാതെ വിടുന്നില്ല.

ആയതിൻ മരോന്മത്ത ശാഖകളോചങ്ങളി
ലാനന്ദം ഉടിച്ചാററിവൻ
നരപോലെ

എന്നു നിരീക്ഷണക്ഷമമായ സാദൃശ്യങ്ങൾ,

ചന്തയിലാണ്ടോളവളെത്തുകത്തിരിക്കേണ
മന്തിനക്ഷത്രക്കതിരുഴിയെമുകന്നിടാൻ

എന്നമാതിരിയിലുള്ള ചില സാരസ്യരീതികളുംകൊണ്ടു കവിതാക്ഷേത്രത്തിൽ പൂർവ്വദ്വാരംവഴിക്ക പ്രവേശിച്ച ലക്ഷണമാണ അദ്ദേഹം പ്രത്യക്ഷമാക്കുന്നതു്. നിറനിലവിന്ന സ്വാഗതംചെയ്തുകൊണ്ടു പ്രകൃതിസൗകമാര്യത്തെ വാഴ്ത്തുന്ന കവിയുടെ പലതും പ്രമാദപരമായി ഇടറിപ്പോയിരിക്കുന്നതു് ദയനീയമായ ഒരു കാഴ്ചയാണ്.

സ്വാഗതം പൂഞ്ചന്ദ്രികേ, സ്വാഗതം
സുധാത്മികേ
സ്വാഗതമസ്സദ്ധിക്കയാഗതമന്യേതിഥേ,
എന്ന പ്രയോഗംപോലെതന്നെ
കണ്ടസാദോഷങ്ങളും ദീർഘദൂരങ്ങളും

ഇതിൽ സ്ഥലംപിടിച്ചുകാണുന്നു. മാധുര്യമായ രംഗങ്ങളിൽനിന്നു വിലാസലാസ്യം ചെയ്യുന്നിന്ന കവിതാദേവിയെ പെട്ടെന്നു ഭാവനാമണ്ഡപത്തിലേയ്ക്കു പിടിച്ചുററിയിരിക്കുന്നവിധമാണ അനന്തരഭാഗങ്ങളിൽ. ആ ബലാൽകൃഷ്ടമാണതാംകൊണ്ടു വിരസവും വിഷാദാത്മകവുമായിത്തീരുന്ന കവിതയുടെ അസ്പഷ്ടചേഷ്ടകൾ അവിടവിടെ ദർശിച്ചുതുടങ്ങുന്നു.

പറക്കു ഹയമേനിന്ദ്രയപ്പ്രമാദത്താൽ
തെറിച്ചുപോയിട്ടെ തടവാം തടവേ തും

എന്നിങ്ങനെ പദാർത്ഥബോധമില്ലാത്ത ചിലപ്രലപനങ്ങളും ആ പരിവർത്തനത്തിൽ നമുക്ക കേൾക്കേണ്ടിവരുന്നു. അങ്ങനെ 'ലഹരി'പിടിച്ച കവി, വല്ലതും ചെയ്യു് എന്നു കവിതയോടപേക്ഷിക്കുന്നതും 'ചന്ദ്രക്കല'യ്ക്കുവേണ്ടി കൈനീട്ടുന്നതും "മിന്നൽപ്പിണരി"നെ കെട്ടിപ്പുണരാൻ നോക്കുന്നതും.

പിഴച്ചേകനൊന്നാമത്തെക്കതിയിൽ
ആണെന്നോ വാർ
ചതിയം ചതിച്ചുതീയാഗ്ഗോദപര സ്വന്തം
ക്ഷുഭിതാന്തരംഗമാമന്തരീക്ഷമെൻ
നെഞ്ചി-
ലുരുതം ചൊരിയവേ തെല്ലിപ്പോ
യവശം ഞാൻ
വഴതികഴിഞ്ഞുഴാം തന്നത്താൻ
നിയന്ത്രിപ്പാൻ
കഴിവററവനായിത്തീർന്നേപ്പി
ചോദത്തിൽ,

എന്നിങ്ങനെ തന്നെത്താൻ വിചാരിച്ചുടങ്ങുന്നതുമായ സ്ഥിതിയിലായിത്തീരുന്നു. വിലാസത്തിന്റെയും വിഷാദത്തിന്റെയും പുഞ്ചിരിയുടെയും കണ്ണീരിന്റെയും സമ്മിശ്രതയാണ ഇതുമുഴുക്കെ ഉള്ളതു്. സാഹിത്യക്ഷേത്രത്തിൽ പൂർവ്വഗോപുരദ്വാരേണ പ്രവേശിക്കുന്ന കവി പശ്ചിമഗോപുരത്തിലെത്തി അർദ്ധപ്രദക്ഷിണം നിർവഹിച്ചുനില്ക്കുന്ന വിധമാണ ഇതിൽ ദൃശ്യമാകുന്നതു്.

(സി-ഐ-പി)

—o—

പുതിയ മതമഠങ്ങളും, മതസംഘങ്ങളും സ്ഥാപിക്കുന്നതിനേയും, അമർത്തപ്പെട്ടവയെ വീണ്ടും പുനരുദ്ധരിപ്പിക്കുന്നതിനേയും നിരോധിച്ചിരിക്കുന്നു. ജനനസംബന്ധമായ സിവിൽ വ്യവസ്ഥയും രജിസ്ട്രേഷനും സിവിൽ അധികാരികൾക്കു വിധേയമാണ്. ഈ നിയമവ്യവസ്ഥയുടെ പ്രവർത്തനത്തിനു ആവശ്യമുള്ള ചട്ടങ്ങളെ ഫെഡറൽ നിയമനിർമ്മാണം ഉണ്ടാക്കുന്നതാണ്.

ശവസംസ്കാരസ്ഥലങ്ങളുടെ നിയന്ത്രണം സിവിൽ അധികാരികളുടെ കീഴിലാണ്. മരിച്ചുപോകുന്ന ഏവനും മാന്യമായ ഒരു ശവസംസ്കാരത്തിനു അവർ വ്യവസ്ഥ ചെയ്യണം. വിവാഹം ചെയ്യുന്നതിനുള്ള അവകാശം കാൺഫെഡറേഷന്റെ സംരക്ഷണയിലാണ്. ഏതെങ്കിലും ഒരു കക്ഷിയുടെ മതവിശ്വാസം, ദാരിദ്ര്യം, പെരുമാററം, പൊലീസ് സ്വഭാവമുള്ള മററു കാര്യങ്ങൾ എന്നിവയിന്മേൽ അടിസ്ഥാനപ്പെട്ടിട്ടുള്ള യാതൊരു കാരണങ്ങൾകൊണ്ടും വിവാഹത്തിനു തടസ്സമുണ്ടാക്കുവാൻ പാടില്ല. ഏതെങ്കിലും ക്യാൻറണിലോ, മറുദേശത്തോ വച്ച് ആ നാട്ടിൽ നടപ്പിലിരിക്കുന്ന നിയമമനുസരിച്ചു നടത്തപ്പെടുന്ന വിവാഹങ്ങൾ കാൺഫെഡറേഷനിൽ ഒട്ടാകെ സാധുതയുള്ളവയായിരിക്കും. വിവാഹംകൊണ്ട് ഭാര്യക്കു ഭർത്താവിന്റെ കമ്മ്യൂണിയിൽ പൌരത്വം സിദ്ധിക്കുന്നതാണ്. മാതാപിതാക്കന്മാരുടെ വിവാഹത്തിനുമുമ്പ് ജനിക്കുന്ന കുട്ടികൾക്ക് മാതാപിതാക്കന്മാരുടെ അനന്തരമുള്ള വിവാഹംകൊണ്ട് നിയമാവകാശലബ്ധി സിദ്ധിക്കുന്നു. വിവാഹശേഷം മറുതരത്തിലുള്ള നികുതിയെയും ഭർത്താവിന്റെയും, ഭാര്യയുടേയും മേൽ ചുമത്തിക്കൂടാ.

പത്രസ്വാതന്ത്ര്യം സംരക്ഷിതമാണ്, എന്നാൽ അതിന്റെ ദുർവിനിയോഗത്തെ തടയുന്നതിനായി അവശ്യം വേണ്ട ഉപായങ്ങളെ ക്യാൻറൺകൾക്കു നിയമനിർമ്മാണംമൂലം കൈക്കൊള്ളാവുന്നതാണ്. അങ്ങിനെയുള്ള നിയമങ്ങൾ അനുമതിക്കുവേണ്ടി ഫെഡറൽകൗൺസിലിൽ സമർപ്പിക്കേണ്ടതാണ്. കാൺഫെഡറേഷനും, ഫെഡറൽ അധികാരികൾക്കും എതിരായി പ്രയോഗിക്കുന്ന പത്രസ്വാതന്ത്ര്യദുർവിനിയോഗത്തെ അമർത്തുന്നതിനുവേണ്ടി ശിക്ഷകൾ നിർണ്ണയിക്കുന്നതിനു കാൺഫെഡറേഷനും അധികാരമുണ്ട്.

സംഘടനകളുടെ ഉദ്ദേശങ്ങൾ പ്രവർത്തനരീതികൾ എന്നിവ നിയമവിരുദ്ധവും സംസ്ഥാനത്തിന് ആപൽക്കരവും അല്ലാത്തവിധത്തിൽ സംഘങ്ങൾ രൂപവൽക്കരിക്കുന്നതിനുള്ള അവകാശം പൗരന്മാർക്കുണ്ട്. ദുർവിനിയോഗത്തെ തടയുന്നതിനു പര്യാപ്തങ്ങളായ നിയമങ്ങളെ ക്യാൻറൺ നിയമനിർമ്മാണം സൃഷ്ടിക്കുന്നതാണ്.

ഹർജി കൊടുക്കുന്നതിനുള്ള അവകാശം സംരക്ഷിക്കപ്പെട്ടിരിക്കുന്നു. ഒരുവന്റെമേൽ സാധാരണാധികാരമുള്ള അധികാരന്റെ മുമ്പാകെനിന്ന് ഒരുവനെ മാററിക്കൂടാവുന്നതല്ല. അതനുസരിച്ച് വിശേഷാൽകോടതികൾ സ്ഥാപിക്കാവുന്നതല്ല. മതാധ്യക്ഷനീതിന്യായാധികാരം നിർമ്മാർജ്ജനംചെയ്തിരിക്കുന്നു.

സ്വിററ്സർലൻഡിൽ കുടിപാർപ്പുറപ്പിച്ചിട്ടുള്ള ഒരു നിർധനനല്ലാത്ത അധമർണ്ണന്റെമേൽ ഉള്ള അവകാശങ്ങൾക്കുവേണ്ടിയുള്ള വ്യവഹാരങ്ങൾ അവൻ പാർക്കുന്ന സ്ഥലത്തിന്റെ അധികാരമുള്ള ജഡ്ജിയുടെ മുമ്പാകെ ബോധിപ്പിക്കേണ്ടതാണ്. അങ്ങിനെയുള്ള അവകാശങ്ങളെ തൃപ്തിപ്പെടുത്തുന്നതിനുവേണ്ടി അവന്റെ അധിവാസക്യാൻറണിന്റെ അതിർത്തിക്കു പുറത്തുള്ള അവന്റെ വസ്തുവകകളെ കൈവശപ്പെടുത്തുകയോ തടങ്കലിൽപ്പെടുത്തുകയോ ചെയ്തുകൂടാ. വിദേശീയരെ സംബന്ധിച്ച്, ഈ വ്യവസ്ഥകൾ അന്താരാഷ്ട്രീയനിയമങ്ങൾക്കു വിരുദ്ധമല്ലാത്തതരത്തിൽ ആയിരിക്കണം.

കടത്തിനുവേണ്ടി തടവിൽ പാർപ്പിക്കുക എന്നതു് നിറുത്തലാക്കിയിരിക്കുന്നു.

നിയമനിർമ്മാണം, നീതിന്യായനടപടികൾ എന്നിവസംബന്ധിച്ച് ഏതൊരുക്യാൻറണും മററു കാൺഫെഡറേററഡ് സംസ്ഥാനങ്ങളിലെ പൌരന്മാർക്ക് സ്വന്തപൌരന്മാർക്കു നൽകുന്നതുപോലെയുള്ള പെരുമാററം നൽകേണ്ടതാണ്. ഏതെങ്കിലും ക്യാൻറണിൽ ഉണ്ടാകുന്ന സിവിൽവിധികൾ സ്വിററ്സർലൻഡിൽ എല്ലായിടത്തും വിധി നടത്തപ്പെടാവുന്നതാണ്.

ഭരണഘടനകൾ

# സ്വിസ് കാൺഫെഡറേഷന്റെ ഫെഡറൽഭരണഘടന

എസ്സ്. രാമവാര്യർ

(തുടർച്ച)

ഒരു ക്യാൻറണിൽനിന്ന് മറെറാന്നിലേക്കു നീക്കപ്പെടുന്ന വസ്തുവിന്മേലുള്ള ആഭ്യന്തരനികുതിയും, ഒരു ക്യാൻറണിലെ വസ്തു വാങ്ങുന്നതിന് മററു ക്യാൻറണിലെ ആളുകൾക്ക് എതിരായിട്ട് ആ ക്യാൻറണിലെ ആളുകൾക്കുള്ള പ്രഥമാവകാശവും സ്വിററ്സർലാൻഡ് ഒട്ടുക്ക് ഇല്ലാതെ ആക്കിയിരിക്കുന്നു. വിദേശങ്ങളിലേക്കു കൊണ്ടുപോകുന്ന വസ്തുക്കളെ സംബന്ധിച്ചുള്ള നികുതി പരസ്പരവ്യവസ്ഥിതിക്ക് വിധേയമായിട്ടു നീക്കിയിരിക്കുന്നു.

സിവിൽ കഴിവുകൾ, ജംഗമവസ്തുക്കളെ സംബന്ധിച്ചുള്ള കച്ചവടത്തെയും ഇടപാടുകളേയും പററിയുള്ള എല്ലാ നിയമപ്രശ്നങ്ങൾ, സാഹിത്യവും കലയും സംബന്ധിച്ച പകർപ്പവകാശം, വൈയവസായികകണ്ടുപിടിത്തങ്ങൾ (മാതൃകകളും ഡിസയിനുകളും ഉൾപ്പെടെയുള്ളതു്) ഋണം നിർധനത്വം എന്നിവ സംബന്ധിച്ചു വ്യവഹാരങ്ങൾ, എന്നീ കാര്യങ്ങളെ സംബന്ധിച്ച് നിയമങ്ങൾസൃഷ്ടിക്കുന്നതിന് കാൺഫെഡറേഷന് അവകാശമുണ്ട്. സിവിൽനിയമത്തിന് വിധേയമായ മററു കാര്യങ്ങളെ സംബന്ധിച്ചും നിയമനിർമ്മാണത്തിനുള്ള അവകാശമുണ്ട്. നീതിന്യായക്കോടതികളെയും, നിയമനടപടികളെയും, നിയമപരിപാലനത്തേയും സംഘടിപ്പിക്കുന്നതിനുള്ള അവകാശം ഇപ്പോഴുള്ളതുപോലെ മേലാലും ക്യാൻറണിൽ സ്ഥിതിചെയ്യുന്നതാണ്. ശിക്ഷാനിയമസംബന്ധമായ നിയമനിർമ്മാണാധികാരം കാൺഫെഡറേഷനുണ്ട്. കാരാഗൃഹങ്ങളും ജോലിപ്പുരകളും, ദുർഗ്ഗുണപരിഹാരശാലകളും സ്ഥാപിക്കുന്നതിനും, ശിക്ഷാരീതി പരിഷ്കരിക്കുന്നതിനുംവേണ്ടി ക്യാൻറൺകൾക്ക് കാൺഫെഡറേഷൻ സഹായധനം നൽകാവുന്നതാണ്. അതുപോലെതന്നെ ഉപേക്ഷിക്കപ്പെട്ട കുട്ടികളെ സംരക്ഷിക്കുന്നതിനുള്ള സ്ഥാപനങ്ങൾക്കും സഹായധനം നൽകാവുന്നതാണ്.

രാഷ്ട്രീയാപരാധങ്ങൾക്കുവേണ്ടി വധശിക്ഷ വിധിക്കപ്പെടാവുന്നതല്ല. ദേഹദണ്ഡം നിരോധിച്ചിരിക്കുന്നു. ഒരു സ്വിസ്പൌരന്റെ രാഷ്ട്രീയാവകാശങ്ങളെ എത്രമാത്രം എടുത്തുകളയാമെന്നുള്ള പരിധികൾ ഫെഡറൽനിയമനിർമ്മാണം നിർദ്ദേശിക്കുന്നതാണ്. ഒരു ക്യാൻറണിൽനിന്നു വേറൊരു ക്യാൻറണിലേക്കുള്ള എക്സ്ട്രാഡിഷൻസംബന്ധിച്ച കാര്യങ്ങൾ ഫെഡറൽനിയമനിർമ്മാണത്തിന്റെ വിഷയങ്ങളാണ്. രാഷ്ട്രീയവും പത്രപ്രവർത്തനപരവുമായ അപരാധങ്ങൾക്ക് എക്സ്ട്രാഡിഷൻ നിർബന്ധിതമാക്കാവുന്നതല്ല. രാഷ്ട്രീയപദവിയില്ലാത്തവരായ ആളുകളെ സംബന്ധിച്ചും ഭാവിയിൽ അങ്ങിനെയുള്ളവർ ഉണ്ടാകാതെയിരിക്കുവാൻവേണ്ടിയുമുള്ള കാര്യങ്ങളെ സംബന്ധിച്ചും നിയമവ്യവസ്ഥകൾ ഫെഡറൽനിയമനിർമ്മാണം ഏർപ്പെടുത്തുന്നതാണ്.

മനുഷ്യർക്കും മൃഗങ്ങൾക്കും പ്രത്യേകം ആപൽക്കരമായിട്ടുള്ള രോഗങ്ങൾ, സാംക്രമികരോഗങ്ങൾ, നടപ്പുദീനങ്ങൾ എന്നിവയെ സംബന്ധിച്ച ഉപായങ്ങൾ നിർദ്ദേശിച്ചുകൊണ്ട് കാൺഫെഡറേഷനു നിയമം ഉണ്ടാക്കാവുന്നതാണ്. ആരോഗ്യത്തിനും ജീവനും ഹാനികരമായേക്കാമെന്നുള്ള വിഷയത്തിൽ ഭക്ഷ്യസാധനങ്ങൾ, മററു ഗൃഹസാധനങ്ങൾ, സാമാന്യമായ ഉപയോഗത്തിലുള്ള അന്യവസ്തുക്കൾ എന്നിവ സംബന്ധിച്ച് നിയമങ്ങൾ ഉണ്ടാക്കുന്നതിന് കാൺഫെഡറേഷനു അവകാശമുണ്ട്. അങ്ങിനെയുള്ള നിയമങ്ങളെ കാൺഫെഡറേഷന്റെ മേൽനോട്ടത്തിലും ധനസഹായത്തോടുകൂടെയും ക്യാൻറൺ പരിപാലിക്കുന്നതാണ്. രാഷ്ട്രത്തിന്റെ അതിർത്തികൾക്കുള്ളിലേക്കുള്ള ഇറക്കുമതിയെ കാൺഫെഡറേഷൻ നിയന്ത്രിക്കുന്നു.

സ്വിററ്സർലൻഡിലെ ആഭ്യന്തരമോ ബാഹ്യമോ ആയ രക്ഷയെ അപകടത്തിലാക്കുന്ന വൈദേശികരെ രാജ്യത്തിൽനിന്ന് കാൺഫെഡറേഷനു ബഹിഷ്കരിക്കാവുന്നതാണ്.

## ഫെഡറൽഅധികാര സ്ഥാനങ്ങൾ

ii

എ. ഫെഡറൽ അസംബ്ലി (നിയമസഭ)—ജനങ്ങൾക്കും ക്യാൻറൺകൾക്കും സംവരണം ചെയ്യപ്പെട്ടിട്ടുള്ള അവകാശങ്ങൾക്കു വിധേയമായി, കാൺഫെഡറേഷന്റെ പരമാധികാരം നടത്തുന്നതു് ഒരു ദ്വിമണ്ഡലഫെഡറൽഅസംബ്ലിയാണ്. നാഷണൽകൌൺസിൽ, കൌൺസിൽ ആഫ് സ്റ്റേററ്സ്, എന്നിവയാണ് മണ്ഡലങ്ങൾ. ആകെയുള്ള ജനസംഖ്യയിൽ ഇരുപതിനായിരം ജനങ്ങൾക്കു ഒരു പ്രതിനിധിയെന്ന അനുപാതത്തിന്മേൽ സ്വിസ് ജനതയാൽ തിരഞ്ഞെടുക്കപ്പെട്ട പ്രതിനിധികളടങ്ങിയതാണ് നാഷണൽകൌൺസിൽ. പതിനായിരത്തിൽ കൂടുതൽ വരുന്ന അംശത്തെ ഇരുപതിനായിരമായി ഗണിക്കപ്പെടും. ഓരോ ക്യാൻറണും, വിഭക്തക്യാൻറൺകളിലെ ഓരോ അർദ്ധക്യാൻറണും ചുരുങ്ങിയതു് ഒരു പ്രതിനിധിയെ എങ്കിലും തിരഞ്ഞെടുക്കുന്നതായിരിക്കും. നാഷണൽകൌൺസിലിലേക്കുള്ള തിരഞ്ഞെടുപ്പ് നേരിട്ടുള്ളതാണ്. ആനുപാതികപ്രാതിനിധ്യം എന്ന തത്വമനുസരിച്ചാണ് തിരഞ്ഞെടുപ്പു നടത്തുന്നതു്. ഓരോ ക്യാൻറണും ഓരോ അർദ്ധക്യാൻറണും ഓരോ നിയോജകമണ്ഡലമായിരിക്കും. ഈ തത്വങ്ങൾക്കു പ്രയോജകത്വംവരുത്തുന്നതിനു ആവശ്യമുള്ള വിസ്തരിച്ച വ്യവസ്ഥകളെ ഫെഡറൽ നിയമനിർമ്മാണം ഉണ്ടാക്കുന്നതാണ്. പാർപ്പിടമായ ക്യാൻറണിലെ നിയമപ്രകാരം, ഉജ്ഝിതമായ പൌരത്വത്തിൽനിന്ന് ബഹിഷ്കരിക്കപ്പെടാത്തയാളും ഇരുപതുവയസ്സു തികഞ്ഞയാളും ആയ ഏതൊരു സ്വിസ് ജനത്തിനും തിരഞ്ഞെടുപ്പിലും സമ്മതിദാനത്തിലും പങ്കെടുക്കുന്നതിനു അവകാശമുണ്ട്. സമ്മതിദാനാവകാശമുള്ള ഏതൊരു സ്വിസ് പൌരജനത്തിനും നാഷണൽ കൌൺസിലിലെ അംഗമായി തിരഞ്ഞെടുക്കപ്പെടാവുന്നതാണ്. നാഷണൽകൌൺസിലിന്റെ കാലാവധി മൂന്നുവർഷമാണ്. അതിനുശേഷം മുഴുവനും പുതുതായി തിരഞ്ഞെടുക്കപ്പെടുന്നു. കൌൺസിൽ ആഫ് സ്റ്റേററിലെ പ്രതിനിധികൾ, ഫെഡറൽകൌൺസിലിലെ അംഗങ്ങൾ, ആ കൌൺസിൽ നിയമിക്കുന്ന ഉദ്യോഗസ്ഥന്മാർ, എന്നിവർ ആ കാലത്തിൽതന്നെ നാഷണൽകൌൺസിലിലെ അംഗങ്ങൾകൂടെ ആയിരിക്കാവുന്നതല്ല. ഓരോ സാധാരണയോഗത്തിനും, അസാധാരണയോഗത്തിനും, ഓരോ അദ്ധ്യക്ഷനേയും, ഉപാദ്ധ്യക്ഷനേയും അംഗങ്ങളുടെ ഇടയിൽനിന്ന് നാഷണൽകൌൺസിൽ തിരഞ്ഞെടുക്കുന്നു. ഒരു സാധാരണയോഗത്തിന്റെ അദ്ധ്യക്ഷനായിരുന്ന ഒരാളെ അടുത്ത സാധാരണയോഗത്തിന്റെ അദ്ധ്യക്ഷനായോ ഉപാദ്ധ്യക്ഷനായോ തിരഞ്ഞെടുക്കാവുന്നതല്ല. അടുത്തടുത്തു രണ്ടു സമ്മേളനങ്ങളിൽ ഒരാൾതന്നെ ഉപാദ്ധ്യക്ഷനായിട്ടിരുന്നുകൂടാ. വോട്ടുകൾ തുല്യമാകുന്ന അവസരത്തിൽ അദ്ധ്യക്ഷനു കാസ്റ്റിങ്ങ് വോട്ടുണ്ട്. തിരഞ്ഞെടുപ്പുകളിൽ അദ്ധ്യക്ഷൻ സാധാരണ അംഗങ്ങളെപ്പോലെതന്നെ വോട്ടുചെയ്യുന്നു. നാഷണൽകൌൺസിലിലെ അംഗങ്ങൾക്കു ഫെഡറൽഖജാവിൽനിന്ന് ഒരു അലവൻസ് ലഭിക്കുന്നു.

ബി. കൌൺസിൽ ആഫ് സ്റ്റേററ്സ്—കൌൺസിൽ ആഫ് സ്റ്റേററിലെ അംഗങ്ങളുടെ സംഖ്യ ഇരുപത്തിനാലാണ്. ഓരോ ക്യാൻറണും രണ്ടു പ്രതിനിധികളെ വീതം നിയമിക്കുന്നു. വിഭക്തക്യാൻറൺകളുടെ അർദ്ധക്യാൻറൺകൾ ഓരോ പ്രതിനിധികളെവീതം നിയമിക്കുന്നു. നാഷണൽകൌൺസിലിലേയോ ഫെഡറൽ കൌൺസിലിലേയോ അംഗങ്ങൾക്ക് കൌൺസിൽ ആഫ് സ്റ്റേററ്സിലെ പ്രതിനിധികളായിരിക്കാവുന്നതല്ല. ഓരോ സാധാരണസമ്മേളനത്തിനും അസാധാരണസമ്മേളനത്തിനും അംഗങ്ങളിൽനിന്ന് കൌൺസിൽ അദ്ധ്യക്ഷനേയും ഉപാദ്ധ്യക്ഷനേയും തിരഞ്ഞെടുക്കുന്നു. അടുത്തു മുൻപേ നടന്ന സാധാരണസമ്മേളനത്തിന്റെ അദ്ധ്യക്ഷനായിരുന്ന പ്രതിനിധിയുടെ ക്യാൻറണിലെ പ്രതിനിധികളിൽനിന്ന് അദ്ധ്യക്ഷനേയോ ഉപാദ്ധ്യക്ഷനേയോ തിരഞ്ഞെടുക്കാവുന്നതല്ല. തൊട്ടടുത്ത രണ്ടു സാധാരണസമ്മേളനങ്ങളിലെ അദ്ധ്യക്ഷസ്ഥാനം ഒരേ ക്യാൻറണിലെ പ്രതിനിധികൾക്കു വഹിക്കാവുന്നതല്ല. വോട്ടുകൾ തുല്യമായിരിക്കുന്ന അവസരത്തിൽ അദ്ധ്യക്ഷനു കാസ്റ്റിങ്ങ് വോട്ടുണ്ട്. തിരഞ്ഞെടുപ്പുകളിൽ അദ്ധ്യക്ഷൻ മററംഗങ്ങളെപ്പോലെതന്നെ വോട്ടുചെയ്യുന്നു. കൌൺസിൽ ആഫ് സ്റ്റേററ്സിലെ പ്രതിനിധികൾക്ക് അവരവരുടെ ക്യാൻറൺകളിൽനിന്ന് ഒരു അലവൻസ് ലഭിക്കുന്നു.

സി. ഫെഡറൽ അസംബ്ലിയുടെ അധികാരങ്ങൾ—ഈ ഭരണഘടനാനിയമം കാൺഫെഡറേഷന്റെ അധികാരസീമയിൽ നിക്ഷേപിക്കുന്നതും, വേറെ ഫെഡറൽ അധികാരസ്ഥാനത്തിനായിട്ടു് വിട്ടുകൊടുത്തിട്ടില്ലാത്തതും ആയ സകല കാര്യങ്ങളെയുംപററി നാഷണൽ കൌൺസിലിലും, കൌൺസിൽ ആഫ് സ്റ്റേററ്സിലും പര്യാലോചിക്കുന്നു. താഴെകാണുന്ന കാര്യങ്ങൾ പ്രത്യേകിച്ചും രണ്ടുകൌൺസിലുകളുടേയും അധികാരപരിധിയിലാണ്.

൧) ഫെഡറൽ അധികാരസ്ഥാനങ്ങളുടെ സംഘടനയും അവയിലേക്കുള്ള തിരഞ്ഞെടുപ്പുംസംബന്ധമായനിയമങ്ങൾ.

൨) ഫെഡറൽ അധികാരത്തിന് ഭരണഘടനയിൽ നൽകിയിട്ടുള്ളതായ കാര്യങ്ങളെ സംബന്ധിച്ച നിയമങ്ങളും ശാസനങ്ങളും.

൩) ഫെഡറൽ ഡിപ്പാർട്ടുമെൻറുകളിലേയും, ചാൻസില്ലറിയിലേയും അംഗങ്ങളുടെ ശമ്പളവും അലവൻസും സ്ഥിരമായ ഫെഡറൽ ആഫീസുകളുടെ സ്ഥാപനവും അതു സംബന്ധമായ വേതനങ്ങളുടെ നിർണ്ണയവും.

൪) ഫെഡറൽ കൌൺസിൽ, ഫെഡറൽ ന്യായാസനം ചാൻസില്ലർ, ഫെഡറൽ സൈന്യത്തിന്റെ പ്രധാന സേനാനായകൻ, എന്നിവ തിരഞ്ഞെടുക്കുക. മററുദ്യോഗസ്ഥാനങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പ്, സ്ഥിരപ്പെടുത്തൽ എന്നിവ ഫെഡറൽ നിയമപ്രകാരം ഫെഡറൽ അസംബ്ലിക്കു നൽകാവുന്നതാണ്.

൫) വിദേശസംസ്ഥാനങ്ങളുമായുള്ള സഖ്യങ്ങൾ, ഉടമ്പടികൾ, തങ്ങളിൽതമ്മിലോ വിദേശസംസ്ഥാനങ്ങളുമായോ ക്യാൻറൺകൾ ചെയ്യുന്ന ഉടമ്പടികളുടെ സ്ഥിരീകരണം (എന്നാൽ ക്യാൻറൺകൾ ചെയ്യുന്ന ഉടമ്പടികളെക്കുറിച്ചു ഫെഡറൽ കൌൺസിലോ മറെറാരു ക്യാൻറണോ ഫെഡറൽ അസംബ്ലിമുമ്പാകെ അപ്പീൽസമർപ്പിക്കുന്നെങ്കിൽ മാത്രമെ അവയെപ്പററി ചർച്ചയ്ക്കവകാശമുള്ളൂ.)

൬) സ്വിററ്സർലൻറിന്റെ ബാഹ്യരക്ഷ, സ്വാതന്ത്ര്യത്തിന്റേയും നിഷ്പക്ഷതയുടേയും സംരക്ഷണം എന്നിവസംബന്ധിച്ചുള്ള ഉപായങ്ങൾ, യുദ്ധപ്രഖ്യാപനം, സമാധാനസംസ്ഥാപനം.

7) ക്യാൻറൺകളുടെ ഭരണഘടന—അതിർത്തികൾ എന്നിവയുടെ സംരക്ഷണം, അതു സംബന്ധിച്ചുള്ള ഇടപെടലുകൾ, സ്വിററ്സർലൻഡിന്റെ ആഭ്യന്തരരക്ഷ, സമാധാനവും സദ്‌വ്യവസ്ഥിതിയും എന്നിവ, മാപ്പുകൊടുക്കൽ, ബന്ധമോചനം എന്നിവ.

8) ഫെഡറൽ ഭരണഘടന, ക്യാൻറൺ ഭരണഘടനകൾ, ഫെഡറൽ ബാദ്ധ്യതകൾ എന്നിവയുടെ ശരിയായ നടത്തിപ്പിനുവേണ്ടിയുള്ള ആവശ്യങ്ങളായ ഉപായങ്ങൾ.

(ശേഷം പത്താംപേജിൽ)

# സ്മരണസരണി

## XIV

### പി. അനന്തൻപിള്ള എം. എ.

൧൦൬൭ ചിങ്ങം ൨൦-ാംതീയതിയിലെ ദിനചരിക്കുറിപ്പിൽ ഇങ്ങനെ കാണുന്നു. "കാലത്തു ഒമ്പതുമണിക്ക ഞങ്ങൾ പുതിയ സ്കൂൾകെട്ടിടത്തിലേക്ക മാറി". ആവൂ! അതെന്തൊരു ആശ്വാസമായിരുന്നു? ചന്തയുടേയും ഗേൾസ്ഹൈസ്കൂളിന്റേയും സാമീപ്യം, പെൺപള്ളിക്കൂടത്തിലെ ശബ്ദം, ആററികിൽ ഒതുക്കി അഴുക്കിയിട്ടിരിക്കുന്നതിൽനിന്നുമുള്ള ദുർഗ്ഗന്ധം, പച്ചക്കുളത്തിന്റെ അനാവരതദൃഷ്ടി, എന്തിനേറെ? ആ പഴയകെട്ടിടം ഡാക്ടർ മിച്ചൽ കണ്ടെങ്കിൽ അരനിമിഷം ഞങ്ങളെ അവിടെ ഇരിക്കുവാൻ സമ്മതിക്കുന്നതല്ലായിരുന്നു. എങ്കിലും ആറും ഏഴും വർഷം അതിൽ കഴിച്ചുവരുണ്ട്. പില്ക്കാലത്തു ജീവിതത്തിന്റെ ഉൽകൃഷ്ടസോപാനങ്ങളിൽ കയറിയവരുമുണ്ട്. അവരിൽ വല്ല സംകുചിതമനോഭാവവും ദർശിക്കുന്നു എങ്കിൽ ഈ പരിതഃസ്ഥിതികളിലേക്ക കണ്ണോടിച്ചാൽ മതി. പരമാത്മാ കാരുവിടട്ടെ.

ആ പഴയ ഓലക്കെട്ടിടം വിട്ടുപോകുന്നതിൽ ആർക്കും അനുകമ്പിതത്തിനവകാശമില്ലായിരുന്നു. ഇപ്പോഴത്തെ ചില ദാരിദ്ര്യം പിടിച്ച പ്രൈമറിപ്പള്ളിക്കൂടങ്ങളിലെപ്പോലെ ഒരേ ഒരു ഹാളിൽ അഞ്ചും ആറും ക്ലാസുകൾ നടത്തിവന്ന പതിവ് എത്ര അനാശാസ്യമായിരുന്നു. നല്ല തന്റേടവും കുറച്ചു ഫലിതവും ഉള്ള അദ്ധ്യാപകനു എല്ലാ ക്ലാസിലേയും വിദ്യാർത്ഥികളുടെ ശ്രദ്ധയെ തന്റെ അടുക്കലേക്ക് ആകർഷിക്കുവാൻ വിഷമമായിരുന്നില്ല. അയാളുടെ അട്ടഹാസങ്ങളും ഉച്ചത്തിലുള്ള ചോദ്യങ്ങളും, ചെവിക്കുപിടിയും, മൂക്കിലിടിയും മററും കേൾക്കുകയും കാണുകയും ബഹു രസകരമായി തോന്നിയ അന്യക്ലാസിലെ വിദ്യാർത്ഥികളെ അവരുടെ അദ്ധ്യാപകന്മാർ കൂടക്കൂടെ ശിക്ഷിക്കയുണ്ടായി. അശ്രദ്ധാവധാനകാരണം പോലും ഏകാഗ്രത ദുർഘടമായിരുന്ന ഈ അന്തരീക്ഷത്തിനു ഒരെല്ലായ്മ മാറാം വരുന്ന തെന്നാണെന്നു ഞങ്ങൾ നിമിഷങ്ങൾ എണ്ണിക്കഴിക്കയായിരുന്നു.

മെയിൻറോഡിൽനിന്നും സുകരമായ ഗതാഗതം, ശുചിയായ പരിസരങ്ങൾ, വിശാലമായ അങ്കണം, കമനീയമായ കെട്ടിടം—ഇത്യാദി അനേകം വൈശിഷ്ട്യങ്ങളോടുകൂടിയ ആ പുതിയ ഹൈസ്കൂളിന്റെ ഉൽഘാടനകർമ്മം ഭംഗിയായി നിർവ്വഹിക്കുന്നതിനു വേണ്ട സജ്ജീകരണങ്ങൾ ഞങ്ങൾ കാലേകൂട്ടി ചെയ്തുവന്നു. മത്സരക്കളികളിൽ വള്ളംകളിക്ക പുതിയ പരിതഃസ്ഥിതികളിൽ സൗകര്യമില്ലാഞ്ഞതിനാൽ ആയതു നേരത്തെ നിർവഹിച്ചു. മലവെള്ളം വന്നുപോയ സമയമായിരുന്നതിനാൽ നദിയിലെ ജലപുഷ്ടിയും ഒഴുക്കും ഞങ്ങളെ സഹായിച്ചു. ഏകദേശം ഇരുപതുകൊല്ലംമുൻവഞ്ചികൾ പഴയ സ്കൂൾകെട്ടിടത്തിന്റെ ഇടങ്ങഴിഗേറ്റുനിന്നും ചക്കരക്കടവിലേക്ക പുറപ്പെട്ടതിൽ ഞാനും ജി. കെ. നായരും കയറിയ വഞ്ചിതന്നെയാണ് അഗ്രേസരത്വം അവലംബിച്ചതു്. മഞ്ഞാലിക്കാരായ മുസ്ലീംയുവാക്കളും, എന്നും വള്ളത്തിൽ സഞ്ചരിക്ക പതിവായിരുന്ന ചേന്നമംഗലം ഉണ്ണിപ്പണിക്കർ മുതലായവരും മത്സരിക്കുമ്പോൾ കൃശഗാത്രന്മാരായ ഞങ്ങൾക്കു വിജയലബ്ധിയിലുള്ള ആശ വളരെ കുറവായിരുന്നു. ബാലചാപല്യം ഒഴിക്കാവുന്നതല്ലല്ലോ. നല്ല ഒഴുക്കിൽ ഞങ്ങൾ കീഴ്പോട്ടു അതിവേഗത്തിൽ പോയപ്പോൾ പുറകെയുള്ളവർ പാട്ടുപാടി ആർത്തുവിളിച്ചു പഴുക്കു വരികയായിരുന്നു. തിരികെ വരുമ്പോൾ മിട്ടക്കാണിച്ചുകൊള്ളാം എന്നായിരിക്കാം ഭാവം. ഏകദേശം രണ്ടുഫർലാങ്ങ് ദൂരത്തായപ്പോൾ ഞങ്ങൾ അവരുടെ ദൃഷ്ടിപഥത്തിൽനിന്നു മറഞ്ഞു. പിന്നെ ഒരു കൌശലം പ്രയോഗിക്കയാണു ചെയ്തതു്. വഞ്ചി കരയ്ക്കടുപ്പിച്ച് ഞങ്ങളിറങ്ങി വേഗം വള്ളങ്ങൾ കടപ്പുണ്ടായിരുന്നതിന്റെ കൂട്ടത്തിലൊതുക്കി നിർത്തി. കാറ്റും മഴയുമുണ്ടായിരുന്നതിനാൽ ഞങ്ങൾ ഒരു കടയുടെ തിണ്ണയിലിരുന്നു് കടലയ്ക്കാ വരുത്തിവാങ്ങി സരസസംഭാഷണത്തിലേർപ്പെട്ടു. നാഴ്യാരസുവരുന്നതുകണ്ടില്ല. അങ്ങനെ പതിവായി മറുകരയ്ക്കു വാങ്ങുന്നതു് ആ കടയിൽനിന്നുമാണ്.

ഒന്നൊന്നരമണിക്കൂറു കഴിഞ്ഞപ്പോൾ ദൂരത്തുനിന്നു ആർപ്പുവിളിയും, വഞ്ചിപ്പാട്ടും കേട്ടു. മത്സരക്കളിക്കാരുടെ തിരിച്ചുവരവാണ്. ചക്കരക്കടവിൽ ചെന്നു് തൊട്ടു തിരിച്ചുവരണമെന്നായിരുന്നതിനാൽ, ഇരുകരകളുംതൊട്ടു വരുന്നതിനു ഞങ്ങളുടെ വള്ളം തിരിച്ചുറിയുവാൻ പ്രയാസമാക്കിയിരുന്നു. ഇടക്കുമഴയും ഉണ്ടായിരുന്നതുനിമിത്തം നേരത്തേ നിശ്ചിതസ്ഥലത്തെത്തിയ ഞങ്ങൾ മറുകരയടുപ്പിച്ചു തിരികെപ്പോയിരിക്കുമെന്നും, ഒപ്പമെത്തുകമാത്രമല്ല, മുമ്പിൽ കടക്കണമെന്നും അവർ തീർച്ചപ്പെടുത്തി സകല ശക്തികളും പ്രയോഗിച്ചു തുഴയുകയായിരുന്നു. നദീതീരത്തു നിര്രേ ചാഞ്ഞുനിന്ന കേരതരുക്കളുടെ ഛായയിൽ ഞങ്ങൾ പതുക്കെ വള്ളം ഇറക്കി വിശ്രമാനന്തരമുള്ള നവോന്മേഷത്തോടുകൂടി വലിച്ചുതുടങ്ങി. അവർ ഞങ്ങളുടെ ദൃഷ്ടിക്കു ലക്ഷീഭവിച്ചപ്പോ ഏകദേശം അരനാഴിക ദൂരത്താകയാൽ ബാക്കിയുള്ള രണ്ടുഫർലാങ്ങു അവരെ മുമ്പിൽ കടക്കുവാൻ സമ്മതിക്കാതെ മത്സരിക്കുവാൻ കഴിഞ്ഞു. ഇങ്ങനെ പ്രഥമസ്ഥാനത്തിനർഹരായ ഞങ്ങളെ വാസ്തവത്താൽ അനുമോദിക്കുവാൻ—സാർ തയ്യാറായിരുന്നു. പക്ഷെ നാഴ്യാരസാറ അറിഞ്ഞെങ്കിൽ എങ്ങനെ?.. എന്നായിരുന്നു ഞങ്ങളുടെ ഭയം.

സമ്മാനദാനം ഉൽഘാടനത്തിനുശേഷം എന്നായിരുന്നു നിശ്ചയം. ആകയാൽ ഞങ്ങളുടെ ഘോഷയാത്ര പൌരസഞ്ചയത്താൽ അലംകൃതമായിരുന്ന പാംശുലങ്ങളോടുകൂടിയ റോഡിൽകൂടി മന്ദംമന്ദം നീങ്ങി ഒൻപതുമണിക്ക പുതിയ കെട്ടിടത്തിലെത്തി. സ്ഥലത്തെ ജഡ്ജി - റാവു ഉൽഘാടനകർമ്മം നിർവഹിച്ചതിനുശേഷം വിദ്യാർത്ഥികൾ അവരവരുടെ ക്ലാസ്സിൽ ചെന്നു ഹാജരുവയ്ക്കുകയും, ലഘുഭക്ഷണത്തിനായി പിരിയുകയും ചെയ്തു.

ഓരോ ക്ലാസ്സിനു ഓരോമുറി, ധാരാളം വായുവും വെളിച്ചവും, ചാണകം മെഴുകിയിരുന്ന തറയ്ക്കു പകരം നല്ല ഓടുകൾ പാകിയതു്, വിശാലപരിസരങ്ങൾ—ഈ വർഷം പരീക്ഷയിൽ ജയിക്കുമെന്നു ഞാൻ തീർച്ചപ്പെടുത്തി. എന്നാൽ പഴയ സാമാനങ്ങളും അദ്ധ്യാപകന്മാരും ഒഴിയാബാധയായി കണ്ടപ്പോൾ മനസ്സു മടുക്കാതിരുന്നില്ല. ചില കസാലകളുടെ കാലുകളെല്ലാമില്ല. ഇരിപ്പിടം പകുതികീറിയും ചാരുന്നിടം മെഴുക്കും അഴുക്കും കട്ടിയായിപ്പിടിച്ചു അലങ്കോലപ്പെട്ടും കിടന്നിരുന്നു. എപ്പോഴും മുറുക്കിച്ചുവച്ചുകൊണ്ടിരുന്ന 'ഡ്രിൽമാസ്റ്റ'റും ഒരിക്കലും അലക്കിയ മുണ്ടുടുക്കാത്ത സംസ്കൃതമുൻഷിയും ആദ്യത്തെ ആറുദിവസവും പഠിച്ചുകിടക്കുന്ന മലയാളംമുൻഷിയും, ശിപായി കുഞ്ഞൻപിള്ളയും വന്നുകയറിയപ്പോൾ പുതിയ കെട്ടിടംകൊണ്ടു വലിയ ഫലമൊന്നുമില്ലെന്നുതോന്നി.

എന്തായാലും ഉൽഘാടനദിവസം അഘോരാത്രം ഞങ്ങൾ ആഹ്ലാദിച്ചുതന്നെ കഴിച്ചു. പലനാളായി പരിശീലനം നടത്തിവന്ന നാടകം അന്നുരാത്രി അഭിനയിക്കാനമെന്നായിരുന്നു നിശ്ചയം. 'വെനീസ്സിലെ വ്യാപാരി' എന്ന ഷേക്സ്പീയർനാടകത്തെ ലെ'കോടതിവിസ്താരരംഗം' ആണ് അഭിനയത്തിനു തിരഞ്ഞെടുത്തതു്. പാശ്ചാത്യരീതിയിലുള്ള വേഷങ്ങൾക്ക വേണ്ട ഉടുപ്പുകെട്ടു് നിർവഹിക്കാൻ വളരെ ബുദ്ധിമുട്ട്; 'ചട്ടക്കാ'രുടെ വീടുകൾ തെണ്ടിത്തിരിഞ്ഞു് ഏതാനും കാല്ശരായികളും, പാപ്പാസുകളും ഒരു തൊപ്പിയും കരസ്ഥമാക്കി. 'ഷൈൻഡർലൂ'ന്റെ സഹായത്താൽ 'ഷൈലക്കി'നു വേണ്ടതെല്ലാം കിട്ടി. അണിയറയിലെ കോലാഹലമൊന്നും പറയാനില്ല. അവനവൻ മോടിപിടിപ്പിക്കണം എന്ന ഏകവിചാരമേ നടന്മാർക്കുണ്ടായിരുന്നുള്ളൂ. സ്നേഹിതനായ ചട്ടക്കാരൻ കൊടുത്ത തൊപ്പി 'ബസ്സാനിയോ'വിനു വേണമെന്നു നിർബന്ധം. വണിക്പ്രധാനിയായ 'ആന്റോണിയ' തൊപ്പികൂടാതെ രംഗപ്രവേശം ചെയ്യുന്നതെങ്ങനെ? ആ നിർഭാഗ്യനായ നടൻ ഞാൻതന്നെ ആയിരുന്നു. സ്റ്റേജ്മാനേജരായിരുന്ന—സാർ നിർബന്ധിച്ചിട്ടും ബസ്സാനിയോ തൊപ്പി തന്നില്ല. ഒടുവിൽ ഈശ്വരപിള്ളസ്സാറിന്റെ കല്പന കൊണ്ടു വഴങ്ങിയില്ല. എല്ലാവരും രംഗപ്രവേശം ചെയ്തു. 'ബസ്സാനിയോ' മുണ്ടുവരെ നായി മുണ്ടിപ്പിടിച്ചു നിന്നതേയുള്ളൂ. 'അന്റോണിയോ'വിന്റെ അവസാനവാക്കുകൾ, അതായതു്, പോർഷ്യയോടു തന്നെപ്പററി സബ്ബാസ്സാനോ സംസാരിക്കണമെന്നുള്ള പ്രാർത്ഥന കേട്ടപ്പോൾ 'തൊപ്പി തന്നാൽ പറയാം' എന്നായിരുന്നു ബസ്സാനിയോവിന്റെ മറുപടി. ഇങ്ങനെതന്നെ ആയിരിക്കും നാടകത്തിലും എന്നു സദസ്യരിൽ ഭൂരിപക്ഷവും വിശ്വസിച്ചിരിക്കണം. ഈശ്വരപിള്ളസ്സാറു മുതലായ അഭിജ്ഞന്മാർ പല്ലുകടിക്കയല്ലാതെ ഗത്യന്തരമില്ലായിരുന്നു.

നാടകം കഴിഞ്ഞു് എല്ലാവരും പിരിഞ്ഞിട്ടും നടന്മാർ വേഷമഴിക്കാൻ ഭാവമില്ല. ആയുസ്സിലാദ്യമായിട്ടാണല്ലോ പാശ്ചാത്യവേഷം ധരിച്ചതു്. ആ ഡ്രസ്സിൽ തന്നെ പാതിരാത്രിവരെ ടൌണിൽ ചുററിത്തിരിയുകയാണ് ഞങ്ങൾ ചെയ്തതു്. കാപ്പിക്കടകളിൽ സ്വച്ഛന്ദം കയറിയിറങ്ങി. ഒരു കാശും കൊടുക്കേണ്ടിവന്നില്ല. ചിലർ കതകടച്ചുകളഞ്ഞു എന്നുമാത്രം. നടക്കുമ്പോൾ ബൂട്സ്തട്ടിയുള്ള ശബ്ദവും ഇംഗ്ലീഷിൽ കടുവാക്കലും മട്ടും ഭാവവും എല്ലാംകൂടി വഴിനീളെ ഒരു ബഹളമായിരുന്നു എന്നുതന്നെ പറയാം. പട്ടികളും കുരച്ചുകൊണ്ടുപിൻതുടർന്നു. ഒടുവിൽ ഞങ്ങൾ എല്ലാവരുംകൂടി 'ബസ്സാനിയോ' നടന്റെ വീട്ടിൽകയറി. തൊപ്പി അയാളുടെ തലയിൽ നേരത്തേ സ്ഥലം പിടിച്ചിരുന്നു. ഞങ്ങൾ 'ഡ്രസ്സി'ൽത്തന്നെ കിടന്നുറങ്ങിയപ്പോൾ തൊപ്പി ഉരുണ്ടുവരുമെന്നു വിചാരിച്ചു അയാൾ ഇരുന്നുറങ്ങി.

പിറേറന്നു സമ്മാനദാനമായിരുന്നു. മത്സരവള്ളംകളിക്കുള്ള സമ്മാനംവാങ്ങാൻ ഞാനും ജി. കെ. നായരും മററുകളും സന്നദ്ധരാക്കി പ്ലാററ്ഫാറത്തിനരികേ സ്ഥലംപിടിച്ചിരുന്നു. പക്ഷെ 'ഈശ്വര' നിശ്ചയം മാററാൻ സാധിക്കുമോ? നായ്യാരസാറ പററിച്ച പണിയാണു്. ചേന്നമംഗലം—പണിക്കർക്കും, അഹമ്മദുകുഞ്ഞുവിനും ആണ് സമ്മാനം നൽകിയതു്. 'അന്റോണിയോ'വിനു ഒരു സമ്മാനം കിട്ടേണ്ടതായിരുന്നു. പക്ഷെ തൊപ്പിവഴക്കിൽ അതും പൊയ്പ്പോയി. ഒടുവിൽ 'പോർഷ്യ'യ്ക്കുള്ള ഒരു സമ്മാനം മാത്രം കിട്ടി. ആ പുസ്തകം ഞാനിന്നും സ്മാരകമായി സൂക്ഷിക്കുന്നുണ്ട്.

ഇങ്ങനെ ഈ പുതിയ സ്കൂൾമന്ദിരത്തിൽ ആദ്യമായി പഠിക്കുവാനുള്ള യോഗം ഞങ്ങൾക്കാണ് സിദ്ധിച്ചതു്. അതിനു പ്രധാനകാരണഭൂതനായ ഈശ്വരപിള്ളസ്സാറിന്റെ ഒരു ഛായാപടം എഴുതിക്കുന്നതിനു് ഞങ്ങൾ പണപ്പിരിവുനടത്തി. എന്നാൽ ആ ഗുരുവരന്റെ സാന്നിദ്ധ്യത്തിൽ അതു പാടില്ലെന്നു ശാഠ്യം തൽക്കാലം നിർത്തിവയ്ക്കേണ്ടിവന്നു. അധികകാലം കഴിയുംമുമ്പു അദ്ദേഹം ഇൻസ്പെക്ടറായി പോയപ്പോൾ വിദ്യാർത്ഥികളുടെ മനോരഥം സാധിച്ചതായി എനിക്കറിയാം. പിന്നീടു എത്രയോ ഹെഡ്മാസ്റ്റരന്മാർ വരികയും പോകയും ചെയ്തു! എത്ര വിദ്യാർത്ഥികൾ സ്കൂളിനു അഭിമാനം വരുത്തി? അന്നു പന്ത്രണ്ടുവയസ്സുമാത്രം പ്രായമായിരുന്ന മി. നാരായണപിള്ള ഇന്നിപ്പോളിതാ 'അൻപത്തഞ്ചിൽ' പെട്ടു ഹെഡ്മാസ്റ്റർ പദത്തിൽനിന്നു പെൻഷൻപററി പിരിയുവാൻ പോകുന്നതായി അറിയുന്നു.

—o—

(ഒൻപതാംപേജിൽനിന്നും തുടർച്ച)

9) ഫെഡറൽസൈന്യത്തിന്റെ നിയന്ത്രണം.

10) വാർഷികബഡ്ജററ നിർമ്മിക്കുക, രാഷ്ട്രത്തിന്റെ കണക്കുകൾ ശരിവയ്ക്കുക, ഇവ ങ്ങളെ അധികാരപ്പെടുത്തിക്കൊണ്ടുള്ള ശാസനങ്ങൾ ഉണ്ടാക്കുക.

11) ഫെഡറൽഭരണത്തിന്റേയും, കോടതികളുടേയും സാമാന്യമായ മേൽനോട്ടം.

12) ഭരണവിഷയകമായ തർക്കങ്ങളിൽ ഫെഡറൽകൌൺസിൽ ചെയ്യുന്ന തീരുമാനത്തിന്മേൽ ഉള്ള അപ്പീലുകൾ.

13) ഫെഡറൽ അധികാരസ്ഥാനങ്ങൾ തമ്മിലുള്ള അധികാരപരിധിസംബന്ധമായ തർക്കങ്ങൾ.

14) ഫെഡറൽ ഭരണഘടനയുടെ പുനഃപരിശോധന.

സ്വിററ്സർലണ്ടിലെ അസംബ്ലി നിശ്ചയിക്കുന്നതായ ദിവസം രണ്ടു മണ്ഡലങ്ങളും ആണ്ടിൽ ഒരുതവണ സമ്മേളിക്കുന്നു. അസാധാരണ സമ്മേളനങ്ങൾ ഫെഡറൽ കൌൺസിലിന്റേയോ, അംഗങ്ങളുടെ നാലിൽ ഒരുഭാഗത്തിന്റേയോ അഞ്ചു ക്യാൻറൺകളുടേയോ ആവശ്യപ്രകാരം വിളിച്ചുകൂട്ടപ്പെടുന്നു. സഭകളുടെ സാധുവായ കാര്യവിചാരപ്രവർത്തനത്തിനു ആകെയുള്ള അംഗങ്ങളിൽ ഭൂരിപക്ഷത്തിന്റെ സാന്നിദ്ധ്യം ഉണ്ടായിരിക്കണം. വോട്ടുചെയ്യുന്നവരുടെ അസന്ദിഗ്ദ്ധമായ ഭൂരിപക്ഷം അനുസരിച്ചാണ് പ്രശ്നങ്ങൾ തീരുമാനിക്കപ്പെടുന്നതു്. ഫെഡറൽനിയമങ്ങൾ, ശാസനങ്ങൾ, അടിയന്തിര നിർദ്ദേശങ്ങൾ എന്നിവ രണ്ടു മണ്ഡലങ്ങളുടെയും സമ്മതമനുസരിച്ചു മാത്രമേ ഉണ്ടാക്കപ്പെടാവൂ. മുപ്പതിനായിരം ആളുകളോ എട്ടു ക്യാൻറണോ ആവശ്യപ്പെടുന്നപക്ഷം ഫെഡറൽനിയമങ്ങളെ ജനഹിതപരിശോധനയ്ക്കായി സമർപ്പിക്കണം. സാമാന്യബാധകമായതും, അത്യാവശ്യമല്ലാത്തതുമായ ശാസനങ്ങളേയും ആവശ്യപ്പെടുന്നപക്ഷം അങ്ങിനെ സമർപ്പിക്കേണ്ടതാണ്. അതുപോലെതന്നെ അന്താരാഷ്ട്രീയമായ സന്ധികൾ കാലക്ലിപ്തിയില്ലാത്തവയോ പതിനഞ്ചുവർഷത്തെ കാലാവധിയിൽ കൂടുതലുള്ളവയോ ആണെങ്കിൽ മുൻപറഞ്ഞവിധം ജനങ്ങളോ ക്യാൻറണുകളോ ആവശ്യപ്പെടുന്നപക്ഷം സ്വീകരണത്തിനോ തിരസ്കരണത്തിനോവേണ്ടി ജനഹിതപരിശോധനയ്ക്കായി സമർപ്പിക്കണം.

ജനഹിതവോട്ടിങ്ങുകൾ നടത്തുന്ന രീതികളേയും കാലത്തേയും മററും പററിയുള്ള നിയമങ്ങൾ ഫെഡറൽനിയമനിർമ്മാണപ്രകാരം വ്യവസ്ഥപ്പെടുത്തുന്നതാണ്. നിർദ്ദേശങ്ങൾ ക്രമാനുസരണം രണ്ടു മണ്ഡലങ്ങളിലേയും അംഗങ്ങൾ വോട്ടുചെയ്യുന്നു.

രണ്ടു മണ്ഡലങ്ങളും പ്രത്യേകം പ്രത്യേകം സമ്മേളിക്കുന്നു. എന്നാൽ ഫെഡറൽകൌൺസിൽ, ഫെഡറൽ ന്യായാസനം, ചാൻസ്ലർ, പ്രധാന സേനാനായകൻ എന്നിവരുടെ തിരഞ്ഞെടുപ്പ്, മാപ്പുനൽകൽ, അധികാരപരിധിതർക്കങ്ങളുടെ നിർണ്ണയം എന്നീ പ്രശ്നങ്ങളെസംബന്ധിച്ചു രണ്ടു മണ്ഡലങ്ങളുടേയും സംയുക്തസമ്മേളനം നാഷണൽകൌൺസിൽ അദ്ധ്യക്ഷന്റെ അദ്ധ്യക്ഷതയിൽ കൂടുന്നതും വോട്ടുചെയ്യുന്നവരുടെ ഭൂരിപക്ഷപ്രകാരം തീരുമാനങ്ങൾ ചെയ്യുന്നതുമാണ്. രണ്ടു മണ്ഡലങ്ങളിലും നിയമങ്ങൾ, ശാസനങ്ങൾ, ഭരണഘടനാഭേദഗതികൾ എന്നിവ അവതരിപ്പിക്കാവുന്നതാണ്. ഏതൊരംഗത്തിനും അതിനുള്ള അവകാശവും ഉണ്ട്. എഴുത്തുകളുംമററും പ്രൊപ്പോസൽ കാണുന്ന ഈ അവകാശത്തെ പ്രയോഗിക്കാവുന്നതാണ്. സമ്മേളനങ്ങൾ സാധാരണയായി പരസ്യമായിട്ടുള്ളവയാണ്.

(തുടരും)

—o—

## യു. പി. ദേശീയ സന്നദ്ധസൈന്യം

ലക്നൌ ജൂൺ—16 - യു. പി. ദേശീയസന്നദ്ധസൈന്യത്തിലേക്ക 12,00,000 ഭടന്മാരെ ശേഖരിക്കുവാൻ ഗവൺമെന്റ ഒരു പദ്ധതി തയാറാക്കിട്ടുണ്ടെന്നും 230 ക്യാമ്പുകളിലായി 22,000 ഭടന്മാർക്കു ഇപ്പോൾ പരിശീലനം നൽകിവരുന്നുവെന്നും യു. പി. പ്രധാനമന്ത്രിയുടെ പാർലിമെൻററി സെക്രട്ടറി മി. ജഗൽപ്രസാദ് പ്രസ്താവിച്ചിരിക്കുന്നു. പരിശീലനം സിദ്ധിച്ചഭടന്മാരെ യു. പി. യിലെ എല്ലാ ഗ്രാമങ്ങളിലും നിയോഗിച്ചയയ്ക്കുന്നതും അവർ ഗ്രാമീയരക്ഷാദളങ്ങൾ രൂപവൽക്കരിക്കുന്നതുമാണ്. (യു-പി)

—o—

സിനിമാപംക്തി

# ചലനചിത്രനിർമ്മിതിയിൽ ഒരു പുതിയ അദ്ധ്യായം!

## ഗന്ധങ്ങൾ പ്രസരിപ്പിക്കുന്ന ചലനചിത്രങ്ങൾ!

ബാലൻ

സിനിമ കണ്ടിട്ടില്ലാത്തവരായോ, അതേപ്പററി കേട്ടിട്ടില്ലാത്തവരായോ ഈ കാലത്തു ആരുംതന്നെ ഉണ്ടായിരിക്കയില്ല. ഇതംപ്രഥമമായി ചലനചിത്രങ്ങൾ പ്രദർശിപ്പിച്ചുതുടങ്ങിയപ്പോൾ ആളുകൾ അത്ഭുതപരതന്ത്രരായി അതിനെ വീക്ഷിച്ചുതുടങ്ങി. ഇന്നു കേവലം ഗ്രാമപ്രദേശങ്ങളിൽപോലും സിനിമാശാലകൾ സാർവത്രികമായി തീർന്നിട്ടുണ്ട്. മനുഷ്യന്റെ സാംസ്കാരികപുരോഗതിയിൽ സിനിമാപ്രസ്ഥാനത്തിനു ഒരു വലിയ പങ്കുണ്ട്. അങ്ങനെ സിനിമ നമ്മുടെ കലാഭിരുചിയുമായി വളരെ അടുത്തു കഴിഞ്ഞിട്ടുണ്ട്. മുതലാളിയും തൊഴിലാളിയും ഉദ്യോഗസ്ഥനും വിദ്യാർത്ഥിയും, ധനികനും, എന്നുവേണ്ട കേവലം യാചകബാലന്മാർവരെ സിനിമാപ്രദർശനംകണ്ടു തങ്ങളിൽ സ്ഥിതിചെയ്യുന്ന കലാസ്വാദനത്തിനു വേണ്ടിയുള്ള ദാഹത്തിനു ശമനംവരുത്തുന്നു.

ഈ സിനിമാപ്രസ്ഥാനം നാൾക്കുനാൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. ആദ്യകാലങ്ങളിൽ കേവലം മൂകങ്ങളായ ചലനചിത്രങ്ങളായിരുന്നു ഉണ്ടായിരുന്നതു്. ഒരു പരിവർത്തനത്തോടുകൂടി സംസാരിക്കുന്ന ചിത്രങ്ങൾ സർവ്വസാധാരണങ്ങളായി. പക്ഷേ പഴയ പഴയ ചിത്രങ്ങൾ ഇന്നു പ്രേക്ഷകർക്കു അരോചകങ്ങളായി തീർന്നിരിക്കുകയാണ്. അത്രമാത്രം വിപ്ലവാത്മകമായ വ്യതിയാനങ്ങൾ ചലച്ചിത്രനിർമ്മിതിയിൽ വന്നുചേർന്നിട്ടുണ്ട്.

ടാക്കിചിത്രങ്ങൾ സുലഭങ്ങളായി എങ്കിലും അവയിലും ചില അപൂർണ്ണതകൾ ഉണ്ടായിരുന്നു. വെള്ളിത്തിരയിൽ പ്രത്യക്ഷപ്പെടുന്ന നിഴലുകൾക്കു ഹേതുഭൂതരായ വ്യക്തികളും, രംഗസംവിധാനങ്ങളും എത്രമാത്രം വർണ്ണവൈചിത്ര്യത്തോടുകൂടിയതായിരുന്നാലും, വർണ്ണങ്ങളിലുള്ള ആ വൈവിദ്ധ്യങ്ങൾ നമുക്കു വ്യക്തമല്ലായിരുന്നു. കളർചിത്രങ്ങളുടെ ആഗമനത്തോടുകൂടി ആ കുറവും ഏതാണ്ടു പരിഹരിക്കപ്പെട്ടു.

ഇവിടെയും സിനിമാ പരിപൂർണ്ണതയിൽ എത്തിയിരുന്നില്ല. ശാസ്ത്രജ്ഞന്മാരുടെ മസ്തിഷ്കമണ്ഡലം ഏതദ്വിഷയകമായി പ്രവർത്തനങ്ങളും പരീക്ഷണങ്ങളും ചെയ്തുകൊണ്ടേ ഇരിക്കുന്നു. അടുത്ത അവരുടെ ശ്രമം ഗന്ധമുള്ള ചിത്രങ്ങൾ നിർമ്മിക്കുന്നതിലാണ്! വിവിധരീതിയിലുള്ള അനേകം കുസുമങ്ങൾ വിരിഞ്ഞുവിലസുന്ന ഒരുദ്യാനത്തിന്റെ ചിത്രം നാം വെള്ളിത്തിരയിൽ ദർശിക്കുന്നു എന്നു വിചാരിക്കുക. ഇളംകാററിലാടി നമ്മുടെ മനംകവരുന്ന ആ സൌന്ദര്യശലാകകൾ സജീവങ്ങളായിരുന്നെങ്കിലെന്നു നമ്മുടെ സൌന്ദര്യാസ്വാദനാസക്തമായ ഹൃദയം അറിയാതെ ആഗ്രഹിച്ചുപോകും. എങ്കിൽ അവകൾ ആ പരിസരത്തെ പരിമളപൂരിതമാക്കുമായിരുന്നില്ലേ? നിശ്ചയമായും അതൊരു കുറവല്ലേ? ശാസ്ത്രകാരന്റെ കൂർമ്മബുദ്ധി അതിനെപ്പററി ആരായുവാൻതുടങ്ങി.

ഹാ! അത്യത്ഭുതകരമായ ഒരു വിജയത്തിന്റെ അരുണോദയം കണ്ടുകഴിഞ്ഞിരിക്കുന്നു. ലോകത്തിനു് അത്യാസന്നമായ ഒരു ഭാവിയിൽ മണക്കുന്ന ചലനചിത്രങ്ങൾ കണ്ടു് ആസ്വദിക്കുന്നതിനിടയാകും. സിനിമാവ്യവസായത്തിൽ മുൻപന്തിയിൽ സ്ഥിതിചെയ്യുന്ന അമേരിക്കയിൽതന്നെ ഈ ശ്രമവും ആരംഭിച്ചിരിക്കുന്നു. അമേരിക്കയിലെ ഒരു പ്രസിദ്ധ രസതന്ത്രജ്ഞനായ ജോർജ്ജ് പൊണിയൻ (George Ponion) അതിനുള്ള പന്ഥാവുകൾ വെട്ടിത്തുറന്നുകഴിഞ്ഞു. ഏതാനും കൊല്ലങ്ങളായി ഇദ്ദേഹം വടക്കേഡക്കോട്ടാ (North Dekota) യിലുള്ള തന്റെ രസതന്ത്രശാലയിൽ ഇതേപ്പററി പരീക്ഷണങ്ങൾ നടത്തുകയും, പഠനം നടത്തുകയും ചെയ്തുവരികയാണ്.

മി. പൊണിയൻ ഏഴുഭാഗങ്ങളുള്ള ഒരു ടാങ്ക് നിർമ്മിച്ചു. അതിന്റെ ആറുഭാഗങ്ങളിലും വിവിധരീതിയിലുള്ള ഗന്ധങ്ങൾ നിറച്ചിരിക്കുന്നു: ഏഴാമത്തേതിലാകട്ടെ ഒരു പുതിയ ഗന്ധം, പുറപ്പെടുവിക്കുന്നതിനു മുമ്പായി അവസാനം ഉപയോഗിച്ച ഗന്ധത്തെ നിർമ്മാർജ്ജനം ചെയ്യുന്നതിനു് ശക്തിയുള്ള ഒരു സാധനം നിറച്ചുവച്ചിരിക്കയാണ്.

അതിവേഗത്തിൽ, രംഗങ്ങൾക്കനുഗുണമായി ഗന്ധങ്ങളും ക്രമീകരിക്കുന്നതു് പ്രയാസമുള്ള ഒരു കാര്യമായി പൊണിയൻ അഭിപ്രായപ്പെടുന്നു. പക്ഷേ ആ പ്രയാസത്തെയും അതിജീവിച്ചു് തന്റെ ശ്രമം ലക്ഷ്യത്തിലെത്തിച്ചേരുമെന്നു് അദ്ദേഹം വിശ്വസിക്കുന്നു. സാൻഫ്രാൻസിസ്കോവിൽ ഗ്രാൻറ് സ്ട്രീററിൽ തന്റെ ഗന്ധമുള്ള ചിത്രങ്ങൾ പ്രദർശിപ്പിക്കുന്നതിനുള്ള ഉപകരണങ്ങൾ സജ്ജീകരിച്ചിട്ടുള്ള ഒരു തീയേറററ് പൊണിയൻ സ്ഥാപിച്ചിട്ടുണ്ട്.

സമുദ്രചിത്രങ്ങൾക്കു് അദ്ദേഹത്തിനു് കടലിലെ വായുവിന്റെ മണം വ്യാപരിപ്പിക്കുന്നതിനു് കഴിഞ്ഞിട്ടുണ്ട്. അതുപോലെ ഉദ്യാനങ്ങളിലെ വിവിധജാതിയിലുള്ള കുസുമങ്ങൾക്കു് തദനുസരണങ്ങളായ ഗന്ധങ്ങൾ നൽകുന്നതിനും അദ്ദേഹത്തിനു് കഴിഞ്ഞിട്ടുണ്ട്. ഓരോ രംഗങ്ങൾക്കും സാധാരണമായ ഒരു ഗന്ധം ഉത്പാദിപ്പിക്കുവാൻ കഴിയും.

ഈ ശ്രമത്തിൽ സ്വിററ്സർലണ്ടുകാരായ ഹാൻസ്, ഇ ലാബി, റോബർട്ടുബാത്തു് Hans E Laub, Robert Barth എന്നി വിദഗ്ദ്ധഎൻജിനിയറന്മാർ കുറേക്കൂടി വിജയികളായിട്ടുണ്ട്. അവർ ദൃശ്യങ്ങൾക്കനുഗുണമായുള്ള ഗന്ധങ്ങളോടുകൂടി ഒരു ചിത്രം നിർമ്മിക്കുകയുണ്ടായി. നാല്പതു മിനിട്ടുനേരം നീണ്ടുനിൽക്കുന്ന ആ ചിത്രത്തിന്റെ പ്രദർശനോപകരണങ്ങളോടു അനുബന്ധിച്ചു ഗന്ധഭണ്ഡാഗാരികളായ ഉപകരണങ്ങൾകൂടി അവർ ഘടിപ്പിച്ചിരിക്കുന്നു. റോസ്, താമര തുടങ്ങിയ പുഷ്പങ്ങളുടെ ചിത്രങ്ങൾ പ്രദർശിപ്പിക്കുമ്പോൾ തദനുസരണമായ ഗന്ധങ്ങളും പ്രസരിപ്പിക്കുന്നു. ഒരു നടൻ ഒരു രംഗത്തു് പ്രവേശിക്കുമ്പോൾ തദനുസരണമായ ഗന്ധം നമുക്കനുഭവപ്പെടുന്നു.

ഏററവും സമീപഭാവിയിൽ ഈ ശ്രമം വിജയംകൈവരിക്കുകതന്നെ ചെയ്യുമെന്നു് നമുക്കു് പ്രതീക്ഷിക്കാം.

—०—



ജൂൺ ൧൬-ാംനു ദേശബന്ധു ശ്രീ. സി. ആർ. ദാസിന്റെ ൨൩-ാമത്തെ ചരമവാർഷികം സ്വാതന്ത്ര്യഭാരതം അഭിമാനപൂർവ്വം ആഘോഷിച്ചിരിക്കുന്നു.

(രണ്ടാംപേജിൽനിന്നും തുടർച്ച)

ർണ്ണയിക്കാൻ സാധിക്കാത്ത ഗണിതനിർണ്ണയം എങ്ങനെയാണു് സ്വീകാര്യമായിട്ടുള്ളതു്?" എന്നു്. ഗണിതനിർണ്ണയപ്രകാരം മേടം ൧൧-ാംനു-യിലെ ചന്ദ്രഗ്രഹണത്തെപ്പററി പറഞ്ഞിട്ടുള്ളതു നോക്കുക:—'മേടം ൧൧-ാംനു ഒരു ചന്ദ്രഗ്രഹണമുള്ളതിന്റെ പരമഗ്രാസം ചന്ദ്രബിംബത്തിന്റെ ൧൬-ൽ ഒരുഭാഗത്തിൽ കുറവാകയാൽ അദൃശ്യവും അനാചരണീയവുമാകുന്നു

'ഗ്രാസേബിംബദിനാംശതോല്പകതരേ
വാജ്യം ന സൂര്യഗ്രഹഃ
ഗ്രാസേ ഷോഡശഭാഗതഃ ശിശിരഗോ-
രല്പേ ന വർജ്ജ്യോഗ്രഹഃ'

എന്നുള്ള പ്രമാണത്തെ ആധാരമാക്കിയാണു് ഈ പ്രസ്താവന ചെയ്തിരിക്കുന്നതു്. അതുകൊണ്ടു് ഗ്രാസം ൧൬-ൽ ൧-ൽ കൂടതലുണ്ടെങ്കിൽ മാത്രമേ ഗണിതനിർണ്ണയാഭിപ്രായം മറിച്ചാകയുള്ളു. വാസ്തവത്തിൽ മേടം ൧൧-ാംനു-യിലെ ചന്ദ്രഗ്രഹണം കാർമേഘങ്ങളാൽ ദൃശ്യമല്ലാതിരുന്നതുകൊണ്ടു് അതിന്റെ ഗ്രാസാദികളെക്കുറിച്ചു പരിശോധിക്കുവാനും സാദ്ധ്യമായിരുന്നില്ല.

എന്നാൽ മേടം ൨൭-ാംനു-യിലെ സൂര്യഗ്രഹണം ശരിയായിരിക്കയും ദൃഗ്ഗണിതമനുസരിച്ചു ഫലം മിനിട്ടു വ്യത്യാസപ്പെട്ടു കാണപ്പെടുകയും ചെയ്തിട്ടു അതേപ്പററി മി: പര[illegible]പിള്ള ഒന്നും പറയുന്നില്ല. ഗ[illegible]നിർണ്ണയത്തെ എങ്ങനെയെങ്കിലും കുററപ്പെടുത്തണമെന്നുള്ളതിൽ കവിഞ്ഞു മി: പരമേശ്വരൻപിള്ളയ്ക്കു യാതൊരുദ്ദേശവുമില്ലെന്നു തോന്നുന്നു.

[മി: നല്ലൂർപരമേശ്വരൻപിള്ളയുടെ അഭിപ്രായത്തെ എതിർത്തു പല വിദഗ്ദ്ധലേഖനങ്ങളും ഇവിടെ കിട്ടിയിട്ടുണ്ട്. വാരികയുടെ സ്ഥലപരിമിതികൊണ്ടു ആ സഹായഹസ്തങ്ങൾക്കു കൃതജ്ഞത പ്രദർശിപ്പിക്കുന്നതിനേ സാധിക്കുന്നുള്ളു.]

(മ. രാ. പ.)

—०—

## രാജഘട്ടിൽ ഗാന്ധി ദേശീയസ്മാരകം

ന്യൂഡൽഹി ജൂൺ 15—രാജഘട്ടിൽ മഹാത്മഗാന്ധി സ്മാരകം നിർമ്മിക്കുന്നതിനായി 9 ഏക്കർസ്ഥലം ഇൻഡ്യാഗവണ്മെൻറു വിട്ടുകൊടുത്തിരിക്കുന്നു. ഗാന്ധിജിയുടെ മൃതശരീരം ദഹിപ്പിച്ചസ്ഥാനത്തു ഗവണ്മെൻറു ചിലവിൽ ഒരു കാൺക്രീററു തറകെട്ടുകയും ഇൻഡ്യൻ ദേശീയപതാക നാട്ടുകയും ചെയ്തിട്ടുണ്ട്. ആ സ്ഥലത്തേക്കു ഒരു പുതിയ റോഡും നിർമ്മിച്ചിരിക്കുന്നു. (യു-പി-ഐ)

—०—

# ഗാന്ധിജിയുടെ ദുരന്തഗീത

ലേഡീവിദ്വാൻ, മുതുകുളം പാർവ്വതിഅമ്മ

വൃന്ദത്തു എന്തുടമഹോ! പിളരും വിധത്തിൽ-
പൊന്തിപ്പരന്നു പതറും ദയനീയനാദം
എത്തുച്ചരാഷ്ട്രധാനിയിൽ നിന്നിടറും സ്വരത്തി-
ലന്തിക്ഷയത്തൊന്നൊഴുകമീ യപശബ്ദവീചി.

'ഹാ! ഗാന്ധിജിക്കു' ചെവിപാർത്തൊരു മാത്രവിശ്വം
ശോകത്തിനാൽ പവനനും ഝട! വീർപ്പുമുട്ടി
വൈകാതെകേട്ടു 'ചതിയാൽ മരണം ഭവിച്ചോ'-
രേകാന്തദാരുണ സുദുസ്സഹ ഖേദവാർത്ത-

'അയ്യോ! ചതിച്ചുവിധി'യെന്നു തലയ്ക്കുതല്ലി-
മെയ്യും മറന്നു മതികെട്ടു തളർന്നൂഴന്നു.
'വയ്യേ! സഹിപ്പതിനു ബാപ്പുജി പോയതെന്നു-
പൊയ്യല്ലചൊല്ലി മറ്റുള്ളവരാകെമാഴ്കി.

പെട്ടെന്നുഞെട്ടിയിതുകേട്ടു പലർമുഖത്തും
പൊട്ടിത്തകർന്നു; ചിലർനിന്നനിലയ്ക്കുശീഘ്രം
വെട്ടേററവൃക്ഷസമമങ്ങുമറിഞ്ഞുവീണു
കഷ്ടം തകർന്നു പരിപൂർണ്ണവിരാമമിട്ടു.

'ഹാഹാ'രവം ഭുവനസീമപിളർന്നുപൊങ്ങി-
മേഘം വളർത്തിയൊരുമാത്രമുഴങ്ങിയെങ്ങും
സ്നേഹത്തിനായ് ജനിമുഴുവനിലിട്ടു ചെയ്‌കപുണ്യ-
ദേഹത്തെയോർത്തു കരയാത്തവരാരുപാരിൽ.

സാന്ദ്രംമുഴങ്ങു മുകിൽ മൂടുപടംവലിച്ചു-
ണ്ടുദേവിതാൻ വദനമങ്ങു മറച്ചതോർക്കിൽ
ഈ ദുഃഖസംഭവവിചാരനിമിത്തമാകാ-
മാണെന്നു ഹാ! നിയതി ശിഷ്ടവിയോഗലക്ഷ്യം.

ഹാഹാ! മഹാത്മജി! പവിത്രചരിത്ര!ദിവ്യ-
സ്നേഹപ്രവാഹമധു'ഗംഗ'യൊഴുകിച്ചൊരിഞ്ഞു
മാഹാത്മ്യമൻപൊടുപെയ്യ് 'മാനസ'തീർത്ഥവി-
ലാഹന്ത! ദുഷ്ടനൊരുവൻ വെടിവെച്ചുവെന്നോ?

ബ്രഹ്മാണ്ഡമണ്ഡലമഹോ! വിറകൊള്ളുമാറു-
ദുർമ്മന്ത്രവാദവെടിപൊട്ടിയമാത്രയിങ്കൽ;
സന്മാന്യഭാരതധാത്രിയിലുന്നഭാഗ്യ-
കർമ്മപ്രദീപ്തനവതാരവുമസ്തമിച്ചു.

സത്യവ്രതൻ, തവപവിത്രമൊന്നു ചിത്ത-
ക്ഷേത്രം തകർത്തൊരതിഭീഷണമാനിനാദം
ഏതന്തരീക്ഷമുഖരീകൃതമിന്നു ചിത്തം
ചേതിതനന്നു തീർത്തു പറവാനെതാർക്കുമൊക്കും!

ലോകം സമസ്തമൊരുപോലെ പകച്ചുനിന്നു
മൂകസ്വഭാവമൊടു നിശ്ചലമായ്‌ ഗ്രഹങ്ങൾ
ആകാത്ത ദുഷ്ക്രിയകൾക്കഥ ധർമ്മസാക്ഷി
ശോകാന്ധനായ് ചരമസിന്ധുവിൽ വീണുമുങ്ങി.

ചിരകാലമിളർന്നു നെടുവീർപ്പുകൾവിട്ടു കണ്ണീർ-
വാർത്തി പ്രപഞ്ചമഴലാൽ മുറയിട്ടുകേണു
സൌമ്യചന്ദ്രികചൊരിഞ്ഞ ഭവാൻവെടിഞ്ഞ-
ധാത്രീതലം തിമിരപൂരിതമായ് ഭവിച്ചു.

സർവ്വത്തെയും സമനിലയ്ക്കു കനിഞ്ഞുകണ്ട
ഭവ്യൻ ഭവാന്റെ യവിചാരിതമീ വിയോഗം
ദുർവ്വാരതാപമുളവാക്കി ജഗത്തിനാകെ-
ദിവ്യക്കൊഴം സ്ഥിരവിയോഗമസഹ്യമെന്നും.

പൂന്തിങ്കളിൽ ധൃതിയൊഴും തവമേനിയയ്യോ!
ബന്ധുക്കൾശോണിമകലർന്നു നിലംപതിച്ചു
സന്ധ്യക്കു കാന്തി നിഴലിച്ചൊരു ചോരയാറിൽ
നീന്തുന്നകാഴ്ച കരുതാനമശക്യമത്രേ.

പൂവമ്പുമാപോലുമഖിലവാൽ തവ നേർക്കയച്ചോ-
നാവമ്പനാം മദനനും മരുവുന്നപോതിൽ
ഈ വർണ്ണമാംകുസുമ കോമളമെയ്യിലിത്ര
തീവ്രക്ഷതം ഏകയമുള്ളവരാരു ചെയ്‌വു.

അങ്ങീശസന്നിധിയിലോ മുഴർന്നുവാണെന്നാ-
രങ്ങേക്കുഴം പരമപൂജ്യതയെങ്ങുപാർക്കിൽ
എങ്ങീദുരന്തഗതി; ദുർവ്വിധിതൻനിപാത
മെങ്ങേക്കുഹാ! തടയുവാൻ കഴിയുന്നു പാരിൽ.

(തുടരും)

## ൧൬ രാഷ്ട്രങ്ങൾ പ്രമാണം ഒപ്പുവെക്കുന്നു



൧൬ രാഷ്ട്രങ്ങളിൽനിന്നുള്ള പ്രതിനിധികൾ പാരിസ്സിൽ ക്വയ് ഡി ഓർസേയിൽ വെച്ചു നടത്തിയ കോൺഫറൻസിൽ യൂറോപ്യൻ സാമ്പത്തിക ഏകീകരണസംരംഭത്തിന്റെ പ്രമാണത്തിൽ ഒപ്പുവെക്കുകയുണ്ടായി. ബ്രിട്ടന്റെ വിദേശകാര്യമന്ത്രി മി: ഏണസ്റ്റ് ബെവിൻ പ്രമാണത്തിൽ ഒപ്പുവെക്കുന്നതാണു ചിത്രം.

## ആസ്ട്രേലിയൻ ക്രിക്കറ്റ്ടീം ബ്രിട്ടനിൽ



ആസ്ട്രേലിയൻ ക്രിക്കറ്റ്ടീം ബ്രിട്ടനിൽ എത്തിയഉടൻ ഡാൺബ്രാഡ്മാൻ ആസ്ട്രേലിയൻടീമിലെ ലിൻഡ്‌വാളിനെ റേഡിയോമാർഗ്ഗമായും ന്യൂസ്‌റീൽ ക്യാമറാകൾമുഖാന്തിരവും പരിചയപ്പെടുത്തുന്നതാണു ചിത്രം.

(ഒന്നാം പേജിൽനിന്നും തുടർച്ച)

മിതിയിലെ അംഗം, സംഘടനാപ്രവർത്തകൻ, വിവിധ കർമ്മപരിപാടികളുടെ ജനയിതാവ് എന്നീ നിലകളിലെല്ലാം അദ്ദേഹം പ്രശോഭിച്ചുകൊണ്ടിരുന്നു 1937-വരെ അറസ്റ്റ്, ജയിൽജീവിതം, ദേശസേവനം വീണ്ടും അറസ്റ്റ് എന്നീ നിലകളിൽക്കൂടി ആ ജീവിതം മുന്നോട്ടു നീങ്ങി. കോൺഗ്രസ് ഭരണഭാരം ആദ്യമായി കയ്യേറ്റപ്പോൾ മദ്രാസിലെ പ്രധാനമന്ത്രിയാക്കിയതു് രാജഗോപാലാചാരിയെയായിരുന്നു. അദ്ദേഹത്തിന്റെ അന്നത്തെ ഭരണവൈദഗ്ദ്ധ്യത്തെക്കുറിച്ചു ബ്രേൺബറി തുടങ്ങിയ പ്രശസ്തരാജ്യതന്ത്രജ്ഞന്മാർ മുക്തകണ്ഠം പ്രശംസിച്ചിട്ടുണ്ടു്. 22 മാസത്തെ ഭരണത്തിനിടയിൽ വില്പനനികുതി, ഋണനിവാരണപദ്ധതി, കാർഷികാശ്വാസബിൽ മുതലായ പല പരിഷ്കാരങ്ങളും അദ്ദേഹം നടപ്പിലാക്കി. മന്ത്രിയായതിനുശേഷവും കേവലം ഒരു സാധാരണക്കാരനെപ്പോലെയാണു് അദ്ദേഹം ജീവിച്ചിരുന്നതു്. പ്രധാനമന്ത്രിയായിരുന്നപ്പോൾ അദ്ദേഹം സ്വന്തം വസ്ത്രങ്ങൾ സ്വയമായി അലക്കുന്ന ചില ചിത്രങ്ങൾ അന്നത്തെ പത്രങ്ങളിൽ നാം കണ്ടിട്ടുള്ളതും ഓർമ്മിക്കുമല്ലോ!

ബ്രിട്ടീഷ്ഗവൺമെന്റുമായുണ്ടായ അഭിപ്രായഭിന്നതയിൽ കോൺഗ്രസ് മന്ത്രിസഭകൾ രാജി സമർപ്പിച്ചു. തുടർന്നു് നിസ്സഹകരണപ്രസ്ഥാനവും ആരംഭിച്ചു. മുസ്ലിംലീഗും കോൺഗ്രസ്സുമായി സംഘട്ടനങ്ങൾ സംജാതമായി. ഹിന്ദു-മുസ്ലിം മൈത്രി സ്ഥാപിക്കുന്നതിനുവേണ്ടി രാജാജി തന്റെ കഴിവിന്റെ പരമാവധി പ്രയോഗിച്ചു. ചില കാൺഗ്രസ്സ്നേതാക്കന്മാർക്കു് രാജാജിയുടെ നയം സ്വീകാര്യമായി തോന്നിയില്ല. കോൺഗ്രസ്സുമായി അഭിപ്രായഭിന്നതയുണ്ടായതിനെ തുടർന്നു് രാജാജി കോൺഗ്രസിൽനിന്നും രാജികൊടുത്തു് സ്വതന്ത്രപ്രവർത്തനം ആരംഭിച്ചു. പുതുപാളയത്തു് അദ്ദേഹം ഒരു ഗാന്ധിആശ്രമം സ്ഥാപിച്ചു. മദ്യവർജ്ജനം, അയിത്തോച്ചാടനം, ഖദർപ്രചരണം മുതലായ സൃഷ്ടിപരമായ പ്രവർത്തനങ്ങൾ ആരംഭിക്കുകയുണ്ടായി. രാജാജി ഓരോ ഗ്രാമങ്ങളിലും കാൽനടയായി നടന്നുചെന്നു് മദ്യവർജ്ജനത്തെക്കുറിച്ചു് മായാദീപപ്രസംഗങ്ങൾചെയ്തു. മദ്യഷാപ്പുകളുടെ പരിസരങ്ങളിൽ സത്യാഗ്രഹം അനുഷ്ഠിക്കുകയും മദ്യപാനത്തിനു പോകുന്നവരോടു് ആ ദുർവൃത്തിയിൽനിന്നു പിൻതിരിയുന്നതിനു് താണുവീണു് അപേക്ഷിക്കുകയും ചെയ്തിട്ടുണ്ടു്. പലരും അദ്ദേഹത്തെ അധിക്ഷേപിക്കാറുണ്ടായിരുന്നു. ചിലരെല്ലാം അനുമോദിക്കാനും മുതിർന്നു. മദ്യവർജ്ജനം നടപ്പിലാക്കാൻവേണ്ടി അദ്ദേഹം "വിമോചനം" എന്നൊരു പത്രവും നടത്തി. പുതുപാളയത്തിൽനിന്നു് അദ്ദേഹം നാമക്കൽവരെ ഖദറും ചുമന്നുകൊണ്ടുപോയി വില്പനനടത്തിയിട്ടുണ്ടു്. ഖദർ പ്രചരണത്തിനുവേണ്ടി അദ്ദേഹം അനുഷ്ഠിച്ചിട്ടുള്ള ത്യാഗങ്ങൾ അനവധിയാണു്. 75 രൂപാമാത്രം പ്രതിഫലം സ്വീകരിച്ചുകൊണ്ടു് മാനസികമായും ശാരീരികമായും അദ്ദേഹം വിശ്രമം അനുഭവിക്കാതെ പ്രയത്നിച്ചുകൊണ്ടിരുന്നു.

1942 ആഗസ്റ്റിൽ "ക്വിറ്റ്ഇന്ത്യാ" പ്രമേയം സംബന്ധിച്ചുണ്ടായ വിപ്ലവത്തിൽ രാജാജി നിസ്സഹകരിക്കുകതന്നെചെയ്തു. ദ്വിരാഷ്ട്രസിദ്ധാന്തം കോൺഗ്രസ്സ് സ്വീകരിച്ചാലേ ഇന്ത്യയ്ക്കു സ്വാതന്ത്ര്യം ലഭിക്കുകയുള്ളു എന്നു് രാജാജി നിർഭയം അഭിപ്രായപ്പെട്ടു. കോൺഗ്രസ്സ് അഖണ്ഡഭാരതത്തിനുവേണ്ടി തന്നെ അടരാടിക്കൊണ്ടിരുന്നു. കോൺഗ്രസ്സിലെ പല പ്രമുഖ നേതാക്കന്മാരും രാജാജിയെ നിശിതമായി വിമർശിച്ചു. മധുരയിൽവെച്ചു് സി. ആർ. പ്രസംഗിച്ചുകൊണ്ടിരുന്നപ്പോൾ ജനങ്ങൾ അദ്ദേഹത്തിന്റെ നേരെ ചെരിപ്പൂരി എറിഞ്ഞിട്ടുണ്ടു്. നാഗപ്പൂർ സർവ്വകലാശാലയിലെ കാൺവൊക്കേഷൻ പ്രസംഗത്തിനു ചെന്നപ്പോൾ കോഴിമുട്ടകൾ അദ്ദേഹത്തെ സ്വാഗതംചെയ്തു. പക്ഷെ ഏതൊരു പ്രതികൂല പരിതഃസ്ഥിതിയേയും ശാന്തനായി അഭിമുഖീകരിക്കുന്നതിനുള്ള തന്റേടം അദ്ദേഹത്തിനു സ്വായത്തമായി ലഭിച്ചിട്ടുണ്ടു്. അദ്ദേഹം "അക്ഷോഭ്യനായി ഗംഗതന്നിലെ ഹ്രദംപോലെ" നിലകൊള്ളും.

വിനീതജീവിതവും വിശിഷ്ടചിന്തയുമാണു് രാജാജിയുടെ ജീവിതാദർശങ്ങൾ. പാശ്ചാത്യവും പൌരസ്ത്യവുമായ തത്വശാസ്ത്രങ്ങൾ അദ്ദേഹത്തെപ്പോലെ മനസ്സിരുത്തി അഭ്യസിച്ചിട്ടുള്ളവർ ചുരുക്കമാണു്. ഉദ്ദിഷ്ടകാര്യം നേടുന്നതിനുവേണ്ടി എന്തൊരു ക്ലേശവും ത്യാഗവും അഭിമുഖീകരിക്കുന്നതിനു് അദ്ദേഹം സദാസന്നദ്ധനാണു്. രാജാജി നിരുപമനായ ഒരു ധിഷണാസമ്പന്നനാണു്. അദ്ദേഹം ഒരു പ്രഭാഷണമാന്ത്രികനാണെന്നു അഭിപ്രായപ്പെടുന്നതിനു നിവൃത്തിയില്ല. മനഃശാസ്ത്രമറിഞ്ഞു ഫലിതങ്ങൾ പ്രയോഗിക്കുന്നതിൽ അദ്ദേഹം പ്രത്യേകം നിഷ്കർഷചെലുത്താറുണ്ടു്. രാജാജിയുടെ ഫലിതങ്ങൾ കുറിക്കു കൊള്ളുന്നവയാണു്. അദ്ദേഹത്തിന്റെ പ്രസംഗം പലപ്പോഴും ശാന്തവും ആവേശരഹിതവുമായിരിക്കും.

രാജാജി ഉത്തമനായ ഒരു സാഹിത്യകാരനാണു്. തമിഴ്സാഹിത്യത്തിനു് അദ്ദേഹത്തോടുള്ള കടപ്പാടു് അനിഷേധ്യമാണു്. 1914 മുതൽ ഇടക്കാലഗവർമ്മെന്റിലേക്കു ക്ഷണിക്കപ്പെടുന്നതുവരെ അദ്ദേഹം സാഹിത്യസംരംഭങ്ങളിൽ മുഴുകി കഴിയുകയായിരുന്നു. വേദോപനിഷൽഗ്രന്ഥങ്ങളുടേയും ഭഗവൽഗീതയുടേയും വ്യാഖ്യാനങ്ങളും അനവധി ലേഖനങ്ങളും ചെറുകഥകളും അദ്ദേഹം തമിഴ്സാഹിത്യത്തിനു സംഭാവനചെയ്തിട്ടുണ്ടു്. അദ്ദേഹത്തിന്റെ ചെറുകഥകൾ ടോൾസ്റ്റോയിയുടെ കഥകൾപോലെ കലാസുന്ദരമാണു്. സുബ്രഹ്മണ്യഭാരതിയാരുടെ സുപ്രസിദ്ധ തമിഴ്ഗാനങ്ങൾ പലതും അദ്ദേഹം ആംഗലഭാഷയിലേക്കു വിവർത്തനം ചെയ്തു.

1947-ആഗസ്റ്റ് പതിനഞ്ചാംതീയതി ഭാരതം ചിരപ്രതീക്ഷിതമായ സ്വാതന്ത്ര്യം നേടി. രക്തത്തിലും ബാഷ്പത്തിലുംകൂടി ത്യാഗമോഹനമായ മഹായാതനകളിൽകൂടി 'സർവ്വോപരി അപ്രതിമപ്രാഭവനായ ഒരു അർദ്ധനഗ്നൻ ഫക്കിറിന്റെ സത്യവ്രതത്തിലും ശുദ്ധവ്രതത്തിലുംകൂടിയാണു് ഭാരതാംബ സ്വാതന്ത്ര്യസ്വർഗ്ഗം പ്രാപിച്ചതു്. ഭരണാധികാരം ഭാരതീയഹസ്തങ്ങളിലേക്കു് പകർന്നു. മദ്രാസിലെ മന്ത്രിസഭയിലെ പ്രധാനമന്ത്രിയായി രാജാജിയെത്തന്നെ ഇത്തവണയും തിരഞ്ഞെടുക്കണമെന്നു് മഹാത്മജിയും കോൺഗ്രസ്സ് ഹൈക്കമാന്റും അഭിപ്രായപ്പെട്ടു എങ്കിലും പ്രകാശം മന്ത്രിസഭയാണു് അവിടെ രൂപമെടുത്തതു്. പെട്ടെന്നു് പ്രകാശം മന്ത്രിസഭയും തകർന്നു് ഓമന്തൂർ മന്ത്രിസഭ അധികാരത്തിൽ എത്തുകയും ചെയ്തു. പശ്ചിമപഞ്ചാബിലെ ഗവർണ്ണർഉദ്യോഗം നെഹ്റുഗവണ്മെന്റു് രാജാജിക്കുനൽകി. പ്രാരംഭത്തിൽ ശരച്ചന്ദ്രബോസുംമറ്റും ചില പ്രതിഷേധസ്വരം ഉയർത്തിയെങ്കിലും രാജാജി സ്തുത്യർഹമാംവിധം ഗവർണ്ണർഉദ്യോഗം നിർവഹിച്ചു. മൗണ്ട്ബാറ്റൻപ്രഭു എലിസബത്തുരാജകുമാരിയുടെ വിവാഹാഘോഷത്തിൽ സംബന്ധിക്കുവാൻ ഇക്കഴിഞ്ഞ നവംബർ ൧൦-ാംതീയതി ഇന്ത്യ വിട്ടപ്പോഴും ആക്ടിങ്ങ് ഗവർണ്ണർജനറലായി നിയമിക്കപ്പെട്ടതും രാജാജിയെയായിരുന്നു.

ഇന്നിതാ വീണ്ടും ഇന്ത്യൻഡൊമിനിയന്റെ ഗവർണ്ണർജനറലായി രാജാജിയെത്തന്നെ നിയമിച്ചിരിക്കുന്നു. അദ്ദേഹം ആ സ്ഥാനത്തിനു് സർവ്വഥാ അർഹനുമാണു്. മഹാത്മാഗാന്ധിയുടെ ശക്തിയും, പട്ടേലിന്റെ സേവനകുശലതയും രാജൻബാബുവിന്റെ ബുദ്ധിശക്തിയും ഒത്തിണങ്ങികാണുന്നതു് രാജഗോപാലാചാരിയിലാണു്. എഴുപതുവയസ്സ് കഴിഞ്ഞെങ്കിലും അദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾക്കു് നിത്യയുവത്വമുണ്ടു്. പ്രതിനവങ്ങളായ ആശയങ്ങളും ആദർശങ്ങളും അദ്ദേഹത്തിനു് മാർഗ്ഗദർശനംനൽകുന്നു. രാജാജി ചിരകാലം ജീവിച്ചിരുന്നു ഭാരതത്തിന്റെ ഭാഗധേയം നയിക്കട്ടെ

ജയ്ഹിന്ദ്.

—:*:—

## ഇന്ത്യൻയൂണിയനെ അവഗണിച്ച മുസ്ലീങ്ങൾ

— o —

### സി. പി. ഗവണ്മെന്റു പുറത്താക്കി

നാഗപ്പൂർ, ജൂൺ 15—മൂന്നു തഹസീൽദാർമാരും, മൂന്നു അസിസ്റ്റന്റ മെഡിക്കൽ ഓഫീസർമാരും ഒരു സിവിൽ സപ്ലൈസ് ഇൻസ്പെക്ടറും ഒരു റവന്യൂ ഇൻസ്പെക്ടറും ഉൾപ്പെടെ 29 മുസ്ലീം ഉദ്യോഗസ്ഥന്മാരെ ജോലിയിൽനിന്നു പിരിച്ചുവിട്ടുകൊണ്ടു സി. പി. ഗവണ്മെന്റു ഉത്തരവു പുറപ്പെടുവിച്ചിരിക്കുന്നു. ഇൻഡ്യൻയൂണിയനെ അവർ അവഗണിച്ചു എന്നതാണു ഈ നടപടിക്കു കാരണമെന്നറിയുന്നു. (യു-പി)

— o —

Printed and published By N. Chandrasekharan Nair, at the Sree Rama Vilas Press, Quilon.